KOTTAYAM PUBLIC LIBRARY

Call No MF... Acc. No 80715

Author ഇബ്സൻ

Title നാടകങ്ങൾ

KOTTAYAM PUBLIC LIBRARY
KOTTAYAM.

D.M. 34
Vulua

# നാടിന്റെ കഥകൾ

661
KOTTAYAM PUBLIC LIBRARY
KOTTAYAM.
80715

ജോസ് ജെ. ചാലങ്ങാടി

വില - ഒരുരൂപ.

ഒന്നാംപതിപ്പ്

കോപ്പി ആയിരം.

ആലപ്പുഴ ആനന്ദാപ്രസ്സിൽ

അച്ചടിച്ചതു്.

ജൂലായി 1952.



ജോസ് ജെ. ചാലങ്ങാടി.

D.M. 399.

# നാടിന്റെ കഥകൾ

ജോസ് ജെ. ചാലങ്ങാടി

പ്രസാധകർ
അരുണാ ബുക്കസ്റ്റാൾ
ആലപ്പുഴ

ജോസ്. ജെ. ചാലങ്ങാടിയുടെ

കൃതികൾ

MF9
JOS:N

മണൽത്തരികൾ

നാടിൻെറ കഥകൾ

കാമുകിയെത്തേടി

## സഹൃദയരോടു്—

സുന്ദരമായ പുഷ്പങ്ങൾക്കും സുരഭിലമായ മന്ദമാരുതനുംവേണ്ടി; പുഞ്ചിരിക്കുന്ന മുഖകമലങ്ങൾക്കും മാധുര്യമേറിയ സംഭാഷണത്തിനും വേണ്ടി, കാന്തിദയറിയ കാഴ്ചകൾക്കും ശാന്തിതിങ്ങിയ ഹൃദയത്തിനുംവേണ്ടി ഞാൻ നാട്ടിലേക്കു തിരിച്ചു. നിറഞ്ഞ പ്രതീക്ഷകളോടെ.

പക്ഷെ—തുടിക്കുന്ന ഹൃദയങ്ങളിൽനിന്നും ഉതിർന്നു വീണ—വേദനയുടെ കഥകൾ മാത്രമാണു കിട്ടിയതു്. വേദന നിറഞ്ഞ അനേകം ചിത്രങ്ങൾ!

അവയിൽ ചിലതു് ഇതാ—കുത്തിക്കുറിച്ചിരിക്കുന്നു.

സഹൃദയർ സഹർഷം സ്വീകരിച്ച "മണൽത്തരികൾ"ക്കുപിന്നാലെ പുറത്തിറക്കുന്നു. നിങ്ങൾക്കു സ്വീകരിക്കാം.

സ്നേഹപൂർവ്വം,

നിങ്ങളുടെ

—ജോസ്—

# കഥകൾ

ജനകീയ മന്ത്രി

അമ്മയുടെ കണ്ണുകൾ

ആരുടെ കുററം?

പതിമ്മൂന്നേക്കർ

ശങ്കരന്റെ ഒരു ദിവസം

ഒരു രാത്രി

പ്രേമം കരിയുന്നു.

# ജനകീയമന്ത്രി.

അന്ന് പാതിരാബോട്ടാണു കിട്ടിയതു്. പത്തേമാരി പോലെ വലിപ്പമേറിയ ബോട്ട്. യാത്രക്കാർ വളരെയധികം. ആലപ്പുഴ ജട്ടിയിൽനിന്നും ബോട്ടു പാഞ്ഞുതുടങ്ങി. പുന്നമടയും കടന്നു.

ഉഷ്ണം സഹിക്കവെയ്യാ. മേടമാസക്കാലം. എൻെറ കൂടെ പല സ്നേഹിതന്മാരുമുണ്ടു്. ഒരാൾ വിദ്യാർത്ഥി. ഒരാൾ സാഹിത്യകാരൻ. മററൊരാൾ സാഹിത്യ രസികൻ. ഒരു തൊഴിലാളി സഖാവു്. ഒരു "ക്ലാർക്ക്" ഉദ്യോഗസ്ഥൻ. ഒരു ഇടത്തരം വ്യവസായി. പിന്നെയും പലരും.

ഞങ്ങളെല്ലാം നാട്ടിലെ ഓരോതരം വിശേഷങ്ങൾ പറഞ്ഞും കേട്ടും രസിച്ചും നെടുവീർപ്പിട്ടും ഇരിക്കുകയാണു്. വേമ്പനാട്ടു കായലിൻെറ ഭീകരതയെ കുത്തിത്തുരന്നുകൊണ്ടു് ഞങ്ങളുടെ യാനപാത്രം അതിവേഗത്തിൽ പാഞ്ഞുപോയി.

പാതിരാമണലിൻെറ സമീപത്തെത്തി. പരന്നുനീണ്ട മൈതാനത്തിലെ കൊച്ചു കാടുപോലെ പാതിരാമണ

ൽ നിവന്നു നില്ക്കുന്നു. അനേകം കൊങ്കാററിൽപ്പെട്ട വഞ്ചികൾക്കും ബോട്ടുകൾക്കും അഭയം നൽകിയിട്ടുള്ള മുട്ടുപകാരിയായ പാതിരാമണൽ. അവൾ പാതിരാത്രിയുടെ നിശ്ചലതയിൽ ചീവീടുകളുടെ രാഗധ്വനിയാൽ തൻെറ ഹൃദനാദം മുഴക്കുകയാണ്.

അതാ-അവളുടെ സമീപത്ത് ഒരു ബോട്ടു നിശ്ചലമായി കിടക്കുന്നു. എൻജിനുപററിയ തകരാറു നീക്കുവാൻ ബോട്ടുതൊഴിലാളികൾ ചങ്കുതകർക്കുകയാണ്.

ഞങ്ങളുടെ ബോട്ട് നിർദ്ദയം കടന്നുപോകുന്നു. യാത്രക്കാർ ദയനീയമായി വിളിച്ചുകൂകി. ബോട്ടുമാസ്റ്റർ മുകൾത്തട്ടിൽ കയറിനിന്നുകൊണ്ടു കൂകിവിളിച്ചു. ഞങ്ങൾ അടുത്തു.

നാലുമണിക്കൂറായി അവർ തകരാറുപിടിച്ച ബോട്ടുമായി വിശ്രമിക്കുവാൻ തുടങ്ങിയിട്ട്. വെളുപ്പിനുള്ള ട്രെയിൻമാർഗ്ഗം മദ്രാസിലും ബോംബെയിലും എത്തേണ്ടവരുണ്ട്. അടുത്തദിവസം കോടതിയിൽ ഹാജരായി കുടുംബസംബന്ധമായി കേസ്സുകൾ നടത്തേണ്ടവരുണ്ട്. അമ്മയുടെ മരണവാർത്തകേട്ട് ഹൃദയത്തുടിപ്പോടെ ബോട്ടുകയറിയ മക്കളുണ്ട്. രാവിലെ ഹാജരായില്ലെങ്കിൽ ജോലി വാഴച്ചുവട്ടിലാകുന്ന നിരാശ്രയരുണ്ട്. പിന്നെയും പിന്നെയും അനേകം അത്യാവശ്യക്കാർ.

യാത്രക്കാരെല്ലാം ഞങ്ങളുടെ ബോട്ടിൽ തിക്കിക്കയറി. ബോട്ടിലാകപ്പാടെ അസൗകര്യമായി. അവരിലധികവും സ്ത്രീകളും. ഗത്യന്തരമില്ലാതെ ഞങ്ങളുടെ സുഹൃത്സംഘം ബോട്ടിൻെറ മുകൾത്തട്ടിലേയ്ക്കു നീങ്ങി.

പാലൊഴുകുന്ന പൂംചന്ദ്രികയിൽ ഞങ്ങളിരിക്കുകയാണ്. ആനന്ദമരുളുന്ന കാററുമേററ്. ബോട്ടിൻെറ ഇരുവ

ശവും ചന്ദ്രികച്ചാറു കുടിച്ചുകൊണ്ടു് ഓളമാലകൾ ബോട്ടി
നു് അനേകമ്പടി സേവിച്ചിരുന്നു.

ഞങ്ങളുടെ സമീപത്തേക്കു് ഒരു വൃദ്ധൻ പതുക്കെ അ
ടുത്തു. അറുപതുകഴിഞ്ഞ ഒരു വൃദ്ധൻ.

ഓ—ഹോ—മക്കളെ! നിങ്ങളാണോ, കൊള്ളാം ഈ
കാററുകൊള്ളാൻ നല്ല സുഖവാ—ഇല്ലേ?

അയാൾക്കു ഞങ്ങളിൽ പലരേയും അറിയാം. ഞങ്ങ
ൾ തുറിച്ചു നോക്കി. മന്ദസ്മിതംതൂകി.

ഞങ്ങളുടെ സ്നേഹപൂർവ്വമായ ചിരിയുടെ മധുരിമ നു
കൻകൊണ്ടു് അയാൾ സംഭാഷണമാരംഭിച്ചു.

അയാൾ ചുക്കിച്ചുളിഞ്ഞ മുഖം ക്രൂപ്പിച്ചുകൊണ്ടു്, തി
ളങ്ങുന്ന കൺമിഴികൾ ആ കുഴികളിൽ ചുഴററിക്കൊണ്ടു്
വർത്തമാനംതുടന്നു.

"മക്കളെ— അവരെല്ലാം തോററില്ലേ മക്കളേ? ഒത്തി
രിയെണ്ണം തോററു മക്കളെ! ഒരെണ്ണത്തിനേം ജയിപ്പിക്ക
രുതു്. അവരു ജയിച്ചാലു് നമ്മളു പിന്നേം വെള്ളത്തി
ലാ മക്കളെ. പട്ടിണീം തല്ലും ഇടിംതന്നെ നമ്മക്കമിച്ചം.
പക്ഷെ—ഒരു കാര്യവൊണ്ടു മക്കളെ—അധികാരം അവ
രുടെ കയ്യിലല്ലേ. എന്തും കാണിക്കാൻ മടിക്കേല. അവ
രുടെ അവസാനത്തെക്കളിയല്ലേ. ഇന്നലത്തെ പത്രത്തി
ഞമ്മള് കണ്ടു ഒരു വിശേഷം!

"എന്താണു മാമ്മാ—?"

ഞങ്ങൾ ആകാംക്ഷയോടെ വൃദ്ധനെത്തന്നെ തുറിച്ചു
നോക്കി.

"ഒ്ാ—അപ്പം നിങ്ങളു പത്രം കണ്ടില്ല ഇല്ലേ? അ
ല്ലേ എന്നാ പറയാനാ—പ്രധാനമന്ത്രി സ്റ്റേററുകാരേ നട

ന്നു വോട്ടുപിടിച്ചിരുന്നു്. പോളിംഗ്ബൂത്തിക്കൊണ്ടുചെന്നു ആളുകളെയെറക്കിന്നു്. മാത്രോവല്ല എതിർസ്ഥാനാർത്ഥിയുടെ ചീഫ് ഏജൻറിനെ അറസ്ററു ചെയ്യിച്ച് മലമൂട്ടിൽ കൊണ്ടുവിട്ടിട്ടുപോകേം ചെയ്തു. എങ്കിലും മക്കളെ—ഇതെന്തു ജനകീയവാ—.

ഞങ്ങളിരുന്നു വായ്പൊളിച്ചുപോയി. ഒരാറം കടന്നുപറഞ്ഞു.

“അതു കള്ളറിപ്പോർട്ടായിക്കും മാമ്മാ. പത്രക്കാർക്ക് ഈയിടെ ഒരു സത്യവും നെറിയുമില്ല. എന്തുമാകെട്ടുകഥകളും വൃത്തികേടുകളും എഴുതിവിട്ടു കാശു മേടിക്കുന്നവരാ പത്രക്കാരു്.”

ഇല്ല മക്കളെ—ഇതു ചില്ലറക്കാര്യവാണോ. പ്രധാനമന്ത്രീട കാര്യവാ. ശരിയല്ലെങ്കിൽ പത്രാധിപരു് അടുത്ത ദിവസം പച്ചപ്പെരേലാ—. പൂജപ്പെരേല്. മാത്രോവല്ല. ഇതു് ഒരു നെറിയുള്ള പത്രത്തിൽ കണ്ട വാർത്തയാ–”

വൃദ്ധൻ ഞങ്ങളെ ഓരോരുത്തരേയും ശ്രദ്ധിച്ചുനോക്കി. ഞങ്ങളുടെ അത്ഭുതവും ജിജ്ഞാസയും മണത്തറിഞ്ഞു.

അയാറം വീണ്ടും തുടർന്നു.

മക്കളേ-ഈ മന്ത്രിമാരെ അടുത്തറിയാഞ്ഞിട്ടാ—നിങ്ങളു വിശ്വസിക്കാത്തേ. അറിയാമോ. ഞമ്മടെ അനുഭവംകൊണ്ടു ഞമ്മളിവരെയെല്ലാം ചൊവ്വിനറിഞ്ഞതാ മക്കളെ. നിങ്ങക്കു കേക്കണോ ഞമ്മടെ സ്വന്തക്കാരനൊരു കൊച്ചൻ മന്ത്രിയായ കഥ.

ഞങ്ങളെല്ലാം തല കുലുക്കി. ഒരു ബീഡി കത്തിച്ചു ബാക്കിയുള്ള നാലു മുൻപല്ലുകളിൽ രണ്ടിനിടയിൽവച്ച് തുരുതുരെ പുക വിട്ടുകൊണ്ടു് മാമ്മാ കഥ തുടർന്നു.

"ഈ കള്ളന്മാരുടെ പുറകെ നടന്നുനടന്നാ—ഞമ്മക്കീ നെല.വന്നതു. അറിയാവോ. അന്നാണെങ്കി ഞമ്മക്കൊരു പെറിയ കച്ചോടോവൊക്കെ ഒണ്ടാരുന്നു. ഇവരുടെല്ലാം സിഗരേററും ചായേം തീററീം കൊടുത്താ വാസ്തവത്തി ഞമ്മള്ള മുടിഞ്ഞതു്. അന്നും ഞമ്മള്ള എല്ലാവരുക്കും നല്ലതു വരാൻ ഇഷ്ടപ്പെടുന്നവനാരുന്നു. അല്ലേ കേട്ടോള്ള ഞമ്മക്കു പററിയ കൊയപ്പം. ഇങ്ങനെ കച്ചവടം, നിന്നതുംപോരാ-ഞമ്മക്കു കെട്ടിക്കാനൊരു പെണ്ണും., അവളേം ഒരുവിധത്തിൽ ഒരുത്തനു പിടിച്ചുകൊടുത്തുകഴിഞ്ഞപ്പം ഞമ്മള്ള കടംകൊണ്ടു മഹാ കൊയപ്പത്തിലായി. കൊറച്ചുക്കൂടെ കടം മേടിച്ചു. പിന്നേം കച്ചോടം നടത്തി. അല്ലേ—ഒരു നേരവെങ്കിലും വെള്ളം കുടിക്കേണ്ടേമക്കളെ.

അല്ലേ-എന്തു ശെയ്യാനാ; ആ പട്ടരുസാമിയെന്തു ല്ല—അയാടെ പോലീസുകാരെ ഒളിച്ചു മിക്കദെവസോം ഒത്തിരിയെണ്ണം ഞമ്മടെയടുക്കലാ—എന്തു ശെയ്യും? ശങ്കനൊന്നോണ്ടാണെങ്കിലും നല്ലതുവരട്ടെനല്ലതുവരട്ടെഎന്നുവിശാരിച്ചു നമ്മളെല്ലാത്തിനും ശാപ്പാടു കൊടുക്കും. ചായേം സിഗരേററും പത്തരീം എറച്ചീം ചോറും ചെലപ്പം ചില്ലറ കാശും—.നല്ലതുവരാനല്ലേമക്കളേ—.

ഒ്ാ—വല്ലകാലത്തും ഇവരുടെ ഭരണം വരുമ്പം ക്ഷീണവെല്ലാം മാറും. ഞമ്മള്ള വിശാരിച്ചുമക്കളെ. ഞമ്മള്ള വിശാരിച്ചു.

എന്നിട്ടൊണ്ടല്ലോ—കടക്കാരു ഞമ്മടെ വഹയെല്ലാം ലേലത്തിവച്ചു. ഞമ്മളുപറഞ്ഞു് എന്തുവേണേലും ശെയ്യടാ—നിൻെറയൊക്കെ ദിവാൻ പോയി ഞമ്മടെ നാട്ടുകാരു ഭരിക്കുമ്പം എല്ലാം തിരിച്ചെടുത്തോളാം. സ്ഥലവില്ലാത്തവനു സ്ഥലം. പെരയില്ലാത്തവനു വൃത്തിയുള്ള പെര. ശോലിയില്ലാത്തവനെല്ലാം ഇഷ്ടംപോലെ ശോലീം കൂലീം. പി

ന്നെ ഞമ്മക്കിതിലെന്താടാ? അതിന്ന നീയൊക്കെ പിടിച്ച് പറിച്ച് സമ്പാദിച്ചോ. ഞങ്ങളുതന്നെ തിരിച്ചെടുത്തു താമസിച്ചോളാം!!
എന്തിനമക്കളെ-അവരത്തു കയ്യിലാക്കി.നിസ്സാര തൊകക്കാ. അതിനൊള്ളവേലേടെ പത്തിലൊന്നില്ലകട്ട. അവന്മാരെത്തുരെയ്യ്. ബീടിക്കോത്തുപോലും തരാതെ എറക്കീംവിട്ടു-.”

വൃദ്ധൻെറ ഗൽഗദം തൊണ്ടയിൽ നിന്നും കരളിലേക്ക പായുന്നതായി തോന്നി. അന്തരീക്ഷത്തിൻെറ നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ടു് ആ പുരുഷമായശബ്ദം വീണ്ടും ഉതിൻതുടങ്ങി.

ഞമ്മള് പട്ടിണീം തുടങ്ങി. ഒരു ശായേടെവെള്ളംപോലും കടിക്കാതെ മുഴുവൻ സമയോം സേവനംതന്നെയായി. ഞമ്മക്കെന്നാശോലി? ഇവന്മാരെല്ലാം തൃശ്ശൂരും എറണാകുളത്തുമെല്ലാംപോയി ഒളിച്ചിരിക്കും. അവിടെയിരുന്ന ഓരോന്ന അച്ചടിച്ച വിടും. നാടിനെ നന്നാക്കണോങ്കി ദിവാം പോകണം. ദിവാം പോകണോങ്കി ഇതൊക്കെ ശെയ്യണം. അവരുപറയും. ഞങ്ങളും കൊറേപ്പേരു അതുപോലെല്ലാം ശെയ്യും. അങ്ങനെ ഞമ്മളൊരു ശൊമട്ടാംതൊടങ്ങി—

എല്ലാം ഒളിച്ചും പാത്തുംകൊണ്ടു നടന്നുകൊട്ടക്കവാ. ആലപ്പുഴേലും കൊല്ലത്തും കോട്ടയത്തും തിരുവന്തോരത്തും എല്ലാം ഞമ്മള് ചാക്കകച്ചവടക്കാരനാണെന്നും പറഞ്ഞോ നടക്കണേ. എപ്പഴും പത്തോ മുപ്പതും ചാക്കും അതിനോടെ ലഘുലേഖമായിട്ടുനടക്കവോ. അങ്ങനെഒരുദെവസം നമ്മടെ കെട്ടു അരുക്കറീവച്ച ഒരു കരുത്തകെട്ട ശിവായി പിടിച്ചു. ഞമ്മടെ സ്വല്പം ചില്ലറ ഒണ്ടാരുന്നതുകൊണ്ടു് രക്ഷപെട്ടുമക്കളെ. പിന്നൊരിക്കെ മുഹമ്മയ്ക്കടുത്തുവച്ചാ കുമ്പമോലുപറിയതു. ഒരു പോലീസുകാരനാണെന്നാ തോന്നണതു. മുറിമീശേംവച്ചു കണ്ണുചോമന്ന ഒരു തടിയൻ കടീം

കഴിഞ്ഞു കള്ളുഷാപ്പീന്നെറങ്ങി വരികാരുന്നു. അയാള് ചോദിച്ചു. "ആതാരെടാ"ന്ന് ഞമ്മള് ഒന്നുംമിണ്ടീന്നില്ല. അയാളുവന്നു ഞമ്മടെ മുതുകിനുതന്നെ ഒരു തള്ള്. ഞമ്മള് പൊത്തോന്നു മറിഞ്ഞുവീണു. പതുക്കെ എഴുന്നേററപ്പം ഞമ്മടെ വയററത്തൊരു ശവിട്ട്. എന്നിട്ട് "നടയടാ—സ്റ്റേഷനിലേക്ക്—" ഞമ്മള് പറഞ്ഞു ചാക്കുകെട്ട പിടിച്ചു തരാൻ. അയാള്ക്ക് ഒടനെ കരണത്തുതന്നെ ഒരടി. ഞമ്മക്കു വല്ലോമാകാവോ. കടലാസുകെട്ട ചാക്കിനകത്തിരിക്കു ണില്ലേ.

ഞമ്മളങ്ങനെ വല്ലാതെ നിക്കുമ്പഴോണ്ട് രണ്ടുമൂന്നു ചെറുപ്പക്കാരുവരുന്നു. കയററാപ്പീസിലെ ജോലിക്കാരാ രുന്നു. ഉച്ചയ്ക്കു ഉണ്ണാംപോകുവാ. അവരു നേരേ നടന്നു വന്നു. കെട്ടുപിടിച്ച് എൻെറ തലേവെച്ചുച്ചു പറഞ്ഞു "പോരുമാമ്മാ – മാമ്മാ വെഷമിച്ചുനിക്കണതു ഞങ്ങള് ദൂരെവച്ചുകണ്ടതുകൊണ്ടാ ഇതിലേ വന്നതു." എടാ ഞാൻ അതിശയിച്ചുപോയി. ഇതെന്നാകളിയാ തൊഴിലാളികളെ കണ്ടതുപാതി കാണാത്തതുപാതി. കള്ളുകുടിയൻ കടന്നു കളഞ്ഞു.

ഞ്മ്മളുവിചാരിച്ചു മക്കളെ-വഴിക്കുവച്ചു ചില്ലറ കൊ ടുത്തില്ലെങ്കി മഹാ കൊഴപ്പവാകുവെന്ന് അയാള് ചാക്കു കെട്ടെങ്ങാനും പൊട്ടിച്ചുനോക്കും "കൊനതപ്പനാണ്ടി" കാണും. കേസ്സാകും. ഞമ്മള് അകത്തുകെടന്നു ചാകുകേം ചെയ്യും. അതുതന്നെയാ—അത്യാവശ്യകാര്യവാ കടലാസി ലൊള്ളതു. അതു ആളുകളെ അറിയിക്കാനൊള്ളവാ, ഞ മ്മളുനിന്നു വെശത്തുപോയി. ആ ബുദ്ധിയൊള്ള തൊഴിലാളികളാ ഞമ്മളെ രക്ഷിച്ചതു. അവരുക്കു കാര്യ മറിയാവാരുന്നു. അവരും അന്നു എന്തെല്ലാം ബുദ്ധിമുട്ടിയ വരാണെന്നാ അന്നു അവരെ രണ്ടുപേരെഒന്നിച്ചുകണ്ടാ

സി.പീ-ടെ പോലീസുകാരു ഓടുവാരുന്നു. ഇന്നുജനകീയം വന്നപ്പം എല്ലാത്തിനേം ഇടിച്ചുകൊല്ലുവാമക്കളെ.നാട്ടിലെ ങ്ങളൊരാൾക്കും നല്ലയെല്ലില്ല.എല്ലാം ഈ മന്ത്രിമാരു പോലീസുകാരെക്കൊണ്ടു തല്ലിഒടിപ്പിച്ചു മക്കളെ—തല്ലിഒടിപ്പിച്ചു-:"

പെട്ടെന്ന് ബോട്ടിൻെറ കപ്പിത്താൻ ബെല്ലടിച്ചു. ഡ്രൈവർ അതിൻെറ സ്പീഡു കുറച്ചു. ക്ലാസിപ്പണിക്കാരൻ ഒരു വലിയ മാററുകയറെടുത്തു പാലത്തിനടുത്തു നാട്ടിയിരുന്ന വലിയ കുററിയിലേക്കെറിഞ്ഞു. ബോട്ട് തണ്ണീർമുക്കം ജട്ടിയിൽ വലിച്ചുകെട്ടി.

"എന്നാൽ മാമ്മാ—നമുക്കോരോ ചായകുടിക്കാം."

"കുടിക്കാം മക്കളേ -- ഇനിയാപ്രധാനസംഗതി. അതു ബോട്ടുനീക്കീട്ടുപറയാം മക്കളെ- വൈക്കം കായലിൽ വച്ചുതന്നെ പറയാം. മനുഷേരേ കൊന്നുതിന്നു വീക്കണവന്മാരെ കെട്ടിത്താത്താനുള്ള കായലാമക്കളെ വൈക്കം കായല്"

അയാൾ നരച്ചിറങ്ങിയ മേൽമീശ തടവിയൊതുക്കിക്കൊണ്ട് ഞങ്ങളോടൊത്ത് കരയ്ക്കിറങ്ങി. കുടിച്ചാൽ പൊട്ടാത്ത ഓരോ ചായകുടിച്ചു. ബീടിയും വലിച്ചു. ഒന്നു രണ്ടുപേർ രസമായി മുറുക്കി.

ബോട്ടുനീങ്ങി. കരയിലുന്നിന്നും ഒരു ഫർലാങ്ങെങ്കിലും അകന്നുകാണും. പെട്ടെന്ന് ഒരു പൂമീൻ മത്സ്യം ഞങ്ങളുടെ ബോട്ടിനുള്ളിൽ ചാടിവീണു. ഏതോ ഭയങ്കര മത്സ്യത്തിൻെറ വായിൽപ്പെടാതിരിക്കാൻ രക്ഷക്കുവേണ്ടി ചാടിവീണതാണു്. അതും ഒരു യാത്രക്കാരൻെറ മടിയിൽ. അടുത്തിരുന്ന ഒരാൾ-ഒരു മത്സ്യവില്പനക്കാരൻ കടന്നുപിടിച്ചു. അയാൾ അതിൻെറ ചെകിളയിൽ ബലമായി വിരലുകൾ കടത്തി. അയാളുടെ ഉടമസ്ഥാവകാശം സ്ഥാപിച്ചു.

ബോട്ടുജോലിക്കാർ ഓടിയടുത്തു ബഹളംകൂട്ടി. ബോട്ടിൽവീഴുന്ന സാധനങ്ങൾ ബോട്ടുടമസ്ഥനുള്ളതാണ്. എന്തു കിട്ടിയാലും ഉടമസ്ഥനെ ഏല്പിക്കണം. അതിന് മററാരാൾക്കും അവകാശമില്ല. അതു യാത്രക്കാരനു കൊടുക്കുവാൻ യാതൊരു നിവൃത്തിയുമില്ല.

ബഹളംകേട്ട് ഞങ്ങളും ഇറങ്ങിച്ചെന്നു.

യാത്രക്കാരൻ മത്സ്യത്തിന്റെ ചെകിളയിൽ കടത്തിയിരുന്ന വിരലുകൾ ഒന്നിളക്കി. അവിടെനിന്ന് രക്തവും വെള്ളവും ചാടുവാൻ തുടങ്ങി. അയാളുടെ മുണ്ടു മുഴുവനും രക്തത്തിൽക്കുളിച്ചു.

യാത്രക്കാരൻ ചൊടിപ്പോടെപറഞ്ഞു. ഓ ഹോ—മീൻവേണമെങ്കിൽ തന്നേക്കാം. ഒരു നല്ല മുണ്ടുവാങ്ങിച്ചു തന്നാരു മതി. അല്ലെങ്കിൽ താനുടുത്തിരിക്കുന്ന മുണ്ടിങ്ങു തന്നേരു്. മത്സ്യോം എന്റെ മുണ്ടും തന്നേക്കാം!

എന്നാലും ലാഭവാ. രണ്ടു നല്ലമുണ്ടിന്റെ വിലയെങ്കിലുമുണ്ട് ആ പൂമീൻമത്സ്യം. എങ്കിലും ബോട്ടുമാസ്റ്റർ കറങ്ങിപ്പോയി.

ഞങ്ങൾ പറഞ്ഞു; ഏതായാലും മത്സ്യം ചാടിവീണപ്പോൾ വിട്ടുകളയാതെ കൈവശപ്പെടുത്തിയ ആളിനുതന്നെയാണ്—വീട്ടിൽകിടന്നുറങ്ങുന്ന മുതലാളിയേക്കാൾ ഈ മത്സ്യത്തിനവകാശം.

ഏതായാലും ഈ അഭിപ്രായത്തിന് അവിടെ സാമാന്യം സ്വീകരണംകിട്ടി. യാത്രക്കാരും ശരിവച്ചു. സംഗതി ഒതുങ്ങിത്തീരാൻതുടങ്ങി. പക്ഷെ, ഒരു വലിയ പ്രശ്നം പൊന്തിവന്നു. മത്സ്യം ആദ്യം മടിയിൽ ചാടിവീണു എന്നുപറയുന്ന മനുഷ്യൻ സമാധാനകാംക്ഷിയെപ്പോലെ ഒരു അവകാശവാദവും മുഴക്കാതെ അടങ്ങിയിരുന്നിരുന്നു.പ

ക്ഷെ ചില യാത്രക്കാർ സമ്മതിച്ചില്ല. ഇയ്യാറം കടന്നെടുത്തതാണ്. മററയാളുടെ മടിയിലാ മീൻ ചാടിവീണതു്. അയാറംക്കുകൊടുക്കണം എന്നായി; ഏതായാലും അയാറം പറഞ്ഞു. "എന്റെ അവകാശവും ഞാൻ കൈവശക്കാരന കൊടുക്കുന്നു" ആ ശബ്ദത്തിൽ സർവ്വ കോലാഹലങ്ങളും ഒഴിഞ്ഞുമാറി.

ബോട്ടു വൈക്കം ജട്ടിയിലടുത്തുകഴിഞ്ഞു.

ശ്ശേ!— ആ മീൻകാരണം ഞമ്മടെ വെലയൊള്ള സമയം കളഞ്ഞു."

മാമ്മാ തലചൊറിഞ്ഞു.

"മക്കളെ-വാ—ഞമ്മക്കൊരു രസംതോന്നണില്ല. ഏതായാലും ഓരോ ചായക്കൂടെ കുടിക്കാം. ഈ ആറംബഹളത്തിനെടേ ഒറക്കാനൊക്കത്തില്ല; ഇനി കൊച്ചീച്ചെന്നാലേ നല്ലചായ കിട്ടത്തൊള്ളു."

വീണ്ടും ഓരോ, ചായക്കൂടി കുടിച്ചു. മുറുക്കും വലിയും കഴിഞ്ഞു. അരമണിക്കൂറിനുശേഷം ബോട്ടു് ജട്ടിവിട്ടു. ഞങ്ങറം സംഭാഷണവുമാരംഭിച്ചു.

"എന്നിട്ടൊണ്ടല്ലോ-മക്കളെ-ഞമ്മളുപറഞ്ഞില്ലേ അങ്ങനെ അങ്ങനൊക്കെ പല ആപത്തീന്നും രക്ഷിച്ചതും സഹായിച്ചതും തൊഴിലാളികളും പള്ളിക്കൂടം പിള്ളേരുവാ. ഇങ്ങനെ വേഷക്കാര കൊറേപ്പേരു മന്ത്രിമാരുവായി. എന്തെല്ലാം നൊണപറഞ്ഞാ നമ്മടെയൊക്കെ വോട്ടുമേടിച്ചതു്.

ങ്-ാ-ഞമ്മള് പറഞ്ഞുവന്നതു ഇങ്ങനെ പ്രധാനപ്പെട്ട ഒരു കാര്യവാ—.

ഞമ്മടെ വസ്തു നടത്തിയെടുത്തവരൊണ്ടല്ല, അവരുക്കുവേണ്ടി ഞമ്മളെന്തെല്ലാം ചെയ്തിട്ടൊണ്ടന്നാ-അവരുടെ

കൊറച്ചുകന്നതാണെങ്കിലും ഞങ്ങള് ഒരു തറവാട്ടുകാരാ-അവരെയെല്ലാം ഞമ്മള് ഏടുത്തേണ്ടു നടന്നു വളത്തിട്ടൊള്ളതാ. അവരെല്ലാം പടിച്ചു പാസ്സായി, മിടുക്കമ്മൊരുവായി, വക്കീലമ്മാരും, ഉദ്യോഗസ്ഥമ്മാരുവൊക്കെയായി. അവരു തന്നെ ഞമ്മടെ വസ്തും നടത്തിയെടുത്തു.

ഒടുവിലെ അവിടുത്ത വക്കീലുചെറുക്കനൊ നമ്മടെ നാട്ടീന്നു വോട്ടിന്നു നിന്നതു. ചെറുക്കനെന്നുപറഞ്ഞൊ നാപ്പത്തഞ്ചു കാണുവേ. ഏടാ—ഞമ്മളാകപ്പാടെ അമ്പരന്നുപോയി. ശെടാ—ഇതെന്തൊരു കളിയാ, ഞമ്മളെടുത്തുവളത്തിയതു ശരി. ഞമ്മടെ ചോരബന്ധോം ശരി. എന്നാലും ഞമ്മടെ കെടപ്പാടം വിറെറടുത്തവനല്ലേ. ഞമ്മളെ കുടിയെറക്കിയവനല്ലേ. പിന്നെയെന്തെല്ലാം കഥ—.

എങ്കിലും ഈ പഥേനെയാണല്ലോ ഞമ്മടെ നാട്ടീന്നു ഓട്ടിന്നു നിറുത്തിയതു! ഇതെന്തൊരു കഷ്ടവാ— അവനൊക്കെ അസംബ്ളീപ്പോയാ അവൻെറ കാര്യം പറയുവാ-ഞമ്മടെ കാര്യം പറയുവാ—ഞമ്മള് ചോദിച്ചു. "ഇതെന്തുവാ മോനേ-പാവപ്പെട്ടോരുടെ ആൾക്കാരു ഭരിക്കാനൊള്ളതിന്നു മോനെന്തിനാ-നിക്കണേ?" അവൻ പറയുവാ—"മാമ്മാ ഞാനും 'നിങ്ങടെക്കൂട്ടത്തിചേന്നു. എനിക്കിന്നത്തെ വ്യവസ്ഥിതീലൊന്നും വിശ്വാസമില്ല. മാമ്മാ ഒന്നു പ്രത്യേകം കരുതണം. എന്നെ ജെയിപ്പിക്കണം കേട്ടോ. മാമ്മാൻെറ സലോം പെരേവൊക്കെ ഞാൻ ജയിച്ചാലൊടനേ വിട്ടുതരണോന്നു വിശാരിച്ചിരിക്കവാ—"ഞമ്മള് പറഞ്ഞു—"ഏടാ നിൻെറ കാന്നോമ്മാരാരും പറഞ്ഞതുപോലെ ചെയ്തിട്ടില്ല. പിന്നെ നീ പറഞ്ഞാലെങ്ങനാടാ—?

അപ്പഴ് അവൻ പറയുവാ—"ഇല്ല മാമ്മാ—പറഞ്ഞപോലെ ചെയ്തില്ലേപ്പിന്നെ എന്തിനാ ജീവിച്ചിരിക്കണേ" ന്നു. ഞമ്മളങ്ങു വിശ്വസിച്ചുമക്കളേ-വിശ്വസിച്ചു.

എന്നിട്ട്-എന്നാ പറയാനാ അന്നു തൊഴിലാളിക ളെല്ലാം പറഞ്ഞു, "ഇവരു പററിക്കും നമ്മളേ" ന്നു. എന്നി ട്ടും ഞമ്മള അവൻെറ വാക്കങ്ങ് വിശ്വസിച്ചു. രാത്രീം പ കലുമില്ലാതെ ഞമ്മളും അതുപോലത്തെ കൊറേ മണ്ടമ്മാ രും ഞമ്മളോട്ട സ്നേഹവൊള്ളവരോടും ഇല്ലാത്തവരോടും എല്ലാം പറഞ്ഞു പറഞ്ഞു നടന്നു. അവനങ്ങ് ജയിക്കുകേം ചെയ്തു.

ഞമ്മക്ക് സലോം കിട്ടിയില്ല. പെരേം കിട്ടിയില്ല. പട്ടിണികെടന്നു വെശമിച്ചപ്പളാ ഈ-ഈ ബോട്ടുശോലി ക്കു കേറിയേ. ങ്ട്-രാത്രീം പകലുമില്ലാതെ-ഉറക്കോം വീടും ഇല്ലാതെ പണിതാ അരവയറിനൊള്ളതു കിട്ടുംമക്കളെ"

"മാമ്മാ—ഇന്നു സർവ്വീസിലല്ലല്ലോ. ഇപ്പോൾ എവി ടെ പോകുന്നു." ഒരാൾ ചോദിച്ചു.

ഞമ്മള് ഇപ്പം കൊച്ചീക്കു പോകുവാ മക്കളെ. അവി ടാ ഞമ്മടെ മോളെ കെട്ടിച്ചിരിക്കണെതു്.

നിശ്ശബ്ദരായി വൃദ്ധനെ ശ്രദ്ധിക്കുന്ന ഞങ്ങളെ കുലു ക്കി ഉണർത്തിക്കൊണ്ടു് അയാൾ പറയുകയാണു്—"ങ്ട്-ാ എ ന്നിട്ടു ഞമ്മള് വളർത്തിയവനെന്നു പറഞ്ഞവനൊണ്ടല്ലോമ ക്കളെ അവൻ മന്ത്രീവായി!

അതാരാ! ഞങ്ങൾക്കു മനസ്സിലായില്ലല്ലോ-അയാളുടെ പേരെന്താണു്?

ഞങ്ങളുടെജിജ്ഞാസയുടെ മുഴവൻ പ്രതിനിധിയെന്ന പോലെ ഒരു കുസൃതി കടന്നു ചോദിച്ചു.

വൃദ്ധൻ പറഞ്ഞു,

"ങൂ—ം—ഹൂം—അതുമാത്രം ചോദിക്കരുതു്. അതു മോ ശവാ-"

കാര്യമെല്ലാം പറയാം ആളു മനസ്സിലാക്കിരുക്കാണം. ഞമ്മള് ഒരു ദെവസം അവൻെറ കൊട്ടാരത്തിൽ പോയ കാര്യോം പറയാംമക്കളെ, എല്ലാ മന്ത്രിമാരും അങ്ങനെതന്നെയാ. എന്നാലും ഞാനെടുത്തുവളത്തിയതല്ലേ? ഞാനോടിനടന്നു വോട്ടുമേടിച്ചുകൊടുത്തു ജയിപ്പിച്ചതല്ലേ; എന്നോടു ക്രൂരകാണിച്ചില്ലേ പടച്ചോൻ സഹിക്കുവാ മക്കളെ? മൂപ്പിലയിതെല്ലാം കണ്ടോണ്ടല്ലേയിരിക്കണെത്".”

വൃദ്ധൻെറ നെടുവീർപ്പുകൾ ചന്ദ്രികയെ വകഞ്ഞുമാററിക്കൊണ്ട് അന്തരീക്ഷത്തിലേക്കുയൻപൊന്തി.

“ഒരു ദിവസം എങ്ങാണ്ടു അണ കെട്ടേണോരുന്നാ എന്താണ്ടും പറഞ്ഞ് ഒരു ഗവർമണ്ടു പരസ്യം ഞമ്മടെ മൊതലാളി പത്രത്തിക്കണ്ടു. അപ്പം—ഞമ്മള് എപ്പളും പറയുവാരുന്നു മരാമത്തു മന്ത്രീനെ ഞമ്മള് എടുത്തു വളത്തിയതാണപ്പാന്നു. മൊതലാളി അതുവച്ചോണ്ടു ഞമ്മളെ വിളിച്ചു പറഞ്ഞു. “മാമ്മാ ഒരു കാര്യം ചെയ്യ്. ഈ വയസ്സുകാലത്തു ഇങ്ങനെ ഉറക്കമിളച്ചു നടന്നു ബുദ്ധിമുട്ടണ്ടാ. നമുക്കൊരു കാര്യം സാധിച്ചു തന്നാ മാമ്മാക്കു ഞാനൊരു നല്ലജോലീം കൂടുതലു ശമ്പളോം തരാം! കാര്യോം പറഞ്ഞു.

“മരാമത്തു മന്ത്രി സ്വന്തവാണന്നാണല്ലോ മാമ്മാ പറയുന്നതു ഒന്നു ശ്രമിച്ചു നോക്കു. ഈ അണേടെ കൺട്രാക്ട് കിട്ടിയാൽ ഞാൻ പറഞ്ഞില്ലേ. മാമ്മാ നമ്മടെ മാനേജരാ–.”

“ഓ–ഞമ്മളങ്ങു സന്തോശിച്ചുമക്കളെ–. ഞമ്മടെ പെരേം പറമ്പും അവൻ അനിയനു വീതിച്ചു കൊടുത്തു. എന്നാ നഷ്ടമില്ലാത്ത കാര്യമല്ലേ, ആക്കായാലും കൺട്രാക്ററു കൊടുക്കണം നമ്മടെ മൊതലാളിക്കുകൊടുത്താ നമ്മടെ ജീവിതത്തിനു രക്ഷയായില്ലേ.

എന്നിട്ടു ഞമ്മള് തിരുപന്തോരത്തു ചെന്നു. അകത്തു കേറാൻ മൂന്നു ദിവസം കാത്തുനിക്കേണ്ടിവന്നു. മൂന്നാമത്തെ ദെവസം അയാടെ കൊച്ചു വളത്തുമകളെക്കണ്ടു. അവളോടിച്ചെന്നു പറഞ്ഞു. "ഇല്ലേ-നമ്മടെ മൂത്തക്കൻ മാമ്മാ നിക്കണന്നു." ആ പെണ്ണുതന്നെ എന്നെ പിടിച്ചു അടുക്കളേടടുത്തു കൊണ്ടച്ചെന്നു. ഇവനൊക്കെ ഒന്നു മിണ്ടണോല്ലമക്കളെ. മിണ്ടിയാലെന്നാ ഭാഗ്യം പൊഴിഞ്ഞു പോകുവാ?

അടുക്കളേലും എല്ലാടത്തും വേലക്കാരുതന്നെ. വേലക്കാരു. ഞാൻ അകത്തോട്ടു നോക്കിയപ്പോഴേ-അവന്റെ അവളൊണ്ടല്ലോ അകത്തങ്ങനെ മലന്നുകെടക്കണു. മുകളിൽ മൂന്നു വലിയ പങ്കായാ കറങ്ങണേ, പത്തുംക്ക അവിടെയെല്ലാം കേറിയെറങ്ങി, എല്ലാമുറിയിലുംക്കൂടെ മുപ്പത്തിമൂന്നു പങ്കായാ കറങ്ങണേ. അടുക്കളേ രണ്ടു് അങ്ങനെ ആകെ മുപ്പത്തിയഞ്ചുപങ്കാ. രാത്രീം പകലുമില്ലാതെ എപ്പഴും കറങ്ങിക്കൊണ്ടിരിക്കുവാ.

ഞമ്മള് അവന്റെ അടുത്തുചെന്നു പറഞ്ഞു. മോനേ ഞമ്മളെ ഒന്നു സഹായിക്കണം. വേറെ ഒന്നും വേണ്ടാ—ഒരുപകാരം ചെയ്യാമതി. ചേതമില്ലാത്ത ഉപകാരം.

അവൻ മിണ്ടാതെ ഗമായിലിരുന്നു. ഞമ്മള് കാര്യം മുഴുവനും പറഞ്ഞു.

അപ്പളൊണ്ടല്ല്യ-മൂക്കത്തിരിക്കണ കണ്ണാടീടെയെടേക്കൂടെ ഒളികണ്ണിട്ടാണു അയാള് പറയണു "മാമ്മാക്കെന്തെങ്കിലും ഉപകാരം ചെയ്യണതെനിക്കു വല്യ സന്തോഷവാ—. പക്ഷേല് ഒന്നും മേലമാമ്മാ-ഒന്നും മേല, എപ്പോഴും പരാതിയാ-. അല്ലേങ്കിലെല്ലാരേം സന്തോഷിപ്പിക്കണം. ഏതായാലും മാമ്മാ ഒരു കാര്യംചെയ്യ്-എനിക്കൊന്നുംവേണ്ട-.

പക്ഷേലു് പ്രധാനമന്ത്രിക്കും മറേറ ഉദ്യോഗസ്ഥന്നും കൂടി ഒരു പതിനായിരം രൂപ കൊടുക്കാൻ ഇടപാടുചെയ്യണം. എന്നാലും വെഷമമാ—. ചെലപ്പം പററിയേക്കും---”

എന്താമക്കളെ—ഇവമ്മാരു നാട്ടുകൊറെ നന്നാക്കത്തില്ലേ--”

ഞങ്ങളുടെ പത്തു പതിന്നാലു കണ്ണുകൾ തുറിച്ചു നിന്നുപോയി. അവ പരസ്പരമിടഞ്ഞാൽ തീമഴ പെയ്യുമെന്നു തോന്നി.

ചന്ദ്രികയും കുളിർകാററുമില്ലായിരുന്നുവെങ്കിൽ പ്രകൃതിതന്നെ വെന്തുപോകുമായിരുന്നു.

# അമ്മയുടെ കണ്ണുകൾ.

കരുത്തിരുണ്ട മുഖം. ചാലുകൾനിറഞ്ഞ നെററിത്തടം. ചുക്കിച്ചുളിഞ്ഞ കവിൾത്തടങ്ങൾ. ഉയൎന്നുനില്ക്കുന്ന നാസികയെക്കാൾ പൊന്തിയ താടിയെല്ലുകൾ. അധികം മുടിയില്ലാതെ നരകയറിയ തല. ഉള്ള മുടി ഒന്നിച്ചുകൂട്ടി എലിവാൽ മുഴപ്പിൽ പിറകിൽ കെട്ടിവച്ചിരിക്കുന്നു. ആ മുടിക്കെട്ടുപോലെ പൊന്തിയ മൂക്കിനു കാവൽനില്ക്കുന്ന രണ്ടു് അഗാധങ്ങളായ കുഴികൾ. ആ കുഴികൾ നിറയെ ജലം കെട്ടിനില്ക്കുന്നു. അവയ്ക്കുള്ളിൽ ചിന്നിമിന്നുന്ന രണ്ടു കിടാവിളക്കുകൾ. അവ വെട്ടിത്തിളങ്ങുന്നു. ഇരുട്ടിനെ കീറിമുറിച്ചുകൊണ്ടു് ജ്വലിച്ചുമറിയുന്ന താരകങ്ങൾപോലെ, ശത്രുവിന്റെ മുന്നിൽ ചീറിപ്പായുന്ന ഖഡ്ഗങ്ങളെ അതിശയിപ്പിച്ചുകൊണ്ടു്. എങ്കിലും ആ കണ്ണുകൾ എപ്പോഴും നിറഞ്ഞിരിക്കും.

"അമ്മേ............"

ഒരു ശബ്ദം.

അവൾ തന്റെ പുത്രനെ സൂക്ഷിച്ചുനോക്കി. അവന്റെ തല കുനിഞ്ഞുപോയി.

ഒരു നീണ്ട നിശ്ശബ്ദത!

അവന്റെ വളർച്ചപ്രാപിക്കുന്ന തല സാവധാനം ഉയർന്നു. സംശയഭാവത്തിൽ ആ കണ്ണുകൾ അവളെ ചികഞ്ഞുനോക്കി.

അപ്പോഴും അമ്മയുടെ കണ്ണുകൾ പുത്രനെ ശ്രദ്ധിക്കുകയായിരുന്നു.

അവൻ തല ഒരുവട്ടംകൂടി കുനിച്ചു. വീണ്ടും നിവർത്തു് അമ്മയെ തുറിച്ചുനോക്കി.

മുട്ടുമറയാത്ത കീറമുണ്ടിന്റെ തലപ്പിലേയ്ക്കു് കുനിഞ്ഞു് അവൾ ആ നിറഞ്ഞ കണ്ണുകൾ ഒപ്പുന്നു.

അവൻ വീണ്ടും ശ്രദ്ധിച്ചു.

അതാ അവളും വിദൂരതയിലെവിടെയോ തന്റെ കണ്ണുകൾ തറപ്പിച്ചിരിക്കുന്നു. കുടുകുടെ കണ്ണുനീരും ഒഴുകുന്നു. പുകപറക്കുന്ന കണ്ണുനീരു്!

യുവത്വത്തിലേക്കു കാലെടുത്തുകുത്തുന്ന വിജയൻ. മീശ കറുപ്പണിഞ്ഞുതുടങ്ങിയ നവം യുവാവു്. അമ്മയുടെ മുമ്പിൽ അതുവരെ തലകുനിച്ചുനിന്നിരുന്ന ഓമനപ്പുത്രൻ. അവന്റെ ഹൃദയം നീറുകയാണു്. മനസ്സു പരക്കംപായുന്നു. തണുത്ത കാറ്റിന്റെ കഷണംപോലും അവന്റെ ഹൃദയത്തിലേയ്ക്കു് എത്തി നോക്കുന്നില്ല. തീരുമാനത്തിന്റെ മണൽത്തരിപോലും ആ മനസ്സിൽ രൂപമെടുത്തില്ല. അവന്റെ തല കറങ്ങിക്കൊണ്ടിരുന്നു. ഹൃദയം പതറുകയും.

നിമിഷങ്ങൾക്കുശേഷം വിജയൻ അന്ത്യമായ തീരുമാനത്തിൽ എത്തിച്ചേർന്നു. അവൻ ദൃഢമായും തീരുമാനിച്ചു.

"ഇനി താമസിക്കുവാൻ പാടില്ല. ഇന്നുതന്നെയറിയണം. ഒരു നിമിഷംപോലും നീട്ടിവയ്ക്കുക സാദ്ധ്യമല്ല."

എല്ലായ്പോഴും സംശയത്തിൻെറയും വേദനയുടെയും മുന്നിൽ ഉലയുകയും കുനിയുകയും ചെയ്തിരുന്ന വിജയൻെറ തല ദൃഢമായി ഉയൎന്നു. അവൻെറ തളച്ചിട്ടുള്ള നാവിന്നു് ബലം വച്ചു. അവൻ ശബ്ദിച്ചു. അതിൻെറ ധ്വനി ആ അന്തരീക്ഷത്തെ ഞെട്ടിച്ചു.

അമ്മയുടെ ഹൃദയത്തിൽ ഒരു തീക്കൊള്ളിയും.

അമ്മ ജിജ്ഞാസയോടേ തിരിഞ്ഞുനോക്കി. വിജയൻ മാതാവിനേയും. ആ നാലു കണ്ണുകൾ കൂട്ടിയിടഞ്ഞു. അവയിൽനിന്നും തീ പറന്നു. അതു നീരാവിയായി മാറി. ആ മേഘപടലങ്ങൾ കൂട്ടിയിടഞ്ഞു, നാലു കണ്ണുകളിൽനിന്നും മഴപെയ്തു. പൂഴിമണൽ കുതിൎന്നു.

പുത്രൻ മുണ്ടിൻെറ തലപ്പുപൊക്കി കണ്ണുകൾ തുടച്ചു. അമ്മയുടെ പക്കലേക്കടുത്തു. അവൾ കുനിഞ്ഞുകിടന്നു കരയുകയാണു്. ആ അമ്മ കുഞ്ഞായിരുന്നനാൾ തുടങ്ങി ഇന്നുവരെ കരഞ്ഞിട്ടില്ലാത്ത രീതിയിൽ. ചുട്ടമണലിൽ പെരുംചുമട്ടുമായി അരവയറിനു വകതേടിയാലുണ്ടാകുന്ന നീററലിൻെറ ആയിരമിരട്ടി ഒന്നിച്ചനുഭവിക്കുന്നതുപോലെ. അവളുടെ കരളിൻെറ ജീവനായ ആത്മനാഥൻ ബ്രിട്ടിഷുകാരൻെറ സാമ്രാജ്യ ദുർമ്മോഹത്താൽ പട്ടാളക്കാരനായി പിടഞ്ഞു മരിച്ചു. ആ വാൎത്തകേട്ടു് അവൾ കരഞ്ഞു, എങ്കിലും ഇന്നത്തേതുപോലെ വേദനയുടെ ബലമേറിയ പിരിയാണികൾ ഇത്രയധികം നിഷ്ഠൂരമായി അവളുടെ മനസ്സിൽ തറച്ചിട്ടില്ല. അവളുടെ കടിഞ്ഞൂൽ പുത്രൻ "വയലാർ-പുന്നപ്ര" സമരത്തിൽ സർ. സി. പി-യുടെ വെടിയുണ്ടയേററു മരിച്ചു. മൂന്നു ദിവസം ആ ശവം ഒരു തോട്ടുവക്കത്തു് കുററിക്കാടിനിടയിൽ കിടന്നു ചീഞ്ഞു. പട്ടിയും കുറുക്കനും കടിച്ചുകീറി. പരുന്തും കാക്കയും കൊത്തിവലിച്ചു. അവൾ വിവ

രമറിഞ്ഞു് ആ സമരഭ്രമിയിൽ ഓടിയെത്തി· പീരങ്കികളി ലെ ഉണ്ടകളേയും പട്ടാളക്കാരുടെ ബയണററുകളേയും പോ ലീസുകാരുടെ ലാത്തികളേയും പുല്ലാക്കിക്കൊണ്ടു് അവൾ ആ മുള്ളുവേലിക്കുള്ളിൽ ചാടിക്കയറി. അവിടെ അവൾ, തന്നെ പ്രസവവേദനയുടെ സ്വാദറിയിച്ച ഓമനയെകണ്ടു. വെടിയുണ്ടകളാൽ മാറുതുറക്കപ്പെട്ട പുത്രനെ, ബയണററി നാൽ മുഖം കീറപ്പെട്ട പുത്രനെ, കാക്കയുടെ ചുണ്ടുകളാൽ കണ്ണുകൾ തുരക്കപ്പെട്ട കടിഞ്ഞൂൽ പുത്രനെ, പട്ടികളുടെ പരാക്രമത്താൽ കുടലുകൾ പുറത്തുവന്ന-മാംസം മുറിച്ചുമാ റെറപ്പെട്ട-പലയിടത്തും അസ്ഥികൾമാത്രംഅവശേഷിച്ചഓ മന മകനെ അവൾക്കു കിട്ടി. അവൾ മടിയിൽക്കിടത്തി ചുംബിച്ചു പ്രത്യംഗം പരിശോധിച്ചു. അതാ അവൻെറ ഇ ടത്തുകയ്യുടെ അണിവിരലിൽ ഒരുസാധനം കിടന്നു തിളങ്ങു ന്നു. ഒരു സ്റ്റീൽമോതിരം. ആ വിരലിൽ ഒരു ചെറിയ മു റിവും. ആയുധം വന്നു പററിയ മുറിവു്. അവൾ വീണ്ടും സൂക്ഷിച്ചുനോക്കി. അടുത്ത വിരൽ കാണുന്നില്ല. അവൾ ക്കു മനസ്സിലായി. അവൾ ഓർമ്മിച്ചു. ആ വിരലിൽ ഒരു സ്വർണ്ണമോതിരം അണിഞ്ഞിരുന്നു. അവൻെറ അച്ഛൻ പ ട്ടാളത്തിൽ പോകുന്നതിനു മുമ്പുതുടങ്ങിയ ആഗ്രഹമാണതു്. കഴിഞ്ഞയാണ്ടിലാണു് അവർ ആ ആഗ്രഹ സഫലമാ ക്കിത്തീർത്തു്. ഒരുമാസത്തെ കൂലി മുഴുവൻ മിച്ചമെടുത്തു. ആ മാസത്തിൽ ചായകുടിക്കാതെ-വീട്ടിൽ അരിവാങ്ങിച്ചു കൊടുക്കാതെ—കീറിയ മുണ്ടും ബനിയനും ധരിച്ചുകൊണ്ടു്- കൂടുതൽ സമയം അത്യദ്ധ്വാനം ചെയ്തു്—അച്ഛൻ നാല്പത്തി യാറു രൂപയുണ്ടാക്കി. ആ നാല്പത്തിയാറിൻെറകൂടെ അമ്മ യുടെ സമ്പാദ്യം മുഴുവനുംകൂടി കൂട്ടിയപ്പോൾ രൂപ അമ്പ ത്തിരണ്ടായി. അങ്ങനെ അയാൾ അമ്പത്തിരണ്ടു രൂപ വിലയുള്ള ഒരു സ്വർണ്ണമോതിരം അന്നുതന്നെ ധരിച്ചു.

അതു് അവൻ അണിഞ്ഞുകണ്ടപ്പോൾ അമ്മയുടെ ഹൃദയം കുളിർത്തു. അവന്റെ മുഖം തുടുത്തു. കൊച്ചനുജൻ വിജയൻ അണ്ണന്റെ മോതിരമണിഞ്ഞ കയ്യിൽപ്പിടിച്ചു് കുസൃതിക്കൂത്തിന്റെ നൃത്തമാടി.

കയ്യിലണിഞ്ഞിരുന്ന പൊൻമോതിരത്തിനുവേണ്ടി ചെറുവിരൽ മുറിക്കപ്പെട്ടിരുന്നു. ആ വിരലിന്റെ മുറിയിൽ എറുമ്പുകൾ കൂട്ടംകൂടിയിരുന്നു. അവ അയാളുടെ വിരലിലെ അസ്ഥികളിലേക്കു കടന്നുപോകുന്നു. കൊഴുപ്പുപോലുള്ള ഒരു ദ്രാവകം ചുമന്നുകൊണ്ടുവരുന്നു. അവന്റെ ജീവന്റെ സത്തും തലമുറകളും അതിൽ അടക്കം ചെയ്തിരുന്നു. എറുമ്പുകൾ തങ്ങളുടെ തലമുറകൾക്കുവേണ്ടി അവ അപഹരിക്കുകയാണു്. മണ്ണിൽ ലയിക്കുവാൻ വിട്ടുകളയാതെ വീണ്ടെടുക്കുകയാണു്.

അമ്മ അന്നു ഞെട്ടുകയുണ്ടായി. പുത്രന്റെ ഭീകരമരണത്തിലല്ല—സ്വർണ്ണക്കഷണത്തിനുവേണ്ടി മരിച്ച സഹോദരന്റെ മാംസം മുറിച്ചെടുക്കുന്ന മനുഷ്യത്വത്തിന്റെ മുന്നിൽ. തന്റെ കരളിന്റെ കാമ്പായ ഓമനക്കുഞ്ഞിന്റെ വികൃതമാക്കപ്പെട്ട മൃതശരീരം കണ്ടിട്ടല്ല—മഹത്തായ മനുഷ്യഹൃദയത്തിനു കറപിടിച്ചുണ്ടായ ഇരുട്ടു കണ്ടിട്ടു്. അന്നു് അവർ ആ ചീഞ്ഞു ഗന്ധമുള്ള അസ്ഥിമാല തോളിലിട്ടുകൊണ്ടു് വീട്ടിലെത്തി. സംസ്കാരത്തിനുള്ള ചട്ടവട്ടം കൂട്ടി.

സംബന്ധികളിൽ അധികംപേരും നിസ്സഹകരിച്ചു. അവനോടുള്ള പ്രത്യേക പിണക്കംകൊണ്ടല്ല—രാജവാഴ്ചക്കെതിരായി ശബ്ദമുയർത്തിയ ധീരന്റെ ശവസംസ്കാരത്തിൽ സംബന്ധിക്കുന്നതു രാജദ്രോഹമായേക്കാമെന്നു ഭയന്നു്. സമുദായം മ്ലേച്ഛതയും അല്പത്വവും വിധിച്ചു. അവന്റെ ധീരതയിൽ സംശയമുണ്ടായിട്ടില്ല—അനുസരണ ശീ

ലത്തെ സംശയിച്ചിട്ട്. അതിൻെറ പാവനമായ—യുക്തിവിരുദ്ധമായ—ആചാരങ്ങളെയും വിശ്വാസങ്ങളെയും ചോദ്യംചെയ്തുവെന്ന കാരണത്താൽ. അനുഭാവവും ധീരതയുമുള്ള എല്ലാ നല്ലവരും ഒളിവിലും ജയിലിലും ശവപ്പറമ്പുകളിലുമായിരുന്നു.

എന്തുചെയ്യും? സീമന്തപുത്രനെ അടക്കംചെയ്യണം.

ത്യാഗമൂർത്തിയായ അമ്മ പുരയിടത്തിൻെറ തെക്കുഭാഗത്ത് സ്വന്തം കൈകൾകൊണ്ട് ഒരു ശവക്കുഴിയുണ്ടാക്കി. അവളും അവളുടെ കുഞ്ഞുമകൻ വിജയനുംകൂടി ആ സമരനേതാവിൻെറ മാംസം നഷ്ടപ്പെട്ട—കുടൽ മണ്ണിൽക്കിടന്നിഴയുന്ന മൃതദേഹം കുഴിയിൽ വച്ചു. ആ കൈകൾകൊണ്ടുതന്നെ മരിച്ച പുത്രനെ നോവിക്കാതെ പതുക്കെ കുഴിയിൽ മണലിട്ടു. ഉറങ്ങിക്കിടക്കുന്ന ഓമനപ്പൈതലിനെ പുഷ്പവർഷംചെയ്യുന്ന മാതാവിനെപ്പോലെ. വളരെ നേരംകൊണ്ട് ആ കുഴി മൂടി. അതിൻെറ പുറത്ത് പുഷ്പങ്ങൾ വിതറി. വിജയൻെറ എല്ലാ ചെടികളിലുമുണ്ടായിരുന്ന മുഴുവൻ പുഷ്പങ്ങളും.

അവൻ പൂത്തുനിന്ന ഒരു ചുവന്ന റോസാക്കമ്പ് അതിൻെറ പച്ചിലകൾക്കിടയിൽനിറഞ്ഞുനിന്ന മൊട്ടുകളോടും പൂക്കളോടുംകൂടി ആ ശവമാടത്തിൻെറ മുകളിൽ ഒടിച്ചു കുത്തി. നിത്യവും തണുപ്പിച്ചു. പെട്ടെന്ന് പൂവും മൊട്ടും ഇലയുമെല്ലാം കൊഴിഞ്ഞുപോയി. വെറും ചുള്ളി മാത്രമായി.

അതിപ്പോൾ മുള്ളുകൾക്കിടയിൽ പരിശുദ്ധിയും പുഷ്ടിയും പേറുന്ന പച്ച നിറഞ്ഞ ഇലകളും ധീരതയുടെ കരളിലെ ചോരപോലുള്ള പൂക്കളും അണിഞ്ഞു തഴച്ചു നില്ക്കുന്നു.

അന്നു് സമുദായത്താലും ബന്ധുക്കളാലും തിരസ്കരിക്കപ്പെട്ട താൻ തൻെറ സ്വന്തം കൈകളാൽ പുത്രൻെറ മൃതദേഹം അടക്കംചെയ്തു.

—അന്നു്—അവളുടെ കരളിൽ ക്രൂരമ്പുകൾ തറച്ചു കയറി. ആ അമ്മ ഹൃദയംപൊട്ടിക്കരഞ്ഞു. കുടുകുടെ കണ്ണുനീർ വാർത്തു.

പക്ഷെ—അന്നത്തെ ക്രൂരമ്പുകൾക്കു് ഇന്നത്തെപോലെ വേദനയില്ലായിരുന്നു! അന്നത്തെ കണ്ണുനീർത്തുള്ളികൾക്കു് ഇത്രയും ഘനമില്ലായിരുന്നു!!

വിജയൻെറ ചുണ്ടുകൾ വീണ്ടും വികസിച്ചു. നാവനങ്ങി. അവൻ വ്യക്തമായി ചോദിച്ചു. അമ്മയുടെ കരൾ തകർക്കുന്ന വേദനയുടെ കാരണം. പേമാരിചൊരിയുന്ന കണ്ണുനീരിൻെറ കഥ.

അവൾ അല്പം മടിച്ചു. അവൻ ശക്തിപൂർവ്വം നിർബ്ബന്ധിച്ചു. അമ്മ അടുത്തയാണ്ടിൽ പറയാമെന്നു പറഞ്ഞു. വിജയനു് അപ്പോൾത്തന്നെ കേൾക്കുകയും വേണം. അവൻ ശാഠ്യമായി. അമ്മ സമ്മതിച്ചു. പുത്രൻ തലയിളക്കി അടുത്തിരുന്നു.

ആ വൃദ്ധയായ മാതാവു് പുത്രൻെറ മുഖത്തുപിടിച്ചു തടവി. കണ്ണുകൾ ഒപ്പിമാററി. അവളുടെ കട്ടിക്രൂടിയ ചുണ്ടുകൾ വിജയൻെറ നിറുകയിൽ അനേകവട്ടം ചുംബനം ചാർത്തി. അവളുടെ കണ്ണുനീരാൽ ആ നിറുക നനച്ചു. ചുണ്ടുകളാൽ തുടയ്ക്കപ്പെട്ടു.

അമ്മ കഥപറഞ്ഞുതുടങ്ങി. കഥയല്ല. അവൾക്കു് ആത്മകഥയായി തൻെറ പുത്രനു സമ്മാനിക്കുവാനുള്ള സമ്പാദ്യം. അമ്മയ്ക്കു് ഓർമ്മവച്ച കാലം മുതൽ ഈ അമ്പതു വയസ്സുവരെ നേടുവാൻ കഴിഞ്ഞ നേട്ടങ്ങൾ. സ്നേഹവതിയായ അമ്മയുടെ സമ്പാദ്യത്തിൻെറ കലവറ.

അവൾ പറഞ്ഞുതുടങ്ങി. വിജയൻ മൂളിക്കേൾക്കുവാനും. ദുഃഖപൂർണ്ണമായ അന്തരീക്ഷത്തിന്റെ അകമ്പടിയോടുകൂടി. അവളുടെ ദുഃഖം ഹൃദയത്തിന്റെ അഗാധതയിൽ നിറഞ്ഞു കവിഞ്ഞതായിരുന്നു. അനുഭവങ്ങളുടെ തീച്ചൂളയിൽനിന്നും രൂപമെടുത്തതായിരുന്നു.

അവളെ വ്രണപ്പെടുത്തിയ എല്ലാ കഥകളും പുത്രനോടു പറഞ്ഞുകൊടുത്തു. ഒടുവിൽ അവൾ വീണ്ടും പൊട്ടിക്കരഞ്ഞു. വിജയന്റെ ഓമനച്ചുണ്ടുകൾ വിറച്ചുതുടങ്ങി. അവൻ നിർബ്ബന്ധിച്ചു. അവൾ പറഞ്ഞു.

“മകനേ — ഞാൻ നിന്നെക്കുറിച്ചും ഭയപ്പെടുന്നു. നിന്റെ യുവത്വം എന്നെ പേടിപ്പെടുത്തുന്നു. നിന്റെ അച്ഛൻ ഈ പ്രായത്തിലാണ് എന്നെ വിവാഹം കഴിച്ചതു്. ആറു വർഷങ്ങൾ മാത്രമാണ് ഞങ്ങൾക്കൊരുമിച്ചു താമസിക്കുവാൻ കഴിഞ്ഞതു്. പിന്നീടു് ജീവിതമാർഗ്ഗം കാണാതെ അദ്ദേഹം പട്ടാളക്കാരനായി. ബ്രിട്ടീഷുകാരന്റെ സാമ്രാജ്യദുർമ്മോഹം അദ്ദേഹത്തെ കൊന്നുതിന്നു. എന്നെയും രണ്ടു കുട്ടികളെയും അനാധരാക്കി.

നിന്റെ ജേഷ്ടൻ ഈ പ്രായത്തിലാണ് പൊതുജനരംഗത്തിറങ്ങിയതു്. അഭിമാനമുള്ള വേലക്കാരനായതു്. ഇരുമ്പടിച്ചു് അരിവാങ്ങിത്തരാൻ തുടങ്ങിയതു്. അവനേയും ദിവാന്റെ തോക്കുകൾ ചുട്ടുതിന്നു. ഒരു അധികാരിയുടെ തന്നിഷ്ടത്തിനുവേണ്ടി അവന്റെ പ്രായക്കാരായ— കഷ്ടപ്പെടുന്ന വീടുകളിൽ അദ്ധ്വാനികളുടെ മക്കളായി ജനിച്ചുവളർന്നവരായ—പാവപ്പെട്ട പട്ടാളക്കാർ ബട്ടണമർത്തി. നമ്മുടെ രാജപ്പനും അതുപോലുള്ള അനേകം ഓമനക്കുഞ്ഞു

ങ്ങളും കരിഞ്ഞുപോയി — തകർന്നുമരിച്ചു. നീയും ഇന്ന് അവരെപ്പോലെ യുവാവായി. എന്റെ ഹൃദയം തകരുന്നു. നിന്റെ ജീവനും ഏതു നിമിഷത്തിലാണ് പൊലിഞ്ഞുപോകാൻ പാടില്ലാത്തത്?

വിജയൻ അമ്മയെ സൂക്ഷിച്ചുനോക്കി. അവന്റെ മുഖം ആലോചനയുടെ കൊടുങ്കാററിൽപ്പെട്ട് തെരുതെരെ നിറംമാറിക്കൊണ്ടിരുന്നു.

അവൻചോദിച്ചു:—

“—അമ്മേ ഞാനും പൊലിഞ്ഞുപോകാം. എന്റെ പ്രായത്തിലുള്ളവർ ഒന്നായും ഒററയൊററയായും പൊലിഞ്ഞുപോകാം. അങ്ങനെ അനേകം അമ്മമാർ നിരാശ്രയത്വത്തിലും പട്ടിണിയിലും കഷ്ടപ്പാടിലും ആഴ്ന്നുപോകാം. ശരിതന്നെ. അതാണ് അമ്മയുടെ എല്ലാം അനുഭവങ്ങളും എന്റെ എല്ലാ അറിവുകളും വിളിച്ചുപറയുന്നത്. ഇതിന്റെ കാരണമെന്താണ്? മനുഷ്യവർഗ്ഗത്തിന്റെ മേലുള്ള ഈ ശാപം തട്ടിനീക്കുവാനുള്ള പോംവഴിയെന്താണ്.

വിജയൻ അമ്മയുടെനേരേ ഉററുനോക്കി. അമ്മ ദീർഘാശ്വാസം കൈവരുത്തിക്കൊണ്ടു മറുപടി പറഞ്ഞു. തന്റെ മുഴുവൻ അറിവുകളും ചൊരിഞ്ഞുകൂട്ടി.

“പോംവഴിയുണ്ട്.”

ആ അമ്മ ഗൗരവപൂർവ്വം തുടർന്നു.

“ഈ ഭീകരമരണങ്ങളും അകാലചരമങ്ങളും ബദ്ധപ്പാടുകളുടെ നരകകുണ്ഡുകളും നീങ്ങിക്കിട്ടുവാൻ മാർഗ്ഗങ്ങളുണ്ട്. ഭൂമുഖത്ത് യുദ്ധങ്ങൾ ഉണ്ടാകരുത്. അതിന് മനുഷ്യരെ എല്ലാവരെയും സഹോദരബുദ്ധ്യാ സ്നേഹിക്കുന്നവരാൽ ലോകം ഭരിക്കപ്പെടണം. പിന്നാലെ, കലാപങ്ങളൊഴിഞ്ഞു ശാന്തിയും സമാധാനവും ഐശ്വര്യ

KOTTAYAM PUBLIC LIBRARY * KOTTAYAM *
80715

വും ജനങ്ങളുടെ ഇടയിൽ കൈവരുന്നതിന് സാദ്ധ്യതകളുണ്ട്.

ബദ്ധപ്പാടുകൾ, തീരാത്ത പട്ടിണി; തോരാത്ത കണ്ണുനീര് അവയെല്ലാം അവസാനിപ്പിക്കണം. അതിന് അവയുടെ കാരണങ്ങളുടെ ചുവടറുത്തുകളയണം. അപ്പോൾ ലോകത്തിലുള്ള അമ്മമാർക്ക് തങ്ങളുടെ ഓമനമക്കൾ പൊലിഞ്ഞുപോകാതിരിക്കും. ഭാര്യമാർക്ക് അവരുടെ കരളിന്റെ ജീവനായ ഭർത്താക്കന്മാരും കുഞ്ഞുങ്ങൾക്ക് അവരുടെ രക്ഷിതാക്കളും ഇല്ലാതെവരികയില്ല. അതിന് എല്ലാമനുഷ്യരും ഒരേ അഭിപ്രായക്കാരായി മാറണം. അങ്ങനെ മുന്നോട്ടു നീങ്ങണം. ഈ എല്ലാ അനീതികൾക്കുമെതിരായി, അതു അസാദ്ധ്യമാണ്. വമ്പിച്ചവിഭാഗം കഷ്ടപ്പെടുമ്പോൾ മാത്രം സുഖിക്കുവാൻ കഴിയുന്നവരുണ്ട്. കൈവിരലുകളോളം വരാത്തവർ. അവർ ഇതിന്നെതിരായിരിക്കും. അവരെ ശ്രദ്ധിക്കേണ്ടയാവശ്യമില്ല ബദ്ധപ്പെടുന്ന — കഷ്ടതകൾ സഹിക്കുന്ന – എല്ലാമനുഷ്യരും ഒരേ അണിയായി മാറണം. അങ്ങനെ മുന്നോട്ടു നീങ്ങണം. അപ്പോൾ ലോകം വിമുക്തമാകും. പിന്നെയും കുഴപ്പങ്ങളുണ്ട്. ഈ വിവരം മനസ്സിലാക്കിയ പലരും പലയിടത്തും പ്രതിഷേധശബ്ദമുയർത്തി. നമ്മുടെ നാട്ടിലും കുഴപ്പങ്ങൾ തലപൊക്കി. വിപ്ലവധ്വനികൾ മുഴങ്ങി. നല്ലതിനുവേണ്ടിയുള്ള സത്യപ്രതിജ്ഞയോടെ ജീവനെപ്പോലും തൃണവൽഗണിച്ചു. പക്ഷെ അധികവും പരാജയമായി മാറി. കാരണം മറെറാന്നുമല്ല. ആ സംരംഭങ്ങൾ ശിഥിലങ്ങളായിരുന്നു. അതിൽ പലയിടത്തും കാലത്തേയും ജനതയേയും തിരിച്ചറിഞ്ഞും പഠിപ്പിച്ചും വിജയസാദ്ധ്യത സൃഷ്ടിക്കുന്നതിനുള്ള ബുദ്ധിയുടെ പ്രവർത്തനം പോരാതെപോയി. പിന്നെ ഒററരാത്രി

കൊണ്ട് ആക്കും പർവ്വതം നിരത്താൻ സാദ്ധ്യമല്ലല്ലോ. എത്ര പരാജയങ്ങൾക്കു ശേഷമാണ് വിജയം കയ്യിൽക്കിട്ടുന്നതു്. എപ്പോഴും ശക്തവും വിശാലവുമായ സംരംഭങ്ങൾക്കാണു വിജയസാദ്ധ്യതകളധികം. ആളുകളെ അധികാരത്തിൻെറ കൈവിരലുകളിൽ തൂണ്ടിനിറുത്തുന്നതിലല്ല—കാര്യവിവരമുള്ളവരാക്കുന്നതിലാണ് വിജയം സ്ഥിതിചെയ്യുന്നതു്. ഏതായാലും മക്കളെ ധൈര്യംവിടരുതു്. വിജയം ഉണ്ടായിക്കൊള്ളും.

അമ്മയുടെ ജ്ഞാനവും വചോധാടിയും വിജയനിലേക്കു് ഇരച്ചുകയറി.

അമ്മ പിന്നെയും പറഞ്ഞു, വളരെയധികം കാര്യങ്ങൾ. തങ്ങളുടെ അനുഭവങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ടു്.

വിജയൻെറ തലയിൽ വെളിച്ചം വീശി. അവൻ കുറേനേരം നിശ്ശബ്ദനായിരുന്നു. സാവധാനം എഴുനേററു അമ്മയുടെ പാദങ്ങളിൽ തൊട്ടു നമസ്കരിച്ചു. അപ്പോഴും അമ്മയുടെ കണ്ണുകളിൽ നിന്നും വലിപ്പമേറിയ തുള്ളികൾ നിലത്തുവീണു.

വിജയൻ ഇന്നു് ഒരു ബഹുജനപ്രവൎത്തകനാണു്. നാടിൻെറയും നാട്ടുകാരുടെയും മുക്തിക്കുവേണ്ടി, ഇരുട്ടിൻെറ വിനാശത്തിനുവേണ്ടി, അനന്തമായപകലിൻെറ ഉദയത്തിനുവേണ്ടി എല്ലാമറിഞ്ഞു പണിയെടുക്കുകയാണു്.

അമ്മയുടെ കണ്ണുകൾ ഇന്നും പുത്രനെക്കാണുമ്പോൾ— പുത്രനെപ്പററി ഓൎക്കുമ്പോൾ നിറയുന്നതുകാണാം.

പക്ഷെ—തികച്ചും ആനന്ദാശ്രുക്കളാൽ.

# ആരുടെ കുററം?

അന്നത്തെ സായാഹ്നം മധുരതരമായിരുന്നു. മൂട്ടപഴുത്ത സൂര്യബിംബം തണുത്തുതണുത്തു നിഷ്പ്രഭനായി. ചുവന്നമങ്ങിയ മുഖവുമായി പടിഞ്ഞാറവശത്തുള്ള പനമരത്തിനിടയിലൂടെ പമ്പയാററിലേക്കു മുങ്ങിക്കളഞ്ഞു.

ചിരിക്കുന്ന നിലാവും തിളങ്ങുന്ന നീലാകാശവും ഓടിവന്നു. കൊച്ചുകൊച്ചു വെണ്മേഘശകലങ്ങൾ ചന്ദ്രനെ വലംവച്ചുകൊണ്ടിരുന്നു. അങ്ങാങ്ങകലത്തിൽ ചിരിക്കുന്ന നക്ഷത്രങ്ങൾ കണ്ണുചിമ്മുന്നുണ്ടായിരുന്നു. അവയുടെ ശോഭയെ നിഷ്പ്രഭമാക്കിക്കൊണ്ടു് ചന്ദ്രൻ സമ്പൂർണ്ണനായും.

ഞങ്ങൾ കേരളമഹിളയുടെ കസവാടയുടെ തീരത്തിരിക്കുകയാണു്. അല്പം വററി തെളിഞ്ഞുപുളഞ്ഞൊഴുകുന്ന പമ്പയുടെ തീരത്തിൽ. ഞങ്ങളെന്നുപറഞ്ഞാൽ—ഞാനും പ്രിയപ്പെട്ട കുഞ്ഞപ്പനും. കുഞ്ഞപ്പനെന്നുപറഞ്ഞാൽ ഒരു അനാഥക്കുഞ്ഞു് വളർച്ചപ്രാപിച്ച യുവാവു്. ചില മാസങ്ങൾമാത്രം പ്രായമുള്ളപ്പോൾ പിതാവു മരിച്ചുപോയ സന്താനം. പണക്കാരായ ബന്ധുക്കളുടെ സഹായത്താൽ

വളരുകയും മാനസികമായി അങ്ങേയററം പീഡയനുഭവിക്കുകയും ചെയ്യുന്ന ഒരു നല്ല ചെറുപ്പക്കാരൻ.

ആള് മഹാ രസികനാണ്. പല തമാശകളും പറഞ്ഞു് എന്നെ പൊട്ടിച്ചിരിപ്പിച്ചു. അന്ന് ഞങ്ങടം സംബന്ധിച്ച "തേവർകാട്ടു് തൊമ്മിച്ചൻെറ" വിവാഹത്തെയും അതിൻെറ പലതരം ചടങ്ങുകളെയും പററി പലതും പറയാനുണ്ടായിരുന്നു. അവിടെ കൂടിയ പലതരം വ്യക്തികളെപ്പററിയും പലതും പറഞ്ഞു. കുറവുകളും കുറ്റതല്പകളും. എല്ലാംകൊണ്ടും രസാവഹമായ ഒരു രാത്രിയായിരുന്നു.

പറഞ്ഞുപറഞ്ഞു് നമ്മുടെ കുഞ്ഞപ്പൻ ഒരു സംഭവബഹുലമായ കഥയിലേക്കു കടന്നു. ഒരു കന്യക പരിതാപകരമായി മരണംവരിച്ച കഥ.

ചന്ദ്രികച്ചാറ് ഉതിർന്നുതിർന്നു പമ്പയിലേക്കു വീണു. ചങ്ങനാശ്ശേരിയിൽനിന്നും ആലപ്പുഴയ്ക്കു് ഞങ്ങളുടെ സമീപത്തുകൂടി പാഞ്ഞുപോയ ബോട്ടിനെ ഉരുക്കിയ വെള്ളിയരുവിപോലെ ആ ജലപ്രവാഹം പരിസേവനംചെയ്തു. പടിഞ്ഞാറെക്കരയിൽ ഒരു പഴയ ക്ഷേത്രം നിലകൊള്ളുന്നു. മുമ്പിൽ ഒരു പനയും പടർന്നുപിടിച്ച ഒരാൽവൃക്ഷവും. അവയിൽ ചടപടാശബ്ദമുണ്ടാക്കിക്കൊണ്ടു് സമ്മേളിക്കുന്ന വാവലുകളും.

കുറേ നേരം പമ്പയിലെ പൂംപാതകളുടെ മനോഹാരിതയിലേക്കു് ഉററുനോക്കിയിരുന്നിട്ടു് തൻെറ ഷർട്ടിൻെറ കൈകൾ തെറുത്തുകയററിക്കൊണ്ടു് അരുണിമകലർന്ന മുഖവുമായി കുഞ്ഞപ്പൻ ചോദിക്കുകയാണു്—

"അളിയാ—അതാരുടെ കുററമാണു്?

ഏതു്?. ഞാൻതന്നെ അമ്പരന്നുപോയി.

"ആ പരിശുദ്ധയായ സ്ത്രീയുടെ മരണം?"

ഏതു പരിശുദ്ധ സ്ത്രീയുടെ മരണം?

"അയ്യോ—അപ്പോൾ അളിയൻ ആ നല്ലവളിൽ നല്ലവളായ സഹോദരിയുടെ മരണത്തെപ്പററി കേട്ടില്ലെന്നോ?"

കുഞ്ഞപ്പൻ ആരേപ്പററിയാ പറയുന്നതു്? സിസ്റ്റർ അൽഫോൻസായേപ്പററിയോ മററാ ആണോ?

അല്ലെന്നേ—ഒരു അദ്ധ്യാപകയായിരുന്ന മഹതിയേപ്പററി. നമ്മുടെ പഴേവീട്ടിൽ തെറമ്മയേപ്പററി. അപ്പോൾ—അളിയനു് തെറമ്മയുടെ രോമാഞ്ചമണിയിക്കുന്ന കഥയറിഞ്ഞുകൂടാ. പ്രേമവും ഭക്തിയും നിറഞ്ഞു കവിഞ്ഞ ആ യുവതിയുടെ ഹൃദയകഥയറിഞ്ഞുകൂടാ—.

ഇല്ല, പറഞ്ഞേ ഒന്നറിഞ്ഞോട്ടെ.

കുഞ്ഞപ്പൻ കഥ പറഞ്ഞു തുടങ്ങി. ഞാൻ അല്പം കൂടി അടുത്തിരുന്നു ചെവി കൂർപ്പിച്ചു.

"വളരെ നീണ്ട ഒരു കഥയാണു്. പറഞ്ഞാലും പറഞ്ഞാലും തീരുകയില്ല. പറഞ്ഞു തീരുമ്പോൾ ഞാൻ കരഞ്ഞു കരഞ്ഞു മരിക്കും—."

സമയം കുറവാണു്. അതിന്റെ പ്രാധാന്യമേറിയ ഭാഗങ്ങൾ മാത്രം പറഞ്ഞു് കഥ മനസ്സിലാക്കിയാൽ മതി.

കുഞ്ഞപ്പന്റെ വെളുത്തു ചുവന്നു പ്രസന്നമായിരുന്ന മുഖം നീലനിറം പകർന്നു. ആ ജീവനേറിയ കണ്ണുകൾ വെട്ടിത്തിളങ്ങി; നിറഞ്ഞൊഴുകി; ശബ്ദം തൊണ്ടയിൽ തടഞ്ഞു.

എന്താ കുഞ്ഞപ്പാ—ഇങ്ങനെ?

അവൻ വിങ്ങിവിങ്ങിപ്പറഞ്ഞു. അല്ലാ—ആ മഹതിയുടെ ആദർശപരമായ ജീവിതവും നിർഭാഗ്യകരമായ

മരണവും. ഓക്കുമ്പോൾ ഹൃദയം പൊട്ടുന്നു അളിയാ – –.

ങാ—അതു പറയാതെങ്ങിനാ എനിക്കു മനസ്സിലാകുന്നേ. ചുരുക്കിയെങ്കിലും പറയൂ–.

കുഞ്ഞപ്പൻ വിറയ്ക്കുന്ന ചുണ്ടുകളോടെ–നിറഞ്ഞുതുളുമ്പുന്ന കണ്ണുകളോടെ–പതറുന്ന ശബ്ദത്തോടെ–കഥ പറഞ്ഞുതുടങ്ങി. അവളുടെ എല്ലാ ചുററുപാടുകളേയും പററി.

പമ്പയുടെ ഇരുഭാഗത്തും വളർന്നു മുററിനില്ക്കുന്ന തെങ്ങിൻതോപ്പുകളിലേക്കും മുണ്ടകവയലുകളിലേക്കും കണ്ണോടിച്ചുകൊണ്ട്-ഇടയ്ക്കിടയ്ക്ക് കുഞ്ഞപ്പനെ കണ്ണിട്ടുകൊണ്ട് ഞാൻ ആ കഥയങ്ങിനെ കേട്ടുതുടങ്ങി.

നമ്മുടെ കഥാ നായിക-പുരാതീനമായ ഒരു കുടുംബത്തിന്റെ അവശിഷ്ടങ്ങളിലൊന്നാണ്. എന്നുവച്ചാൽ പുരാതീനത്വം പറയുന്നവരില്ലേ–കുറേ നമ്പൂതിരി കുടുംബങ്ങൾ പണ്ടുപണ്ട് മതപരിവർത്തനം ചെയ്ത കഥ പറയുന്നവർ. ആ തായ്‌വഴിപറയുന്ന നസ്രാണികൾ. അത്തരം ചിതലുകുത്തിപ്പൊടിഞ്ഞ കഥകൾ അയവിറക്കുന്ന ഒരു വീട്ടിലെ സുഭഗയായ ഒരു വീട്ടുകാരണോത്തിയാണ് നമ്മുടെ കന്യക. അവൾ ബദ്ധപ്പാടുകളുടെയും ദുരഭിമാനത്തിന്റെയും മദ്ധ്യത്തിൽ നിന്നുകൊണ്ട് ഉന്നതവിദ്യാഭ്യാസം നേടുകയും ചെയ്തു.

വളരെ ബദ്ധപ്പെട്ടാണ് ബി. എ. പാസ്സായത്. കാരണം മററൊന്നുമല്ല. പഴയ അറയും പുരയും നാലുകെട്ടും ചാവടിയും തൊഴുത്തുമല്ലാതെ കാര്യമായ ആദായമാർഗ്ഗങ്ങൾ ഇല്ലായിരുന്നു. എല്ലാം ഇടക്കാലത്ത് കൈവിട്ടുപോയിരുന്നു. എന്നുപറഞ്ഞാൽ എന്തോ ഒരു വലിയ കടമുണ്ടായിരുന്നു. എതിർകക്ഷികൾ വിധിസമ്പാദിച്ചു. ആദായമുള്ള വസ്തുവകകളെല്ലാം അവർ നടത്തിയുമെടുത്തു. ചേറുള്ള നിലങ്ങളും വെള്ളയ്ക്കാപൊട്ടുന്ന തെങ്ങുകളും എല്ലാം എതിരാ

ളികൾ നടത്തിയെടുത്ത എതിരാളിയെന്നുപറഞ്ഞാൽ അന്യനൊന്നുമല്ല. ഏററവും അടുത്തബന്ധു അതുകൊണ്ട് ചെറിയതുകയ്ക്ക് വലിയ സ്വത്തുക്കൾ അയാൾക്ക് കൈവശപ്പെടുത്താൻ കഴിഞ്ഞു. നാട്ടുകാർക്ക് എന്തുചെയ്യുവാൻ കഴിയും— അയാൾ അവരെ നന്നാക്കുവാനുംകൂടി കടപ്പെട്ടവനല്ലേ?

ഞാൻ പറഞ്ഞില്ലേ - അങ്ങനെ നമ്മുടെ തെരേമ്മ കുട്ടനാട്ടിലെ പരിഷ്കൃതമായ ആ സ്ഥലത്ത് അദ്ധ്യാപികവൃത്തിയിൽ കഴിഞ്ഞുകൂടുകയാണ്. അതും ഒരു പരിശുദ്ധമായ അന്തരീക്ഷത്തിനുള്ളിൽ നിന്നു വിങ്ങിപ്പൊട്ടുന്ന ഒരു വിദ്യാലയത്തിൽ. വളർച്ചപ്രാപിക്കുവാൻ അത്യധികമായി അഭിലഷിക്കുന്ന അദ്ധ്യേതാക്കൾ ഉള്ളിലും പരിശുദ്ധന്മാരെ പൊക്കിക്കാണിച്ച് അന്തരീക്ഷം വാർത്തിരിക്കുന്ന കനത്ത ഭിത്തികൾ ചുററുപാടിലുമുള്ള ഒരു വിജ്ഞാനകേന്ദ്രത്തിൽ. പരിശുദ്ധപ്രേമാരാധകയായ — സൌന്ദര്യസമ്പന്നയായ - സൌശീല്യസുഭഗയായ ഒരു ഇളം കന്യകയെ ഇരുളിലടയ്ക്കുന്ന കന്യാസ്ത്രീമഠംപോലെ ആ വിദ്യാലയം നിലകൊള്ളുകയാണ്.

തെരേമ്മയുടെ ക്ലാസ്സിൽ ഒരുപ്രാവശ്യമെങ്കിലും ശ്രദ്ധിച്ചിട്ടുള്ള അദ്ധ്യേതാവിനു് അവരെ മറക്കുവാൻ സാദ്ധ്യമല്ല. വ്യക്തിപരവും കുടുംബപരവുമായ എല്ലാ ദുഃഖങ്ങളേയും ഹൃദയത്തിലമർത്തിക്കൊണ്ട് പുഞ്ചിരിതൂകുന്ന മുഖകമലവുമായി ആ വന്ദ്യക്ലാസ്സിൽ വന്നുകയറും. ശിഷ്യഗണങ്ങൾ ആനന്ദാതിരേകത്തോടെ ചാടിയെഴുന്നേററു് അഭിവാദ്യം ചെയ്യും.

തെരേമ്മയുടെ ശബ്ദം പൊഴിഞ്ഞുതുടങ്ങിയാൽ ആ അന്തരീക്ഷം അച്ചടക്കത്തിന്റെയും നൈർമ്മല്യത്തിന്റെ

ദും കൊട്ടുമുടിയിലേക്കു കുതിച്ചു കയറും. ശോകചരായ കമലൻ വിശുദ്ധമായ ദൃഷ്ടികളാൽ ഓരോരുത്തരേയും അളന്നു തൂക്കിയും നോക്കിക്കൊണ്ട്—ആ ചെറിയ ചുണ്ടുകളിൽക്കൂടി—മണിമുത്തു പല്ലുകൾക്കിടയിൽനിന്നും പൊഴിഞ്ഞുവീഴുന്ന പദങ്ങൾക്ക് എന്തൊരഴകാണ്. എന്തെല്ലുത്തുക്കമാണ്. ആ ശബ്ദത്തിന് എത്രകണ്ടു മാധുര്യമാണ്.

ഒരുദിവസം പ്രധാനാദ്ധ്യാപികയായ കന്യാസ്ത്രീയമ്മയുടെ ക്ലാസ്സ് കഴിഞ്ഞിറങ്ങിയ ഒരുക്കൂട്ടം പെൺകുട്ടികൾ പറയുകയാണ്—.

"കേട്ടോടീ റോസമ്മേ—ഈ അമ്മ ക്ലാസെടുത്തിട്ടെന്താ മനസ്സിലാകാത്തേ—

റോസമ്മ പറഞ്ഞു—ഞാൻ മനസ്സിലായില്ലെന്നു പറഞ്ഞപ്പഴ്—ദേ—കണ്ടോ എന്റെ ഒരത്തേലേ തൊലി മുഴുവൻ പിച്ചിയെടുത്തുകളഞ്ഞു. ഒന്നരയ്ക്കർ തൊലി.

കുഞ്ഞമ്മ പറഞ്ഞു— എടീ— അല്ലെങ്കിലും എത്ര നല്ല പെമ്പറന്നോരായാലും ഈ കരിമ്പടമെല്ലാം ഇട്ടുകഴിയുമ്പോൾ സർവ്വ മനുഷ്യത്തോം നശിക്കും. ഹോ—എന്റെ പൊന്നച്ചാ— ഈ അമ്മമാക്കുള്ളിടത്തോളം കുശുമ്പും പരശ്രുന്യോം ആർക്കൊണ്ട്. മാസംതോറും പലഹാരോം പഴംമാങ്ങായും ഒക്കെ ചുണ്ടേ തേച്ചോണ്ടിരിക്കണം. അല്ലെങ്കി ചെകുത്താന്റെമാതിരിയാ വരണേ—.

ഒന്നും മിണ്ടാതെനിന്ന കമലമ്മ പറഞ്ഞു—.

"ചുമ്മാതല്ല—തെറമ്മസാറിനെ അമ്മമാരെല്ലാം നിർബ്ബന്ധിച്ചിട്ടും നിർബ്ബന്ധിച്ചിട്ടും മഠത്തിച്ചേരാത്തേ. ഞാൻ ഇന്നാളൊരുദിവസം ഉള്ളിലിരിക്കതന്നറിയാവല്ലോ

ന്നു വിചാരിച്ചു തെറമ്മസാറിനോടു ചോദിച്ചു-സാറെന്താ സാറേ മഠത്തിൽച്ചേരാത്തേ-എത്ര ഡിഗ്രിയൊണ്ടെങ്കിലും മഠത്തിച്ചേർന്നാലേ അവരു് ഹെഡ്മിസ്റ്റ്റസ്സാക്കത്തൊള്ളു- അന്നേരം അവരു പറയുവാ - എന്റെകുട്ടി-താനെന്തായീ പറയുന്നതു്. മനുഷ്യർക്കെല്ലാം ജനനത്തോടൊപ്പം ചിലചുമതലകളും ഉണ്ടാകുന്നുണ്ടു്. എന്നിട്ടു് ചിരിച്ചുകൊണ്ടു് തമാശപോലെ സാറു പറയുവാ- "ഒരു കന്യകയ്ക്കു് കാമുകിയാകാം. ഭാര്യയാകാം മാതാവാകാം. പിന്നീടു് മാതാമഹിയും പിതാമഹിയുമാകാം. പക്ഷെ- ഒരു കന്യാസ്ത്രീയാവുക! അതു് വളരെയേറെ പരിചിന്തനംചെയ്തതിനു ശേഷമാകേണ്ടതാണു്".

മറിയാമ്മ പറഞ്ഞു-ങ്, ചുമ്മാതല്ല ഉള്ള വിശുദ്ധി കെടുത്തികളയാൻ കഴിയേലാഞ്ഞിട്ടാ-

ഇതെങ്ങിനെയറിഞ്ഞു കുഞ്ഞപ്പാ - ഈ പെമ്പിള്ളാരുടെ കോൺഫറൻസ്റിപ്പോർട്ടു്?

മറിയാമ്മ-എന്റെ സഹോദരിയല്ലേ-.അവളു പറഞ്ഞതാ-.

പിന്നെയും പിന്നെയും ഹൃദയത്തിലെ ചോരയുടെ മണമുള്ള കണ്ണുനീർ ഒപ്പിനീക്കിക്കൊണ്ടു് കുഞ്ഞപ്പൻ കഥ തുടർന്നു.

"അങ്ങനെ പന്ത്രണ്ടു നീണ്ട വർഷങ്ങൾ പിന്നിട്ടു പോയി. ഇതിനിടയിൽ തെറമ്മ എൽ. ററി-യും കൂടി പാസ്സായി. എങ്ങിനെയോ ഫോത്തു ഹാറം കാരികളായ കന്യാസ്ത്രീകളെ പിന്നിട്ടുകൊണ്ടു് തെറമ്മ അവിടത്തെ പ്രധാനാദ്ധ്യാപികയുമായി.

തെറമ്മസാറിന്റെ പല നിലയിലും തരത്തിലുമുള്ള ശിഷ്യഗണങ്ങളാൽ ആ നാടും പരിസരങ്ങളും നിറഞ്ഞു. അങ്ങനെ അവർ നാടിന്റെ മുഴുവൻ സാറായി മാറി.

ശിഷ്യരിൽ പലരും ബിരുദധാരികളായി നാട്ടിൽ തിരിച്ചെത്തി. പലരും പലതിലും ഏർപ്പെട്ടു. ചിലരെല്ലാം വീടുകളിലെ ഓരോ മുറിയും അപഹരിച്ച് സുഖവാസവും തുടങ്ങി. അക്കൂട്ടത്തിൽ ആ പള്ളിയിലെ കൈക്കാരന്റെ ഒരു കോങ്കണ്ണി മകളും ഉണ്ടായിരുന്നു. അവൾക്ക് പലയിടത്തും വിവാഹം ആലോചിച്ചെങ്കിലും ഒന്നും നടന്നില്ല. പണത്തിനുവേണ്ടി മാത്രം ഒരു പെൺകുരങ്ങിനെ ചുമക്കുവാൻ പരിഷ്കൃതരായ ചെറുപ്പക്കാർക്ക് മനസ്സില്ലായിരുന്നു. അവളുടെ മദാമ്മചമയൽ വൈരൂപ്യത്തിനു മാററുകൂട്ടിയതേയുള്ളു.

തെറമ്മസ്സാറിന് ഇക്കാലത്ത് വിവാഹാലോചനകളുമായി പല ചെറുപ്പക്കാരും വന്നു. പിന്നെയും പിന്നെയും പണക്കാരിൽ പലരും വിലയ്ക്കുവാങ്ങുവാൻ ചെന്നു. അതിൽ കള്ളഷാപ്പുടമസ്ഥരും ചിട്ടിത്തലയാളന്മാരും ബാങ്കറന്മാരും ഉയർന്ന ഉദ്യോഗസ്ഥന്മാരും മററും ഉൾപ്പെട്ടിരുന്നു. അവരുടെയെല്ലാം പ്രേമാർച്ചനയുടെ മുമ്പിൽ അവൾ ഒരുപോലെ തലയിളക്കി. വിസമ്മതത്തിന്റെ തലയിളക്കൽ.

അച്ചനമ്മാരുടെ ഹൃദയശൂന്യത മാത്രമല്ലായിരുന്നു കാരണം. തെറമ്മസ്സാറായിരുന്നു അവരുടെ വീട്ടിലെ ചുമതലക്കാരി. മരിച്ച പിതാവും വൃദ്ധയായ അമ്മയും കടംകയറി മുടിഞ്ഞ കുടുംബവുമായിരുന്നു അവരുടെ ആകെ സമ്പത്ത്. പോരാഞ്ഞിട്ട് കൗമാരം മാറാത്ത ഒരു കൊച്ചു

സഹോദരനും വിവാഹപ്രായമായ രണ്ടു ഇളയ സഹോദ രികളും. ഒരു വിധത്തിൽ രണ്ടു സഹോദരികളേയും പിടി ച്ചുകൊടുത്തു കഴിഞ്ഞപ്പോൾ ക്രനിൽ കുരുപോലെ അവക്കു ചില്ലറയും മൊത്തവുമായ കടങ്ങളാൽ പൊറുതികേടായി. എന്താ— നസ്രാണിക്കും ബ്രാഹ്മണനും പെണ്ണുവളൎന്നാലു ള്ള കെടുതികളേപ്പററി എന്തു പറയാനാ— —.

ഒരു പ്രായംചെന്ന പ്രാരാബ്ധക്കാരനേപ്പോലെ കു ഞ്ഞപ്പൻ നെടുവീർപ്പിട്ടു.

ങ്‌-ാ- അങ്ങനെ നമ്മുടെ തെറമ്മസ്സാർ മതിലിൽ ക്കിളിത്ത ധൂർത്തന്മാരേക്കാൾ ആരോഗ്യമുള്ള പെറപ്പുക്കാ രെ വാത്സല്യപൂർവ്വം അനുജന്മാരായി തിരഞ്ഞെടുത്തു.

അക്കാലത്ത് ആ മിഡിൽക്കൂൾ ഹൈസ്കൂളായി മാറി. വിരൂപയായ പുത്രിയുടെ വിവാഹാലോചനകളിൽ നിരാശനായ കൈക്കാരൻ പുത്രിയെ പള്ളിസ്ക്കൂളിലെ അ ദ്ധ്യാപികയാക്കി. അടുത്ത ഉന്നം ഹെഡ്മിസ്ട്രസ്സ് പദവി യായിരുന്നു. തെറമ്മസ്സാറിൻെറ സീനിയോറിററിയുടെ തല യിൽ ചവുട്ടിക്കയറുവാൻ ഒരു ചെറിയ ഭയമുണ്ടായിരുന്നു. തെറമ്മസ്സാറിനെയല്ല — തെറമ്മസ്സാറിൻെറ പൊതുജന പിന്തുണയെ.

എങ്കിലും ആലോചനകൾ മുറയ്ക്കുനടന്നു. മഠത്തിലെ കന്യാസ്ത്രീയമ്മമാരും പള്ളിയിലെ വികാരിയച്ചനും കൈ ക്കാരൻെറ വശം ചേൎന്നു.

"അതെന്താ-അവരങ്ങനെ കക്ഷിചേരാൻ-കാരണം!" ഒരു കൊച്ചുസംശയം തെകിട്ടിവന്നു.

അതിനും കാരണമുണ്ടു്. കൈക്കാരന്റെ പുത്തൻവീട്ടിൽ നിന്നു് ഴ്ചതോറും അരിയുണ്ടയും താറാംമുട്ടയും മാവും പള്ളിമുറിയും സന്ദർശിച്ചുവന്നു. തെറമ്മയുടെ പടിപ്പുരതകന്ന വീട്ടിൽനിന്നു് എന്തുകിട്ടാനാണു്. പിന്നെ ഒരു ചെറിയ തീരാവ്യാധിയും.

"എന്തു തീരാവ്യാധി?"

കഷണ്ടിയുടെ കൂട്ടുകാരനേ!

"അതെന്തുവാ?"

പലരുടേയും സുഖക്കേടു്. കാരണം കാര്യമായില്ലാതെ ആരംഭിക്കുന്നതും ചികിത്സിച്ചാൽ ഭേദപ്പെടാത്തതുമായ രോഗം. അസൂയ.

ഓ-ഹോ! കണ്ണുനീരിന്റെയിടയിൽ ഞങ്ങൾ ഓക്കാതെ കൂടുകൂടെ ചിരിച്ചു.

ചന്ദ്രബിംബം ഉയർന്നുനിന്ന ചില്ലിക്കത്തങ്ങിനെ പിന്നിട്ടുകൊണ്ടു് ഓടിക്കയറി. വെണ്മേഘക്കഷണങ്ങളാൽ തെരുതെരെ പർദ്ദായണിഞ്ഞും-കൂടെക്കൂടെ പർദ്ദമാററിയും ഞങ്ങളെ ഒളിഞ്ഞുനോക്കിക്കൊണ്ടു് ആ പഥയൻ ചാടി ഓടി പായുകയാണു്.

വീണ്ടും കുഞ്ഞപ്പന്റെ കൺപീലികൾ കണ്ണുനീരിൽ കുഴഞ്ഞുതുടങ്ങി. ആ ദുഃഖത്തിന്റെ ചാലുകൾ എന്റെ ഹൃദയത്തിലേക്കും ഒലിച്ചിറങ്ങി. മൂകനായി നദീപ്രവാഹത്തിലേക്കു തുറിച്ചുനോക്കുന്ന കുഞ്ഞപ്പനെ ഞാൻ തട്ടിയുണർത്തി.

അയാൾ കഥതുടർന്നു—

ഔ-ാ ഞാൻ പറഞ്ഞില്ലേ-അങ്ങനെ വികാരിയും ശ്രേഷ്ഠത്തിയമ്മയും കൈക്കാരനുംകൂടി തെറമ്മയെ നാടുകടത്തുവാൻ പഴുതുനോക്കുകയായിരുന്നു. അങ്ങനെയിരിക്കെ—ഒരു

ദിവസം വികാരിയച്ചൻ ഇംഗ്ലീഷ്പത്രത്തിൽ ഒരു പരസ്യംകണ്ടു. കല്ക്കട്ടയിലെ ഒരു ക്രിസ്ത്യൻ കോളേജിൽ ഒരാളുടെ ഒഴിവിൽ ഏതാനും മാസത്തേയ്ക്ക് ഒരു വനിതാ ലക്ചററെ ആവശ്യമുണ്ട്. വികാരിയച്ചനും പാർട്ടിയും പഴുതു കണ്ടു. ഇരുട്ടുകൊണ്ട് ഓട്ടയടക്കാനുള്ള പ്ലാൻ.

വിവരം തെറമ്മയെ അറിവിച്ചു. തിരിച്ചുവരുമ്പോൾ വീണ്ടും യഥാസ്ഥാനത്തു നിയമിക്കാമെന്നും സമ്മതിച്ചു.

തെറമ്മസ്സാർ കല്ക്കട്ടായിലെ വിമൻസ് കാളേജിൽ ലക്ചററായി ചാർജ്ജെടുത്തു. ആവശ്യങ്ങളും ആഡംബരങ്ങളും ചുരുക്കി കഴിഞ്ഞുകൂടുകയാണ്. ലളിതമായ വേഷം. സ്വയം പാചകവും.

ഒരുദിവസം അവരുടെ മുറിയിൽ രണ്ടു യുവാക്കൾ വന്നുകയറി. അമ്മയുടെ അനുജത്തിയുടെ മകനും ഒരു സ്നേഹിതനും. രണ്ടുപേരും സാമാന്യം ഉയർന്ന ഉദ്യോഗസ്ഥന്മാരാണ്. മാന്യതയും സൽസ്വഭാവവും ഒത്തിണങ്ങിയ ചെറുപ്പക്കാർ.

അവിവാഹിതനായ സ്നേഹിതന് തെറമ്മയിൽ ഒരു മേന്മയേറിയ അനുഭൂതി ഉളവായി. ഹൃദയവതിയായ തെറമ്മസ്സാറിന് ആദ്യമായി ആ സഹൃദയനിലും.

അവർ വീണ്ടും പല പ്രാവശ്യം കണ്ടുമുട്ടി. ആ പ്രേമബന്ധം മുറുകിക്കൊണ്ടിരുന്നു. അവരുടെ ഹൃദയങ്ങൾ പരസ്പരം ഭാവുകങ്ങളരുളിക്കൊണ്ടു വളർന്നുവന്നു.

തെറമ്മസ്സാറിന്റെ ഉദ്യോഗകാലാവധി തീർന്നു. നാട്ടിലേക്കു യാത്രതിരിക്കുവാനുള്ള ഒരുക്കങ്ങളെല്ലാം ചെയ്തു. അടുത്ത പ്രഭാതത്തിലെ വണ്ടിക്കു പുറപ്പെടുവാനും തീർച്ചപ്പെടുത്തി.

രാത്രി അസമയമായി. തെറമ്മ കിടക്കയിൽപോയി കിടന്നു. ഉറക്കം വരുന്നില്ല. അനേകം ചിന്താപരമ്പരകൾ അവളുടെ മാനസസരസ്സിൽ നൃത്തംവെച്ചുകൊണ്ടിരുന്നു. അവൾ ഇടയ്ക്കിടയ്ക്ക് വാതൽ തുറന്ന് റോഡിലേക്കു നോക്കും. ജനശൂന്യമായ പാതയുടെ വിദൂരത്തുള്ള വളവുവരെ ആ കണ്ണുകൾ പറന്നെത്തും. വഴിവിളക്കുകളുടെ തൂണുകളും നിഴലുകളും മാത്രമാണ് കാണുവാൻ കഴിയുന്നത്. നിരാശപ്പെടാതെ-പിറുപിറുക്കാതെ-അവൾ വീണ്ടും വീണ്ടും ആ കണ്ണുകളെ ഓടിച്ചുകൊണ്ടിരുന്നു.

പാതിരയുംകഴിഞ്ഞു. പിന്നെയും ഒന്നുരണ്ടു മണിക്കൂറുകൾ ഇഴഞ്ഞു പോയി. ഒരു ചെറിയ കാർ വാതില്ക്കൽ വന്നുനിന്നു. തെറമ്മ ഓടി മുററത്തിറങ്ങി. ആഗതൻ അവളോടൊത്തു മുറിയിലേക്കു കയറി. അവർ രണ്ടുപേരും ഹൃദയത്തുടിപ്പോടെ ഭാവിയെപ്പററി ചർച്ചചെയ്തു. അവരുടെ വിവാഹദിവസവും നിശ്ചയിച്ചു. അടുത്ത മാർച്ചിൽ അദ്ദേഹത്തിനു് അവധികിട്ടും. അന്ന് തൃശ്ശൂരെത്തി വീട്ടുകാരുടെ സഹകരണത്തോടെ വിവാഹചടങ്ങുകൾനടത്താം. വെറും നാലുമാസത്തെ താമസം. സമുദായത്തിൻെറ മുമ്പിൽ അന്നുമാത്രമേ അവർ ദമ്പതികളാവുകയുള്ളൂ.

എങ്കിലും നാലുമാസത്തെ വിരഹം. ആ നാലുമാസങ്ങൾക്ക് നാലു യുഗങ്ങളെക്കാൾ ദൈർഘ്യമുള്ളതായി അവൾക്കു തോന്നി. ഹൃദയത്തിൽ തിങ്ങിമറിഞ്ഞ വികാരങ്ങളെ അമർത്തിക്കൊണ്ട് മധുരമധുരമായ അവരുടെ സംഭാഷണം നീണ്ടുനീണ്ടുപോയി. ഇതിനിടയിൽ അദ്ദേഹം അവളുടെ വലത്തുകൈയ്യിൽ കടന്നുപിടിച്ചു. ജീവിതത്തിൽ

ആദ്യമായി പരപുരുഷസ്പർശമേററ ആ മുപ്പത്തിരണ്ടുകാരി വിയർത്തുപോയി. അവളുടെ ഹൃദയത്തിന്റെ ഇരമ്പൽ അന്തരീക്ഷത്തെ ശ്വാസംമുട്ടിച്ചു. അദ്ദേഹവും തെല്ലുനേരം നിശ്ശബ്ദനായിപ്പോയി. എന്തോ മധുര വചസ്സുകൾ ആ തൊണ്ടയിൽ കെട്ടിനിന്നു. അവൾ അല്പം ബലം പ്രയോഗിച്ചെങ്കിലും കൈകൾ പെട്ടെന്നു തളർന്നുപോയി. അദ്ദേഹം ഒന്നും ചെയ്തില്ല. ആ പൂവിനെ വെല്ലുന്ന കൈത്തലത്തിൽ ഒന്നു ചുംബിക്കുകമാത്രം ചെയ്തു. എന്നിട്ട് അവാച്യമായ ഒരാനന്ദസംതൃപ്തിയോടെ പുഞ്ചിരിച്ചു.

അവളുടെ ഇടറുന്ന തൊണ്ടയിൽനിന്നും ചില വാക്കുകൾ വഴുതി വീണു.

“പാടില്ലാ—നാം വിശുദ്ധമായ കർമ്മത്താൽ ബന്ധിതരാകുന്നതുവരെ-സമുദായം നമ്മുടെ ബന്ധം അംഗീകരിക്കുന്നതുവരെ-ഹൃദയങ്ങൾ തങ്ങളിലുള്ള വേഴ്ച മാത്രം മതി. നമ്മുടെ ശരീരം പരസ്പരം സ്പർശിക്കുവാൻ പാടില്ല.

ശീമരാജ്യം ചുററി, പല ധാരശാമണിമാരുമായി ആനന്ദനൃത്തം ചവുട്ടിയിട്ടുള്ള മുപ്പത്തിയെട്ടുകാരൻ പൊട്ടിച്ചിരിച്ചു. ആ പൊട്ടിച്ചിരിയുടെ മുമ്പിൽ അവളുടെ മുഖം കുനിഞ്ഞുപോയി.

എങ്കിലും അദ്ദേഹം പിന്നീടവളെ സ്പർശിച്ചില്ല. അവർ വളരെ വളരെ വിശേഷങ്ങൾ കൈമാറി. കുടുംബചരിത്രങ്ങളും എല്ലാം—എല്ലാം.

പാശ്ചാത്യപര്യടനം നടത്തിയവനെങ്കിലും അദ്ദേഹം ഒരു നിർമ്മലനായിരുന്നു. ആ ഹൃദയത്തിനു കുരുക്കിട്ടു

വാൻ തെറമ്മയുടെ മധുരമേറിയ പൂങ്കരളിന്നു മാത്രമാണു കഴിഞ്ഞതു്.

അവരുടെ ദൃഷ്ടികൾ മാച്ച്യമാസത്തിലെ മനോഹാരിതകളിലേക്കു കതിച്ചു പാഞ്ഞു. തുശ്ശൂരുള്ള പച്ചപിടിച്ച ആ വയൽവക്കത്തെ മികച്ച ഇടത്തരം കുടുംബം തെറമ്മയുടെ മനോദപ്പണത്തിൽ തത്തിക്കളിച്ചു. അവരുടെ നമ്മഭാഷണം സരസമധുരമായി ഒലിച്ചുപോയി.

മണി നാലര കഴിഞ്ഞു. ജനാലകൾക്കിടയിലൂടെ തണുപ്പേറിയ ഒരു കരുത്താകെട്ട കാററു് ആ മുറിക്കുള്ളിൽ ഓടിക്കയറി. അതു് അവരുടെ മൃഗീയതയെ കിക്കിളിയിട്ടുണത്തി. അങ്ങനെ ഒരു വിശൃഖലമായ മൃഗീയത അവരുടെ നടുവിൽ ഉയത്തെഴുന്നേററു.

ചില നിമിഷങ്ങൾ—

അവർ സമുദായത്തിൻെറ സാക്ഷിപത്രം കൂടാതെ—ദാമ്പത്യം അനുഭവിച്ചു. മാംസത്തിൻെറയും ചോരയുടേയും ജീവനേറിയ ബന്ധം.

രണ്ടുപേരും കാറിൽക്കയറി റയിൽവേസ്റ്റേഷനിലെത്തി. ട്രെയിനു സമയമായിരുന്നു. സാറിനെ ട്രെയിനിൽ കയററി. അവർ ദീർഘനേരം ചുംബിച്ചു. പാശ്ചാത്യരീതിയിലുള്ള ചുംബനം. ട്രെയിൻ നീങ്ങി.

അദ്ദേഹം കാറിൽക്കയറി ക്യാമ്പിലേക്കു യാത്രതിരിച്ചു.

തെറമ്മസ്സാറിനേയും വഹിച്ചുകൊണ്ടു് ആ പടക്കുററൻ കൽക്കരിത്തീനി അലറിപ്പായുകയാണു്. ആവൾ ക്രിസ്തുവിനെ മണാളനായി സ്വീകരിച്ച ഒരു കന്യകയുടെ വി

ശുദ്ധിയോടെ തന്റെ ഹൃദയനാഥനെത്തന്നെ ധ്യാനിച്ചു. ബന്ധപ്പെട്ട കന്യാവ്രതത്തിലും ഒരു വിശുദ്ധമായ സുഖം അവൾ അനുഭവിച്ചിരുന്നു. കാമുകനെപ്പററിയുള്ള സ്മരണയിൽ ആ നെഞ്ചകം തുടിക്കുന്നുണ്ടായിരുന്നു. ആ രക്തധമനികൾക്ക് ചൂടു കൂടിക്കൊണ്ടിരുന്നു. വണ്ടിയുടെ ജാലകത്തിനിടയിലൂടെ, അവൾ ആ പുൽക്കാടുകളിലും മലമേടുകളിലും മലരണിക്കുന്നുകളിലും വയലേലകളിലും ജലപ്പരപ്പുകളിലും ഉററുനോക്കിക്കൊണ്ടിരുന്നു. അവിടെല്ലാം അവളുടെ പ്രിയപ്പെട്ട മണാളൻ നൃത്തംവയ്ക്കുന്നതായിത്തോന്നി, കൂടക്കൂടെ അവളെ കൈകാട്ടി വിളിച്ചുകൊണ്ട്. "തെറമ്മേ!" ആ മധുരമായ ശബ്ദം കേട്ടുകൊണ്ടാണ് അവൾ ഞെട്ടിയുണർന്നത്. അടഞ്ഞുപോയ കൺപോളകൾ പീലിയനക്കിയത്. അവൾ പകച്ചു നോക്കി. അവിടെങ്ങും ആരെയും കണ്ടില്ല. വണ്ടി മദ്രാസ് സ്റ്റേഷനിലെത്തിക്കഴിഞ്ഞു.

തെറമ്മസ്സാർ നാട്ടിലെത്തി. വീട്ടുകാരും ശിഷ്യഗണങ്ങളുമെല്ലാം സന്തോഷാതിരേകത്തോടെ സ്വീകരിച്ചു. സാറിൽ, അധികരിച്ചുകണ്ട സന്തോഷം അവരെയെല്ലാം സംതൃപ്തരാക്കി.

തെറമ്മ വീണ്ടും പഴയ സ്കൂളിലെ അദ്ധ്യാപികയായി. പക്ഷേ— പ്രധാനാദ്ധ്യാപികയായിട്ടല്ല. മൂന്നാംസ്ഥാനം മാത്രം. പ്രഥമസ്ഥാനം കൈക്കാരന്റെ മകൾ കൈവശപ്പെടുത്തിക്കഴിഞ്ഞു. രണ്ടാംസ്ഥാനമെങ്കിലും കന്യാസ്ത്രീയമ്മയ്ക്കു വേണം—. സർട്ടിഫിക്കററില്ലെങ്കിലും അതിലും താഴെ എങ്ങനാ—. തെറമ്മസ്സാർ സമ്മതിച്ചു. ശമ്പളവും പതിനഞ്ചു രൂപ കുറഞ്ഞു. കല്ലുക്കട്ടയിലെ നാലുമണിക്കൂർ ജോലി

ക്ക് മുന്നൂറു രൂപ ശമ്പളം പററിയ ശ്രീമതി—നാട്ടിലെ ഉന്നതമായ സ്കൂളിൽ ഏട്ടുമണിക്കൂർ ജോലിക്ക് നാല്പത്തഞ്ചു രൂപ വാങ്ങിത്തുടങ്ങി. എന്നാലും തെരമ്മസ്സാറിന് സങ്കടമില്ലായിരുന്നു.

മാർച്ചുമാസംവരെ മതിയല്ലോ—. സുന്ദരക്കുട്ടനായ മാർച്ച് തൻെറ പ്രാണപ്രിയനേയും വഹിച്ചുകൊണ്ട് പൂന്തെന്നൽപോലെ ഓടിയണയും. അങ്ങനെ അവർ തൃശ്ശൂരും പിന്നീട്ട കരുക്കുട്ടായിലും താമസിക്കും.

തെരമ്മസ്സാറിൻെറ ഹൃദയം വളർന്നുകൊണ്ടിരുന്നു. ഗർഭാശയത്തിൽ ഒരു മനുഷ്യഭാഗ്യവും. ഒരു സ്ത്രീയ്ക്കു് സ്വർഗ്ഗവും നരകവും ലോകത്തിൽ സമ്മാനിക്കുവാൻ പ്രാപ്തിയുള്ള മാംസപിണ്ഡം.

കല്ലൂട്ടയിൽനിന്നുള്ള ഓരോ കത്തും വായിച്ചുകേട്ടുകൊണ്ട് ഉദരത്തിലെ ശിശു വളരുകയായിരുന്നു.

സുന്ദരമായ മാർച്ചുമാസം കടന്നുവന്നു. ആ സുന്ദരക്കുട്ടൻെറ വദനത്തിൽ ഒരു ശോകച്ഛായ തെളിഞ്ഞുകാണാമായിരുന്നു. മഴ തൃപ്തികരമായിരുന്നു. വിളവു മെച്ചമായിരുന്നു. പമ്പയാററിലെ വെള്ളവും തെളിച്ചമുള്ളതായിരുന്നു. എങ്കിലും ഒരു മ്ലാനത എല്ലാവിടെയും തെളിഞ്ഞുകാണാം.

വേലക്കാരുടെ കുടിലുകളിൽ പഴയതുപോലെതന്നെ അലയും മുറയും തുടർന്നുകൊണ്ടിരുന്നു. മുതലാളിമാരുടെ പട്ടികൾ പതിവുപോലെ ഇറച്ചിയും ചോറും തിന്നുന്നുണ്ടായിരുന്നു. പാവപ്പെട്ടവരുടെ ഇറച്ചിയുടെ സ്വാദും പട്ടികൾ നോക്കിയിരുന്നു. വള്ളക്കാർ കൂക്കുവിളിച്ചുകൊണ്ട് വെള്ളപ്പാംകാലത്തും ആറുവഴി സഞ്ചരിച്ചിരുന്നു.

ബോട്ടുകൾ പുകതുപ്പിക്കൊണ്ടു പാഞ്ഞുപോയിരുന്നു. എൻജിൻ തകരാറും പതിവുപോലെ മാത്രമായിരുന്നു. എങ്കിലും പൊതുവേ പ്രകൃതിയിൽ ചില അസാധാരണമായ അസഹ്യതകൾ അവ്യക്തമായി പററിപ്പിടിച്ചിരുന്നു.

ഒരുദിവസം പോസ്റ്റുമാൻ ഒരു നിറഞ്ഞ ചിരിയോടെ തെറമ്മസ്സാറിൻെറ ക്ലാസ്സിനു മുന്നിൽ വന്നുനിന്നു. സല്യൂട്ടുചെയ്തു. അന്നാള്യമായി സാമാന്യം വലിപ്പമുള്ള ഒരു രജിസ്റ്റർ ഉരുപ്പടി സാറിനെ ഏർപ്പെടുത്തി. അടക്കാനാവാത്ത ആനന്ദാകിരേകത്താൽ തെറമ്മ മതിമറന്നുപോയി. തൻെറ ഗർഭശിശുവിൻെറ പിതാവു് അവൾക്കും കുഞ്ഞിനും ഒരുമിച്ചു ധരിക്കുവാൻ വെള്ളപ്പട്ടിൻെറ സാരി അയച്ചിരിക്കുന്നു. മറെറന്തെല്ലാം വിശിഷ്ടവസ്തുക്കൾ കൂടി ആ പെട്ടിയിൽ അടക്കം ചെയ്തിരിക്കാം. കഴിഞ്ഞകത്തിൽ എഴുതിയിരുന്നു– അദ്ദേഹം വരുമ്പോൾ "അണിഞ്ഞുനില്ക്കേണ്ട സാരി ഉടനെ അയയ്ക്കുമെന്നു്. ഒരുവിധത്തിലും ദുഃഖിക്കരുതു്." അവരുടെ ഒന്നായ ഹൃദയത്തോടൊപ്പം ശാശ്വതമായി ശരീരങ്ങളും ഒന്നാകുന്നതിനുവേണ്ടി ആ സ്നേഹസമ്പന്നൻ ഉടനെ പാഞ്ഞെത്തുമെന്നു്.

"സേർ—ഞാൻ പോകട്ടെ-"

പോസ്റ്റുമാൻ പുറപ്പെടുവിച്ച ശബ്ദം സാറിനെ സ്വപ്നത്തിൽ നിന്നുണർത്തി. തൻെറ ഉരുപ്പടികൾ കൊണ്ടുവന്ന തപാൽക്കെട്ടുകാരനു് സമ്മാനം കൊടുക്കുവാൻ ചില്ലറപോലുമില്ലാതെ അവർ പരുങ്ങി. ഒരു സഹാദ്ധ്യാപികയിൽ നിന്നും ഒരു ഒററരൂപ കിട്ടി. അതു മുഴുവനായും തെറമ്മസ്സാർ ഹൃദയംകുളിർക്കുന്ന ചിരിയോടെ പോസ്റ്റുമാനു് സമ്മാനിച്ചു. അയാൾ നന്ദിനിറഞ്ഞ പച്ചച്ചിരിയോടെ, തൊഴുതിട്ടു സ്ഥലംവിട്ടു.

തെറമ്മസ്സാർ പാഴ്സൽ ഒരു മൂലയിൽ സൂക്ഷിച്ചു വച്ചു. ആരും കാണാതെ ഓഫീസ് മുറിയിലെ അലമാരിയുടെ മറവിൽ.

അവർ ക്ലാസ്സെടുക്കുവാൻ തുടങ്ങി. അത്യുത്സാഹത്തോടെ പാഠം പഠിപ്പിച്ചു. ഓക്കാതെ ചില വിനോദങ്ങൾ പറഞ്ഞു പൊട്ടിച്ചിരിച്ചു സന്തോഷിച്ചു. എങ്കിലും കെട്ടു പൊട്ടിച്ചുകാണുവാനുള്ള ഉൽക്കണ്ഠ മനസ്സിൽ നിറഞ്ഞുതിങ്ങുവാൻ തുടങ്ങി. ഉത്സാഹപൂർവ്വം ക്ലാസ്സെടുക്കുന്നതിനിടയിൽ അവർ ഏതാനും നിമിഷം നിശ്ശബ്ദയായി നിന്നുപോയി. കുട്ടികൾ അത്ഭുതത്തോടെ സാറിനെത്തന്നെ തുറിച്ചുനോക്കി. ആ കണ്ണുകളിൽ നിന്നും രണ്ടു തുള്ളികൾ പൊടിനിറഞ്ഞ തിണ്ണയിൽ പതിച്ചു. അതിൽ നിന്നും പറന്നുയരുന്ന ആവിപോലെ പൊടിപടലം മേല്പോട്ടുയന്നു. ഉടനെ തെറമ്മസ്സാർ പൊട്ടിച്ചിരിക്കുന്നതായും. വിശുദ്ധിയും ആനന്ദവും അലിഞ്ഞുചേന്ന പൊട്ടിച്ചിരി. വികാരങ്ങളുടെ സംഘട്ടനത്തിൽ നിന്നും ഉദിച്ചുയന്ന ആനന്ദവും കണ്ണുനീരും.

ക്ലാസുവിട്ടു. സാരിക്കുള്ളിൽ മറച്ചുപിടിച്ച പാഴ്സലോടുകൂടി അവർ വീട്ടിലേക്കു കുതികൊണ്ടു. കിലുകിലെ ചിരിച്ചുകൊണ്ടൊഴുകുന്ന പമ്പയുടെ പടിഞ്ഞാറെകരയിൽ കൂടി– വെണ്മേഘങ്ങളുമായി നമ്മഭാഷണം നടത്തുന്ന കുരിശിൻചുവട്ടിലൂടെ–"ദുഃഖിതരും ഭാരം ചുമക്കുന്നവരുമായവരെ നിങ്ങൾക്കാശ്വാസം" എന്നു് ഉരുവിട്ട ക്രിസ്തുഭഗവാൻെറ ഉയന്നുനില്ക്കുന്ന ശിലാരൂപത്തിനു കീഴിൽക്കൂടി, കന്യാസ്ത്രീമഠവും പള്ളിയും പിന്നിട്ടുകൊണ്ടു്, അവിടത്തെ ചെറിയ ബസാറും പോസ്റ്റാഫീസും കടന്നു് അവർ അതിവേ

ഗത്തിൽ നടകൊള്ളുകയാണ്. പരിശുദ്ധമായ ചിന്തകളും കുളിർമ്മയേറിയ ഹൃദയവും വഹിച്ചുകൊണ്ട്. തന്റെ ഹൃദയനാഥനാൽ താലോലിക്കപ്പെട്ടുകയും ഓമനക്കുഞ്ഞിന്റെ ചെഞ്ചുണ്ടുകളാൽ കടിച്ചുനോവിക്കപ്പെട്ടുകയും ചെയ്യുവാൻ വെമ്പൽകൊള്ളുന്ന മാറിടത്തെ ഹൃദയത്തോടൊപ്പം ഞെക്കിനിറുത്തിക്കൊണ്ട്. ആ പാവനമുഖത്തു ചിരിയും കരച്ചിലും പാഞ്ഞുകൊണ്ടിരുന്നു.

ത്രേസ്യാമ്മസ്സാർ കെട്ടഴിച്ചു. നീലയും മഞ്ഞയും കലന്ന ഒരു പട്ടുസാരി. കസവിഴകൾ കലാമേന്മയോടെ നെട്ടുകെയും കുറുകെയും പാകിയിട്ടുള്ള തിളങ്ങുന്ന സാരി.

സാറിന്റെ കണ്ണുകൾ മഞ്ചിപ്പോയി. താൻ വഹിക്കുന്ന കുഞ്ഞിന്റെ ജനകൻ അപ്പിച്ച പ്രഥമ സമ്മാനം. ആ കുസൃതി പുറത്തായിരുന്നെങ്കിൽ "മോനേ"യെന്നു വിളിച്ച് ഒരു മധുരമുള്ള നുള്ളു നുള്ളമായിരുന്നു.

അതാ—വീണ്ടും ചില കടലാസുകൾ! ഓരോന്നായി പരിശോധിച്ചു. പലതും താനയച്ച കത്തുകളാണ്. പിന്നീട് അദ്ദേഹത്തിന്റെ ഒരു ചിരിക്കുന്ന ഫോട്ടോ. ആ ഫോട്ടോ മാറിലപ്പിച്ചുകൊണ്ട് ത്രേസ്യാമ്മസ്സാർ കുറേസമയം ഇരുന്നുപോയി. അവർ ആകപ്പാടെ രോമാഞ്ചംകൊണ്ടു. ഹൃദയം കുളിർക്കുന്ന പുഞ്ചിരിയോടെ അതിൽ അനേകവട്ടം ചുംബിച്ചു. പിന്നെയും കടലാസുകഷണങ്ങൾ! ത്രേസ്യാമ്മ സസൂക്ഷ്മം പരിശോധിച്ചു. അദ്ദേഹത്തിന്റെ ചില കത്തുകളുടെ കാർബൺ പ്രതികൾ. അവൾ അദ്ദേഹത്തിനയച്ച കത്തുകൾ. ഇതാ മറെറാന്നുകൂടി. അപരിചിതമായ കയ്യക്ഷരം. പച്ചമഷിയിൽ.

"പ്രിയപ്പെട്ട സഹോദരീ! എന്ന സംബോധനയോടെ. അവർ ശ്രദ്ധിച്ചു വായിച്ചു. ചില വാചകങ്ങൾ മാത്രം.

തെറമ്മയുടെ കണ്ണുകളിൽ ഇരുട്ടുകയറി. ഹൃദയത്തിൽ കഠാരി കടത്തിയ വേദന. തല പുകയുന്നു; കൈകാൽ വിറയ്ക്കുന്നു, നാവനങ്ങുന്നില്ല. അവൾ ബോധംകെട്ടു വീണു.

മുറിയിലേക്കു കടന്നുവന്ന ഇളയസഹോദരൻ സ്തംഭിച്ചുപോയി. തന്റെ വളർത്തമ്മയായ സഹോദരി മലർന്നടിച്ചുകിടക്കുന്നു. ആ തലയിൽനിന്നും രക്തം ഒലിക്കുന്നു. കുറേ കടലാസുകഷണങ്ങളും തിളങ്ങുന്ന ഒരു സിൽക്കുസാരിയും. അവൻ അമ്മയെ വിളിച്ചു. ഇളയ സഹോദരിയും വന്നു. എല്ലാവരുംക്രൂടി മുഖത്തു വെള്ളംതളിച്ചു. മുഖത്തും ദേഹത്തും തണുക്കെ വീശി. ശ്വാസോഛ്വാസം തുടങ്ങി. വീണ്ടും ശീതോപചാരങ്ങൾ തുടന്നു. കാരണമറിയാതെ അവരെല്ലാം കുഴങ്ങി.

തെറമ്മ മരച്ചു കയ്യിൽ കടലാസുകഷണം ഇറുക്കിപ്പിടിച്ചിരിക്കുന്നു. അവൻ അതു വിടുത്തിയെടുത്തു. വായിച്ചുതുടങ്ങി.

കൽക്കട്ട,

1931 മാച്ച് 12.

പ്രീയപ്പെട്ട സഹോദരീ!

ഈ കത്തെഴുതുന്നതു് നിങ്ങളുടെ ഹൃദയവല്ലഭന്റെ ഒരു ആത്മാർത്ഥസ്നേഹിതനാണു്. ന്യൂമോണിയാബാധിച്ചു് അവശനായികിടക്കുന്ന അദ്ദേഹത്തിന്റെ അടുത്തിരുന്നുകൊണ്ടാണു്, സ്നേഹിതന്റെ അഭിലാഷമനുസരിച്ചാണു്. നിങ്ങൾക്കുവേണ്ടി ഒരാഴ്ചയ്ക്കു മുമ്പുവാങ്ങിയ സിൽക്കുസാരിയും ഒരു ഫോട്ടോയും നിങ്ങൾതമ്മിൽ കൈമാറിയിട്ടുള്ള കത്തുകളും ഇതിൽ അടക്കംചെയ്യുന്നു. മരണത്തിലേയ്ക്കു് നിമിഷങ്ങൾ നീക്കിവിടുന്ന ഈ മഹാന്റെ ഓർമ്മക്കായി ഗർഭ

ത്തിലുള്ള ശിശുവിനെ സമൎപ്പിക്കുവാൻ കഴിഞ്ഞതിൽ അദ്ദേഹം തൃപ്തിയടയുന്നു. അദ്ദേഹം നിശ്ശബ്ദനായി കഴിഞ്ഞു. കൂടുതൽ എഴുതുവാൻ കൈകൾ കരുത്തില്ല——.

അദ്ദേഹത്തിന്റെ സ്നേഹിതൻ,
എം. കെ. മേനോൻ.

പന്ത്രണ്ടുവയസ്സിനിളപ്പമുള്ള സഹോദരനും അസഹ്യത തോന്നി. വിശുദ്ധയായിരുന്ന സഹോദരി—അവിവാഹിതയായ വളൎത്തമ്മ—ഗൎഭിണിയാവുക. അവനു സഹിക്കുവാൻ കഴിഞ്ഞില്ല. അവന്റെ തലയിലും പതറിയ ചിന്തകൾ പരക്കംപാഞ്ഞു. കത്ത് ആരെയും കാണിക്കാതെ അവൻ ഒളിച്ചുകളഞ്ഞു.

തെറമ്മ ഉണൎന്നു. ക്ഷീണം കുറെ മാറി. മനസ്സുമാത്രം നീറുകയും ശരീരം വററുകയും ചെയ്തുകൊണ്ടിരുന്നു. വെള്ളിയും ശനിയും കടന്നു. ഞായറാഴ്ച തന്റെ വെളുപ്പും കറുപ്പും ഇടകലൎത്തിയ കുപ്പായവും ധരിച്ച് ഓടിവന്നു. രാവിലെ ഉണൎന്നെങ്കിലും ഉച്ചയ്ക്കുള്ള പൂജയ്ക്കാണു പോയത് അതിന് ഒരു പ്രത്യേകതയുണ്ട്— കുസൃതിമാറാത്ത ബാലികമാരും യൗവനത്തോടണയുന്ന പെൺപിള്ളാരും ചേൎന്ന് ഇടയ്ക്കിടയ്ക്ക് ഗാനങ്ങളാലപിക്കും. വിശുദ്ധിയുംപലവിചാരവും കലൎന്ന ഗാനാലാപം.

പൂജയും വാഴ്വും കഴിഞ്ഞു. ഇടയ്ക്കൊരു പ്രസംഗവും നടന്നു. ദൈവീകവും ലൗകീകവും ഇടകലൎത്തിയ പ്രസംഗം "ക്രിസ്തുവിന്റെ സ്നേഹം" എന്ന വിഷയത്തിൽ തുടങ്ങി പള്ളിയുടെ പൊന്നും കുരിശു വലുതാക്കിപ്പണിയുന്നതിൽ അവസാനിച്ച പ്രസംഗം.

ജനതതിയെല്ലാം വിശുദ്ധമായ ചിന്തയോടെ പിരിഞ്ഞുപോയി. ക്രിസ്തുവിന്റെ സ്നേഹത്തിനു പ്രതിനന്ദിയായി പൊന്നുംകുരിശു വലുതാക്കിപ്പണിയുവാൻ അവരെല്ലാം വിശുദ്ധമായി തീരുമാനിച്ചു. തീൻമേശയുടെ മുമ്പിലേക്കും പട്ടിണിയുടെ കുടിലിലേക്കും ഓരോരുത്തരായി യാത്രതിരിച്ചു.

തെറമ്മസ്സാർ സാവധാനം എഴുന്നേററു. കുമ്പസാരക്കൂടിനോടു ചേർന്നു. പാപോച്ചാരണവും നടത്തി. മിച്ചമുണ്ടായിരുന്ന അഞ്ചാറു പാപമോചനം കിട്ടിയവരുടെകൂടെ പരിശുദ്ധകുർബ്ബാനയും കൈക്കൊണ്ടു. തെറമ്മസ്സാറിനു കുർബ്ബാന എഴുന്നള്ളിച്ചുകൊടുത്തതു് പാപമോചനം നൽകിയ വൈദികൻതന്നെയായിരുന്നു. അദ്ദേഹം ആ വിശുദ്ധമായ സമയത്തു് അല്പം അറച്ചെങ്കിലും ഓർമ്മയിൽ വന്ന അവളുടെ പാപങ്ങൾ വീണ്ടും ക്രിസ്തുവിൽ സമർപ്പിച്ചു.

തെറമ്മസ്സാർ നേരെ കന്യാസ്ത്രീമഠത്തിലേക്കുപോയി. ശ്രേഷ്ഠത്തിയമ്മയെ സന്ദർശിച്ചു. അവരെല്ലാം ഉണ്ണിനു ക്ഷണിച്ചു. സന്തോഷപൂർവ്വം നിരസിച്ചു. ഒടുവിൽ തണുത്തുമരച്ച ഒരു പാത്രം കട്ടൻകാപ്പിമാത്രം കുടിച്ചു. അവരെല്ലാം ഓരോ വിശേഷങ്ങൾ പറഞ്ഞു. ഈയിടെയായി തെറമ്മസ്സാറിൽക്കാണുന്ന ക്ഷീണവും തളർച്ചയും. ചിലപ്പോഴെല്ലാമുള്ള പ്രസരിപ്പും. എല്ലാം അവർ ചർച്ചചെയ്തു. എല്ലാററിന്റെയും മുന്നിൽ മിതഭാഷണവും മൗനവും അവലംബിച്ചുകൊണ്ടു് വേദനയുടെ ചിരിയും ചിരിച്ചു് തെറമ്മസ്സാറിരുന്നു.

ശ്രേഷ്ഠത്തിയമ്മ വീണ്ടും നിർബ്ബന്ധിച്ചു. എന്റെ സാറേ— വയസ്സ് മുപ്പത്തിരണ്ടു കഴിഞ്ഞില്ലേ—. ഇനി എ

ന്നാജീവിതവാ—. ഇനി കല്യാണവൊന്നും വേണ്ടന്നേ–. തിരുസഭയ്ക്കും കർത്താവീശോമിശിഹായ്ക്കും വേണ്ടി ജീവിതം സമർപ്പിച്ചുകളയാം. നമ്മക്കെല്ലാം ഒരുമിച്ചിവിടെത്തന്നെ താമസിക്കാം. സുഖങ്ങളെല്ലാം നമ്മക്ക് സ്വർഗ്ഗത്തിലനുഭവിക്കാം. ശ്രേഷ്ടത്തിയമ്മ ഇടയ്ക്കിടയ്ക്ക് അടുത്തുനിന്ന സിസ്റ്ററിനെ നോക്കി പുരികങ്ങൾ കോട്ടി.

തെറമ്മസ്സാർ ഒരു പാപിനിയേപ്പോലെ കുമ്പിട്ടിരിക്കുകയാണ്. അവൾ തലയുയർത്തി എല്ലാവരെയും ശ്രദ്ധിച്ചു. അവരെല്ലാം തെരുതെരെ കണ്ണുകൾ ചിമ്മിക്കൊണ്ട് മുകൾപ്പുരപ്പുലേയ്ക്ക് നോക്കി. മേൽക്കൂരയിലെ ഓടിനിടയിൽക്കൂടി ചെറിയ സ്വർല്ലോകവെളിച്ചം ഭക്തകൾ കണ്ടുകൊണ്ടിരുന്നു.

തെറമ്മയുടെ മുഖം വീണ്ടും കുനിഞ്ഞു. അവൾ പറഞ്ഞു. അമ്മേ നിങ്ങളേപ്പോലെ ഒരു കന്യാസ്ത്രീയായിരിക്കുവാൻ ഞാൻ യോഗ്യയല്ല. ഞാൻ ഒരു പാപിനിയായിപ്പോയി. എനിക്കിനി വിശുദ്ധമായ അന്തരീക്ഷത്തിൽ സ്ഥാനമില്ല.

സാറെന്നതായീപ്പറയണത്. ഭൂലോകപാപങ്ങൾ സർവ്വവും ചെയ്ത മറിയമഗലീത്തായെ വിശുദ്ധയാക്കിയ ക കർത്താവീശോമിശിഹായാ നമ്മളെ വേൾക്കുന്നത്. എന്തെല്ലാം കൈപ്പെഴ വന്നുപോയാലും സാരമില്ല. കർത്താവു പൊറുതിതരും. സാറു ചേരുന്നോ—ഇല്ലേ–. ഒന്നു പറഞ്ഞേ സാറേ--.

കന്യാസ്ത്രീകൾ മൂലയിലേയ്ക്ക് മാറിനിന്നു കുശുകുശുത്തു. ശ്രേഷ്ടത്തിയമ്മ തൻെറ ഉഗ്രമായ കണ്ണുകളാൽ തെറമ്മയെ അടിമുടി സൂക്ഷിച്ചു വീക്ഷിച്ചു.

തെറമ്മസ്സാർ—കമ്പിട്ടിരുന്നുകൊണ്ടു പറഞ്ഞു. "എന്റെ പാപങ്ങൾ പൊറുക്കപ്പെട്ടുമെങ്കിൽ ഞാൻ നിങ്ങളെ അനുസരിക്കാം........" ഒരു ഗൽഗദം മഠഭിത്തികൾക്കുള്ളിൽ പ്രതിദ്ധ്വനിച്ചു.

മഠത്തിലെ ഒരു ചെറിയ മുറി ഒഴിഞ്ഞു. തെറമ്മസ്സാർ താമസവും തുടങ്ങി. കല്ലൂട്ടയിലെ ലളിതജീവിതത്തിനുപയോഗിച്ച അധികം സാധനങ്ങളും മഠത്തിലെ ചെറിയ മുറിയിൽ വന്നുനിറഞ്ഞു.

ചിലദിവസങ്ങൾ ഇഴഞ്ഞുനീങ്ങി. തെറമ്മസ്സാർ എന്നും തയ്യാറെടുക്കും. തന്റെ മാതൃത്വത്തിന്റെ വളർച്ചയേപ്പററിപ്പറയുവാൻ. സ്ഥാപനത്തിനു ചേരായ്മവരുത്താതെ—മുമ്പു പലപ്പോഴും പലരുടേയും വീഴ്ചകൾ മറച്ചതുപോലെ തന്റെ പരിശുദ്ധികലർന്ന തെററും ഒതുക്കി മാററുവാൻ. സമുദായത്തിന്റെ മൂർച്ചയേറിയ കണ്ണുകളിൽനിന്നും മറ നേടുവാൻ. ശ്രേഷ്ഠത്തിയമ്മയുടെ ബുദ്ധിയേറിയ ഉപദേശം തേടുവാൻ. തന്റെ വിശുദ്ധ പ്രേമത്തിന്റെ സന്തതിയെ നാശത്തിൽനിന്നും എല്ലാ അപകടങ്ങളിൽനിന്നും രക്ഷിച്ചുവളർത്തുവാൻ.

പറഞ്ഞൊപ്പിന്റെ ദിവസം അടുത്തുവരുന്നു. ഇനി മൂന്നു ദിവസമേയുള്ളു. ഏതായാലും ശ്രേഷ്ഠത്തിയോടു പറയുകതന്നെ.

തെറമ്മയെല്ലാം പറഞ്ഞു. തന്റെ കുററത്തിന്റെ എല്ലാ വിധങ്ങളേയുംപററി. വിശുദ്ധമായ വിശ്വാസത്തോടുകൂടി ആശ്വാസത്തിനുവേണ്ടി ഒരാൾക്കു ഹൃദയം അർപ്പിച്ചതും ലോകത്തിന്റെ ദൌർബ്ബല്യം നൈമിഷികമായി അവരെ

അടിപെടുത്തിയതും. തമ്പുരാൻ തനിക്കയച്ച എല്ലാ വാളു കളേയും ക്ഷമയോടുകൂടി സഹിച്ചതും കർത്താവിങ്കൽത്തന്നെ സമർപ്പിച്ചതും---.

ശ്രേഷ്ഠത്തിയുടെ കണ്ണുകൾ ചുവന്നു. ചുണ്ടുകൾ വിറ ച്ചു. തലച്ചോറിൽക്കൂടി ആയിരമായിരം ചിന്തകൾ വട്ടമി ട്ടൊഴുകി.

ഇതുതന്നെയവസരം. എല്ലാ വിരോധങ്ങളും ഒന്നിച്ചു തീർക്കാനുള്ള പഴുതിതാണ്. തന്റെ സഹോദരനോട് ഇവ ളുടെയപ്പനല്ലേ കേയിസ് പറഞ്ഞത്. താൻ ഒളിച്ചുവച്ചു പഴയ പ്രേമബന്ധരഹസ്യം പുറത്തുപറഞ്ഞവരിൽ ഇവളു ടെ അമ്മായിയുമുണ്ടായിരുന്നു. ഒരു എൽ. ററി-ക്കാരി നട ക്കുന്നു. എനിയ്ക്കില്ലാത്ത സർട്ടിഫിക്കററ് അവൾക്കുണ്ടെ ന്ന്. ഓ-ഒരു പൊങ്ങച്ചം. വേശ്യപ്പെണ്ണ്. ചെകിത്താന്റെ സന്തതിയേയും ചുമന്നുകൊണ്ടു നടക്കുന്നു. സാരിയുടെ മറ യിൽ!

അവരുടെ പല്ലുകൾ കൂട്ടിയുരുമ്മി. മൂച്ചുയേറിയ ഉരു മ്മൽ. ആ പല്ലുകളിൽ ക്രിസ്തുവിനെ ക്രൂശിച്ച കരിശുപോ ലും കടിച്ചുമുറിച്ചു തുപ്പുവാനുള്ള പൈശാചികത്വം തറഞ്ഞു നിന്നിരുന്നു.

വിശുദ്ധിയുടെ വചനങ്ങൾ ഉരുവിടുന്ന—സ്വർഗ്ഗത്തി നുവേണ്ടി തെരിഞ്ഞിൽനിരത്തി മുട്ടുകുത്തുന്ന-എല്ലാം ദൈ വത്തിന്റെ പേരിൽ-സ്വർഗ്ഗരാജ്യത്തിലെ സിംഹാസനങ്ങ ളുടെ പേരിൽ-കാഴ്ചവയ്ക്കുന്ന-മറക്കുന്ന-പൊറുക്കുന്ന-വി ശുദ്ധ ദേഹത്തിന്റെ നാക്കുകൾ ചലിച്ചു. പ്രകൃതിയെ സ്തം ഭിപ്പിക്കുന്ന ചലനങ്ങൾ. വിശുദ്ധിയെ മുക്കിക്കൊല്ലുന്ന ചല നങ്ങൾ.

"എന്നെക്കൊണ്ടു സാദ്ധ്യമല്ല. എന്റെ മഠത്തിൽ വേശ്യകളെപ്പുലത്തുവാനൊക്കുകില്ല. ഞങ്ങളുടെ വാക്കുകളെ ധിക്കരിച്ചു തോന്ന്യാസങ്ങൾ കാണിച്ചു—നീ മഠത്തിന്റെ മുററത്തു കാലുകുത്തിക്കൂടാ—സ്കൂളിൽ മേലാൽ വരികയും അരുതു്. ഉടനെ സ്ഥലംവിടണം—. നീ ആ സാത്താന്റെ കുഞ്ഞിനേയും ചുമന്നുകൊണ്ടു് തെണ്ടിനടക്കുന്നതു് ഞാൻ ഈ കണ്ണുകൾകൊണ്ടു കാണും—."

ഉഗ്രമായ അട്ടഹാസങ്ങൾ. മഠത്തിലെ സഹോദരികൾ ബഹളംകേട്ടു് പ്രാത്ഥനമുറിയിൽനിന്നും—അടുക്കളയിൽനിന്നും-കറിത്തോട്ടത്തിൽനിന്നും-പശുത്തൊഴുത്തിൽ നിന്നുമെല്ലാം ഓടിയടുത്തു. ഒന്നുരണ്ടു വേലക്കാരികളും. പശുക്കെട്ടുകാരൻ പയ്യനും.

എല്ലാവരും കേൾക്കെ—ശ്രേഷ്ഠത്തി തെറമ്മയുടെ അശുദ്ധിയേപ്പററി സംസാരിച്ചു. അടിച്ചു പുറത്താക്കുവാൻ വേലക്കാരിയോടുപറഞ്ഞു. അവളും കണ്ണുനീർ വാത്തുപോയി.

തെറമ്മസ്സാർ-അടുത്തുള്ള മുറിയിലേയ്ക്കു് കുനിഞ്ഞു കുനിഞ്ഞുപോയി. ചുരുട്ടിവച്ചിരുന്ന ബെഡ്ഡിംഗിന്റെ മുകളിൽ കമഴ്ന്നു കിടന്നു കരയുകയാണു്. ഉച്ചയ്ക്കു് ഊണു കഴിക്കാതെ-വൈകുന്നേരം കാപ്പിയും അത്താഴവും കൂടാതെ—ഇററുവെള്ളം പോലും ഇറക്കാതെ അവൾ കരയുകയാണു്.

രാത്രിയുടെ രണ്ടുയാമങ്ങളും കഴിഞ്ഞുകാണും. തെറമ്മയുടെ കണ്ണീർ മഴവനും ഒലിച്ചു തീന്നു. രക്തം തിളച്ചുവററാറായി. കഴിഞ്ഞുപോയ—മരച്ചിരുന്ന—കയ്യും കാ

ല്യം സാവധാനമിളകി. ആപവളുടെ ഹൃദയം ഇരുണ്ടു. മന
സ്സിൽ ഒരു കൊച്ചുപൈശാചികാവേശം കടന്നുവന്നു.

"ഇനി ജീവിച്ചിരിക്കുക സാദ്ധ്യമല്ല. നൈരാശ്യത്തി
ൻെറയും അപമാനങ്ങളുടെയും ഇരുട്ടുപിടിച്ച — തളർന്നുകുഴ
ഞ്ഞ—ജീവിതത്തേക്കാറം മരണമാണു ഭേദം - - . അവറം
പൈശാചികമായ ഒരു ചിരിചിരിച്ചു. തൻെറ വയറ്
തലോടിക്കൊണ്ടുപറഞ്ഞു— "ഓമനേ — നീയും ജീവിച്ചിരി
ക്കേണ്ട. ലോകം നിന്നെ പുശ്ചിക്കും. വരൂ! നമുക്കു
പോകാം നിൻെറ സഹൃദയനായ പിതാവിനോടൊപ്പം—
അവറം വീണ്ടും കണ്ണുകറം ഒപ്പി. — -.

മുറിയുടെ മൂലയിറം ഒരു കഷണം ചരടു കിടന്നിരുന്നു.
കൽക്കട്ടയിൽവച്ച് തൻെറ കുഞ്ഞിൻെറ ജനകനാൽ
തൻെറ ബെഡ്ഡിംഗ് കെട്ടപ്പെട്ട ചരടിൻെറ കഷണം.
അവറം ആ ചരടിൻ കഷണം കയ്യിലെടുത്തു. മേശയുടെ
യടുത്തു കിടന്നിരുന്ന സ്റ്റൂറം മുറിയുടെ മദ്ധ്യത്തിലിട്ടു.
കട്ടക്കോട്ടക്കൂടിയ ചരടിൻകഷണം മുകളിലുള്ള കൊളുത്തിൽ
ബന്ധിച്ചു. തൻെറ കഴുത്ത് ചരടിനുള്ളിലായി. സ്റ്റൂറം
ചവുട്ടിമറിച്ചു,

ഒരു പിടച്ചിൽ — — !

വെളുപ്പാംകാലത്തുതന്നെ ശ്രേഷ്ഠത്തിയമ്മ ഉണരന്റെ
ഫീററ. അഞ്ചാറവെളുപ്പുള്ളപ്പോറം. പള്ളിയിലെ ഒന്നാം
മണികേറംക്കുന്നതിനുംമുൻപ് അവർ എല്ലാ മുറിയിലും ക
ടന്നുചെന്നു. എല്ലാവരേയും തട്ടിയുണർത്തി.

തെറമ്മയുടെ മുറിയിലേയ്ക്കും കടക്കുവാൻ ശ്രമിച്ചു. പ
ക്ഷെ—അസാധാരണമായി അകത്തുനിന്നു സാക്ഷയിട്ടിരി
ക്കുന്നു. ജനാലയുടെ ഒരു പാളി തുറന്നു കിടക്കുന്നു. അക

ത്തു് മേൽപ്പുറത്തു് ഒരു ചെറിയ മേശവിളക്കു നിന്നു മങ്ങി മങ്ങിക്കത്തുന്നു. എണ്ണ തീൎന്നു കരിയുന്ന തിരിയോടുകൂടി. അതിനിടയിൽ ഒരു തുണിക്കെട്ടു കാണാം. മങ്ങിയവെളിച്ചത്തിൽ—തിമിർത്തടിക്കുന്ന കാററിൽ—സാവധാനമിളകുന്ന തുണിക്കെട്ടു്. മുടിക്കെട്ടു് അഴിഞ്ഞുലഞ്ഞിളകുന്നു. ശ്രേഷ്ഠത്തിതന്നെ ഭയപ്പെട്ടുപോയി. അവർ പിന്നെയും സൂക്ഷിച്ചുനോക്കി. തെറമ്മസ്സാറിൻെറ ചിരിക്കുന്ന മുഖം. വിശുദ്ധിയും പൈശാചികത്വവും ഇടതൂന്ന ചിരി. മങ്ങിയവെളിച്ചത്തിൽ തെറമ്മയുടെ പല്ലുകൾ തിളങ്ങുന്നു. അമ്മയുടെ തലച്ചോറിൻെറ പ്രവൎത്തനം ശക്തിയുക്തം വളൎന്നു പൊന്തി.

സാവധാനം മററു സഹോദരികളെയെല്ലാം പ്രാൎത്ഥനയ്ക്കിരുത്തി. അന്നത്തെ ദിവസത്തിനു് ചില പ്രത്യേകതകളുണ്ടെന്നും ചില നീളംകൂടിയ പ്രാർത്ഥനകൾ കൂട്ടമായി നടത്തുവാനും ശട്ടംകെട്ടി. മൂന്നുമണിക്കൂർ ദൈർഘ്യമുള്ള പ്രാർത്ഥന.

ശ്രേഷ്ഠത്തി നേരേ പള്ളിയിലേയ്ക്കു പോയി. വികാരിയുമായി ആലോചിച്ചു. ഇടവകയിലെ ഒന്നുരണ്ടു പ്രധാനികളും വേഗത്തിൽ വന്നു. ഏതു രഹസ്യങ്ങളും കഴിച്ചുമൂടുവാൻ മനത്തൻേറടമുള്ള പ്രധാനികൾ.

ചില മിനിററുകൾ മാത്രം കോൺഫറൻസ് നീണ്ടു നിന്നു. അവർ തീരുമാനമെടുത്തു. ചുരുക്കം ആളുകൾ മഠത്തിൽ ചെന്നു. സഹോദരികളുടെ പ്രാൎത്ഥന ഉച്ചത്തിൽ മുഴങ്ങുകയാണു്. ഏതു വലിയ ശബ്ദത്തേയും മറച്ചുവയ്ക്കുവാൻ ബലമുള്ള ശബ്ദം.

തെറമ്മസ്സാറിൻെറ മുറി കുത്തിത്തുറന്നു. ശ്രേഷ്ഠത്തിയമ്മതന്നെ കളിമുറിയിലേയ്ക്കോടി. ചെമ്പുകലം മൊന്തയുമാ

യി കിടുങ്ങുന്ന ശബ്ദംകേട്ട് വേലക്കാരി ഞെട്ടിയുണൎന്നു. അവർ ശബ്ദമുണ്ടാക്കി. "പോയി പ്രാൎത്ഥനയിൽ പങ്കെടുക്കാൻ പറഞ്ഞില്ല—." ശ്രേഷ്ഠത്തിയുടെ ശബ്ദം പൊന്തി. വേലക്കാരി അറച്ച് പ്രാൎത്ഥനാഹാളിലേക്ക പോയി.

തൂങ്ങിനിന്ന ശവം അഴിച്ചിറക്കി. ചെമ്പുകലവും ശവവും ഒരു കട്ടയിറക്കുന്ന ഇടത്തരം വള്ളത്തിൽ കയററി. വള്ളം ആറുവഴി താഴോട്ടുപോയി.

നേരം വെളുത്തു. തെറമ്മസ്സാറിൻെറ മുറി സാധാരണ മട്ടിൽ തുറന്നുകിടക്കുന്നു.

— — സാറിനെ കാണ്മാനില്ല. മുറിയിൽ യാതൊരസാധാരണത്വവുമില്ല. വാതില്പ്പകൾ പഴയതുപോലെ. മേശയും ഉപകരണങ്ങളുമെല്ലാം യഥാവിധി. കിടക്കവിരിച്ചിരിക്കുന്നു. പുതപ്പും നീണ്ടുചുരുണ്ടുകിടക്കുന്നു. തെറമ്മസ്സാറിനെമാത്രം കാണുന്നില്ല.

സഹോദരികളെല്ലാം അമ്പരന്നു. മൂന്നുമണിക്കൂർ ആരാധനയുടെ അൎത്ഥമെന്താണ്. അവൎക്കെല്ലാം സംശയം തെകിട്ടിവന്നു. എങ്കിലും മറച്ചുപിടിച്ചു. മഠത്തിൻെറ അച്ചടക്കബോധത്തെ ഭയന്നു്.

നാടെല്ലാം ഞെട്ടി. തെറമ്മസ്സാറിനെ കാണ്മാനില്ല-തെറമ്മസ്സാറിനെ കാണ്മാനില്ല. വിദ്യാൎത്ഥിനികളും വിദ്യാൎത്ഥികളും നാട്ടുകാരായ സ്ത്രീകളും പുരുഷന്മാരും മുത്തുക്കികളും മുതുക്കന്മാരും യുവതികളും യുവാക്കന്മാരും എല്ലാം—എല്ലാം ഓടിയടുത്തുതുടങ്ങി. അന്വേഷണം തുടങ്ങി. അടുത്ത കരകളിൽ നിന്നും ആളുകൾ പാഞ്ഞെത്തി,

അനേകം ചെറുപ്പക്കാരും വൃദ്ധന്മാരും വീടായവിടെല്ലാം—നാട്ടിന്റെ ഓരോമുക്കുകളും, മൂലകളും, മരച്ചുവട്ടുകളും കുററിക്കാട്ടുകളും, അങ്ങാടികളും, പായക്കടകളും, ബോട്ടുകളും വള്ളങ്ങളും എല്ലാം തപ്പിനോക്കി. ഓരോ, മണൽത്തരിയും കരിയിലയും അരിച്ചുനോക്കി. കാണുന്നില്ല— .

കുറേപ്പേർ ആററിലിറങ്ങി തപ്പുവാൻ തുടങ്ങി. മുങ്ങിയും പൊങ്ങിയും രാത്രിയും പകലുമില്ലാതെ. അടുത്തദിവസം തപ്പുകാർ മൂന്നാററുംമുഖത്തെത്തി. ഒരു വള്ളക്കാരൻ ചില മുടിയിഴകൾ തെളിഞ്ഞവെള്ളത്തിൽ ചലിക്കുന്നതായി കണ്ടു. വള്ളക്കാർ അടുത്തുകൂടി. ഒരു ചെറിയബോട്ടും. ശവം വള്ളത്തിലാക്കി. കഴുത്തിൽ തൂങ്ങിക്കിടക്കുന്ന വെള്ളംനിറഞ്ഞ ചെമ്പുകലത്തോടുകൂടി. നല്ല മിനുസമുള്ള ചരടിൽ കോർത്തുകെട്ടിയ ചെമ്പുകലത്തോടുകൂടി.

ബോട്ടിലുവർ കുശുകുശുത്തു. വള്ളം പുറപ്പെട്ടിടത്തേക്കുതന്നെ നീങ്ങി. ശവത്തോടുകൂടി.

നാടാകെ വിവരമറിഞ്ഞു് ബഹളമായി. എങ്കിലും എല്ലാവർക്കും ഒരാഗ്രഹം! ശവം തുണ്ടുതുണ്ടാക്കാതെ-പോസ്റ്റുമാട്ടം കഴിക്കാതെ-അടക്കംചെയ്യണം. ഒന്നുരണ്ടുപേർ നേരേ രാജധാനിയിലേക്കു തിരിച്ചു· ബന്ധത്തിലും നാട്ടിലും ഉന്നതനിലയുള്ളവരുണ്ടായിരുന്നു. ഉയന്ന ഉദ്യോഗസ്ഥന്മാരും.

ശുപാർശക്കത്തുകളിൽ കാര്യങ്ങൾ ഒതുങ്ങിത്തീർന്നു.

എന്തളിയാ— ഇതാരുടെ കുററമാണു്?

കുഞ്ഞപ്പൻ വീണ്ടും ചോദ്യമായി.

ഞാനെന്തു പറയാനാണ്. ഉറഞ്ഞ സമുദായ നീതികളുടെ കുററമാണെന്നുപറഞ്ഞാൽ കുഞ്ഞപ്പൻ സമ്മതിക്കുകയില്ല. കാരണമുണ്ട് കുഞ്ഞപ്പൻ ഒരു വൈദികനാകാൻ ആഗ്രഹിക്കുന്നയാളാണ്.

തെറമ്മയും ശ്രേഷ്ടത്തിയും ഗെറവുകാരാണെന്നു പറഞ്ഞാൽ വിലപ്പോകയില്ല. രണ്ടുപേരും ജപമാലയും കുരിശും ധരിച്ചിരുന്നു.

പിന്നെ—അവളെന്തിനാ ഗർഭംധരിച്ചേ?

കുഞ്ഞപ്പന് കണ്ണീരിനിടയിൽ ഒരു സംശയം തെകിട്ടിവന്നു. ചന്ദ്രബിംബത്തെ മറയ്ക്കുന്ന മേഘപടലംപോലെ.

നത്തുകറം ഞങ്ങളുടെ തലക്കുമീതെ വട്ടമിട്ടു പറന്നു. ഞാൻ കുഞ്ഞപ്പന്റെ കണ്ണുനീർ പിന്നെയും പിന്നെയും എന്റെ മുണ്ടിൻ തലപ്പുപൊക്കി തുടച്ചുനീക്കി. ഒരു കുളിർകാററു ഞങ്ങളെ ഞെട്ടിയുണർത്തി. ഭീകരമായ ഇരുട്ടിൽ നിന്നും ഞങ്ങറം വെളിച്ചത്തേയ്ക്കുപോയി. അടുത്ത പ്രഭാതത്തിനുവേണ്ടി ഞങ്ങറം കാത്തിരിക്കയാണ്.

# പതിമ്മൂന്നേക്കർ

—ഒരു പഴയ കഥ—

ചാത്തൻ— അവൻ അവിടത്തെ സർവ്വാധിപതിയാണ്. അക്കാണുന്ന മാവിൻതോട്ടങ്ങളും കൃഷിഭൂമിയും തെങ്ങിൻതോപ്പുമെല്ലാം അവൻെറ വകയാണ്. അനുവാദം കൂടാതെ ആരെങ്കിലും ഒരു കരിയില തൊട്ടാൽ, ചാത്തൻ തൻെറ രാജശൈലി കാട്ടുകയായി. അവൻ ആരെയും കൂസുകയില്ല. അവനു കോപം വന്നാൽ ഏതു തമ്പ്രാനേയും പച്ച അലങ്കാരങ്ങൾ കൂട്ടിത്തന്നെ വിളിച്ചുകളയും. പിന്നെ ഒന്നുരണ്ടുപേരെയുള്ളു അവനു ബഹുമാനമുള്ളവർ—പുത്തൻവീട്ടിലെ വൈദ്യൻതമ്പ്രാനും മാങ്ങാടിവീട്ടിലെ അരിക്കാരൻ തമ്പ്രാനും.

അന്നൊരിക്കൽ അധികാരി പുതുവൽ പതിച്ചുകൊടുക്കുവാൻ വന്നു. ബാക്കി കിടന്നതെല്ലാം കൊടുത്തു. ക്ഷേത്രപരിസരങ്ങൾ ദേവിക്കും മററു സ്ഥലങ്ങൾ അതാതു സ്ഥലത്തുള്ള തമ്പ്രാക്കൾക്കും. അവരോടെല്ലാം ചോദിച്ചു, ഝപദ്രേഹം ആ നീണ്ടുനിവന്നഫലപുഷ്ടിയുള്ള പതിമ്മൂന്നേ

ക്കറിനേപ്പററി. അവരെല്ലാം വിലക്കി, 'വേണ്ട– വേണ്ട– അവൻ ഭയങ്കരനാണ്'!'

ഒടുവിൽ ഏതായാലും ആദ്യമായി ഒരു പുലയന്റെ പേരിൽ പതിവുനടന്നു.

ചാത്തൻ ഒരിക്കലും കരം കുടിശ്ശിഖ വരുത്താറില്ല. നീണ്ടുവളഞ്ഞ ആണ്ടുകൾ കടമകളെ നിറവേററി അവന്റെ ആശകൾക്കു വളവും ഫലവും നൽകിക്കൊണ്ടു കടന്നുപോയി.

അവൻ പുലയി ചിരുതയോടുകൂടി ആ കൊച്ചു കുടിലിൽ കഴിയും. വെളുപ്പിന് പഴഞ്ചോറും കപ്പപ്പുഴുക്കും തിൻകഴിഞ്ഞ് തൂമ്പയും തോളിലേററി തന്റെ വയലിലേക്കു പുറപ്പെടും. പത്തു മണിക്ക് ചിരുത ഒരു ചട്ടി നിറയെ കഞ്ഞിയുമായി വയല്ക്കരയിലെത്തും. വയല്ക്കരയിലുള്ള മാവിൻപടർപ്പിലിരുന്ന് അവൻ ആ പ്രേമംതുളുമ്പുന്ന കഞ്ഞി കുടിച്ചിറക്കും. വീണ്ടും അവൻ കുറച്ചു പുകയില പല്ലിനിടയിൽ വച്ചുകൊണ്ട് വിശ്രമിക്കാതെ പണി തുടങ്ങും.

അവൾ ഉച്ച കഴിയുമ്പോഴെത്തും. തുമ്പപ്പൂപോലെ വെളുത്ത മുണ്ടകന്റെ ചോറും മുഴുത്ത മീൻ വച്ചതും, വറുത്തതും, അവിയലും മോരും കുടിക്കാൻ കഞ്ഞിവെള്ളവുമായി. അവൻ സംതൃപ്തിയോടെ വാരിയുണ്ണും. നാലുമണിയാവുമ്പോൾ അവൾ ഒരു ചെറുകുടം നിറയെ സംഭാരവുമായെത്തും. അതും അവൻ മോന്തിത്തീർക്കും. അഞ്ചു നാഴിക ഇരുട്ടുമ്പോൾ അവൻ പണി നിറുത്തും. ഉടനേപോയി അടുത്തവീട്ടിലെ ചീരമ്മയുടെ അടുത്തുനിന്ന് രണ്ടുനാലു കുടുക്കകൾ മോന്തും. അവനെ വെറും പുലയനെന്നു വിചാരിച്ചു പെരുമാറിയാൽ അവന്റെ വിധമെല്ലാം മ

രം. അവൻ പതുക്കെ കാക്കിക്കും, മൂളും, ഏമ്പക്കം വിടും. അതു കഴിഞ്ഞാൽ പിശകാണെന്നവൎക്കറിയാം. ചാത്തൻ വന്നുവെന്നറിഞ്ഞാൽ ഉടൻ കള്ളും കറിയും വരികയായി. അവൻ മോന്തിയിട്ടു ശബ്ദിക്കാതെ സ്ഥലംവിടും. കാശി നേപ്പററി ആരും ഒന്നും പറയാറില്ല. അവൎക്കറിയാം, ചാത്തൻ സത്യവാനാണു്. കൊയ്ത്തുകാലത്തു നല്ലഭാഗം നെല്ലുകൊടുക്കും അതുപോലെതന്നെ മാങ്ങയും തേങ്ങയും എല്ലാം.

അവർ, ചീരയും കുഞ്ഞനുംകൂടി, പറയും— 'അവനേ നഷ്ടമൊള്ളു— കഴിഞ്ഞ കൃഷിക്കു് എത്രപറ നെല്ലാ തന്നതു്. ആ വല്യ ഭരണീല് ഇപ്പഴും കെടക്കണതു് അവൻ തന്ന മാങ്ങായാ. അവൻ സത്യോള്ളോനാണു്. കണ്ടില്ലേ- ഓരോ ദ്വേഷങ്ങള് എന്തേത്തുകെടന്നു ബഹളോണ്ടാക്കണതു്?

കുഞ്ഞൻ മൂളും തലകുലുക്കി സമ്മതിക്കും.

അവൎക്കവനെ വലിയ ബഹുമാനമാണു് അങ്ങനെ പോയി അവരുടെ സൗഹാൎദ്ദം.

അവൻ ആരുടേയും ഔദാൎയ്യം സ്വീകരിക്കാറില്ല. ഒരു വിശേഷത്തിനും ആൎക്കും കാഴ്ച കൊടുക്കാറില്ല. ആരെ കണ്ടാലും തോൎത്തെടുത്തു അരയിൽ കെട്ടാറില്ല. അവനാരോടെങ്കിലും വാങ്ങിയാൽ കയ്യിൽ കിട്ടുമ്പോൾ പത്തിനു പതിനഞ്ചു മടക്കിക്കൊടുക്കും. പക്ഷേ അവനൊരു നിൎബ്ബന്ധമുണ്ടു്— തന്നോടൊരിക്കലും ആരും ചോദിക്കരുതു്. ചാത്തനറിയാം വാങ്ങിയതും കൊടുക്കേണ്ടതും.

അരിക്കു മുട്ടുവരുമ്പോൾ, അവൻ അടുത്തവീട്ടിലെ അരിക്കച്ചോടക്കാരൻ തമ്പ്രാൻെറയടുത്തുനിന്നു് അരിമേടി

ക്കും. വിളവുകാലത്തു നെല്ലോ അരിയോ കൊടുത്തു കടവും വീട്ടും. പിന്നെ വടക്കേ വീട്ടിലെ വൈദ്യൻതമ്പ്രാന്റെയടുത്തു പോകാറില്ല. ആ അദ്ധ്വാനശീലൻ ഇതുവരെ ഒരു രോഗവുംവന്നു കിടപ്പായിട്ടില്ല. മാണിയും കിടാങ്ങളുനാലും അങ്ങനെതന്നെ. പിന്നെന്തിനാ അവനാ "വൈദ്യംതമ്പ്രാന്റെ"യടുത്തു പോണതു്. വല്യപ്പം കാണാനോ? അവനതു സഹിക്കുകയില്ല. അവിടെച്ചെന്നാൽമുററത്തിനുവെളിയിൽനില്ക്കണം. അരയിൽമുണ്ടുകെട്ടണം. മുട്ടോളംതാണുതൊഴണം. മാത്രമോ? ചേനയോ പുകയിലയോ കാഴ്ചയും വേണം. അവനെക്കൊണ്ടിതൊന്നും ഒക്കുകയില്ല. അവൻ സ്വതന്ത്രനാണു്. അവൻ ആരുടേയും അടിമയല്ല. അവനാണു് ആദിമ നിവാസി. അവൻ നട്ടെല്ലുള്ളവനാണു്. അവന്റെ കുടുംബത്തിനു് ഒരു ചരിത്രമുണ്ടു്. ഈ തമ്പ്രാക്കളു വരുംമുമ്പു് അവരിടിത്തെ രാജാക്കളായിരുന്നു. അപ്പൂപ്പൻ പറഞ്ഞ കഥകൾ ഓർക്കുമ്പോൾ അവനു കലികൊള്ളാറുണ്ടു്. അതിന്റെ സ്മരണക്കായി ആണ്ടുതോറും അവനുമാടത്തിലൊരു സദ്യ നടത്താറുണ്ടു്. അന്നവർക്കൊരുത്സവമാണു്. മഹോത്സവം. അവരുടെ പൂർവ്വസ്വത്തിന്റെ അവശിഷ്ടങ്ങളായ വടിപ്പല്ലും ചവിട്ടുകളിയും അന്നവർക്കു പ്രധാനമാണു്. ചാത്തനന്നു നീണ്ടവടിയും തോത്തും ധരിച്ചു് ഉന്നതാസനത്തിലിരിക്കും. മററുള്ളവർ നിലത്തുവിരിച്ച പായിലും.

അവരുടെ എല്ലാ വഴക്കും ചാത്തന്റെ വാക്കിൽ തീരും. അടിയന്തിരങ്ങളും ആഘോഷങ്ങളും ചാത്തന്റെ സാന്നിദ്ധ്യത്തിലാണു നടക്കുന്നതു്.

വർഷങ്ങൾ പലതുകഴിഞ്ഞു. ചാത്തന്റെ നിലത്തിലെ ചേറും വിളവും വർദ്ധിച്ചുതുടങ്ങി. തെങ്ങിൻതൈകളെല്ലാം കുലച്ചുകൂടി. പഞ്ചകൃഷികൾകൊണ്ടു് സ്ഥലവും നില

വും നിറഞ്ഞു. ആകപ്പാടെ ചാത്തന്റെ വരുമാനം വൈദ്യൻതമ്പ്രാന്റേതിനേക്കാൾ വർദ്ധിച്ചു.

വൈദ്യൻതമ്പ്രാൻ കണ്ണുതുറന്നു. ചിലപ്പോഴെല്ലാം കുഴമ്പുംതേച്ചുകൊണ്ടു് അയാൾ മെതിയടിപ്പുറത്തു് ചാത്തന്റെ കൃഷികൾക്കിടയിലൂടെ നടപ്പുതുടങ്ങി.

ആദ്യമായി ഒരു ദിവസം തമ്പ്രാൻ മാടത്തിനടുത്തുകൂടി വന്നു. അപ്പോൾ ചാത്തൻ പഞ്ചെ നനക്കുകയായിരുന്നു. തമ്പ്രാൻ മുററത്തോളം നടന്നടുത്തു.

സ്നേഹവും ഔദാര്യവുംനിറഞ്ഞ സ്വരത്തിൽ വിളിച്ചു. "ചാത്താ-ചാത്തോ!"

'എന്തോ. എന്ന തമ്പ്രാ?'

അവൻ ആദരവോടേ ഓടിയടുത്തു.

'എന്റെ ചാത്താ. ഞാൻ രാവിലെ മുറുക്കിയില്ല. പാക്കെല്ലാം തീൻപോയി. അടയ്ക്കാ കിടപ്പുണ്ടോ?

ഉണ്ടല്ലോ തമ്പ്ര—എത്രവേണം? എന്നുചോദിച്ചതും അടയ്ക്കാമരത്തിൽ ചാടി കയറിയതും ഒരുമിച്ചു കഴിഞ്ഞു.

ഇരുന്നൂറിൽ കുറയാത്ത ഒരു കുല പഴുക്കാപ്പാക്കുമായി ചാത്തൻ മേനവന്റെ മുമ്പിൽ വന്നുനിന്നു. തമ്പുരാൻ പ്രസന്നനായി. ഒരു പച്ചച്ചിരിയോടെ ഗൗരവം കലർത്തി പറഞ്ഞു. 'ചാത്തൻ കുറച്ചുകഴിഞ്ഞു് അങ്ങോട്ടുവരണം. കേട്ടോ.'

"ഉവ്വ്"—അവൻ മറുപടി കൊടുത്തു. അവൻ ശീലിച്ചിട്ടില്ല, "എറാൻ" പറയുവാൻ.

എങ്കിലും ഇത്ര നല്ലയാളാണല്ലോ വൈദ്യൻതമ്പ്രാൻ.

അപ്പഴ് "ഏറാൻ" പറയണ്ടതായിരുന്നു. അവൻ ഓർത്തുപോയി.

ഉച്ചയൂണും കഴിഞ്ഞു് ചാത്തൻ തമ്പ്രാന്റെ അടുത്തേക്ക പുറപ്പെട്ടു. ചെന്നയുടൻ തമ്പ്രാൻ ചാത്തനെ മുററത്തേക്ക ക്ഷണിച്ചു. സങ്കോചത്തോടെയെങ്കിലും ചാത്തൻ കടന്നു ചെന്നു. അവിടെ തമ്പ്രാൻതന്നെ ഒരു ഓലക്കീററിട്ടുകൊടുത്തു. നിറഞ്ഞ സംതൃപ്തിയോടെ ചാത്തനിരുന്നു.

തമ്പ്രാൻ അകത്തേക്കു നീട്ടിവിളിച്ചു–'ലക്ഷ്മിക്കുട്ടി!!'

'എന്താ!,-വിളികേട്ടുകൊണ്ടു് അർദ്ധാനഗ്നയായ ഒരു അസ്പരസ്സ് ഓടിവന്നു.

'നമ്മുടെ ചാത്തനു ചോറുകൊടുക്കു! എനിക്കുള്ളതെല്ലാം അവനും വിളമ്പണം,

ചാത്തൻ കടന്നുപറഞ്ഞു– 'വേണ്ട തമ്രാ— ഞാനിപ്പം ഉണ്ടേച്ചുവരുകാ!

'അല്ല ചാത്താ നീ കുറച്ചെങ്കിലും ഉണ്ണണം. അല്ലെങ്കിൽ ഞാനും ഉണ്ണുന്നില്ല. സ്നേഹമുള്ളവരെക്കൂടാതെ-സാദ്ധ്യമല്ല ചാത്താ? മേനവൻ പറഞ്ഞു.

എന്തൊരു കരുണ! എന്തൊരു സാഹോദര്യം! എന്തൊരു സമഭാവന! ഇങ്ങനത്തെ തമ്പ്രാക്കളും ഉണ്ടല്ലോ ലോകത്തിൽ. ഒരു വയററീന്നു പോന്നപോലെ. ചാത്തന്റെ മനസ്സു മന്ത്രിച്ചു.

തമ്പുരാന്റെ നിർബ്ബന്ധത്താൽ ചാത്തൻ കുറെച്ചെങ്കിലും ഉണ്ണാമെന്നു സമ്മതിച്ചു.

ഇലയിട്ടു. തമ്പ്രാൻ ഇറയത്തും ചാത്തൻ മുററത്തും. വിഭവങ്ങൾ വിളമ്പിത്തുടങ്ങി. പൊടിയരിച്ചോറ്, നറു

നെയ്യ്, പരിപ്പ്, വലിയപാൎപ്പടം തുടങ്ങി കട്ടത്തൈരുവരെ.

മേനവൻ പത്മാസനത്തിലിരുന്നുകൊണ്ടു് ഊണു കഴിച്ചു. തമ്പ്രാനെ കൂടക്കൂടെ കണ്ണിട്ടുകൊണ്ടു ചാത്തനും. ചാത്തൻ വിചാരിച്ചു. എന്തൊരു തമ്പ്രാൻ!— എൻെറാപ്പമിരുന്നുണ്ണുന്നു. ഓ! ഞാനിതുവരെ പേടിച്ചു ദൂരെ മാറി കഴിഞ്ഞു. അടുത്തപ്പഴല്ലേ അറിഞ്ഞതു്? എന്തൊരു നല്ല തമ്പ്രാ-തേവലോഹത്തിന്നു വന്നതാ— കണിശം!-

അവൻെറ ചിന്തകൾ പതറിപ്പറന്നുയൎന്നു. ചാത്തൻ നിറഞ്ഞ സംതൃപ്തിയോടേ ഊണുകഴിച്ചു. വന്നല്ലോ അട പ്രഥമനും പായസവും. അവനു വയ്യാ, ഒന്നും കഴിക്കാൻ 'ചാത്തനു കൊടുത്ത പോലും തമ്പ്രാട്ടി തിരിച്ചെടുക്കുമോ? അവൻ അതെടുത്തു കിടാങ്ങൾക്കു കൊടുക്കാൻ മാററി വച്ചു.

ഊണുംകഴിഞ്ഞു് തമ്പ്രാൻതന്നെ ഒന്നു മുറുക്കാനെടുത്തു ചാത്തനുംകൊടുത്തു. തുളസിവെററില, പഴുക്കാപ്പാക്കു് കാലിപ്പുകയില. ചാത്തൻ അന്തസ്സായി ഒന്നു മുറുക്കി.

'ചാത്താ! നിനക്കു കാലിപ്പുകയില കിട്ടാൻ വിഷമമല്ലേ? ഇന്നാ ഇതിരിക്കട്ടെ. ഇവിടെ കാഴ്ചകിട്ടിയതാ. രണ്ടില നല്ല കാലിപ്പുകയിലയെടുത്തു തമ്പുരാൻ ചാത്തൻെറ കയ്യിൽ ഇട്ടുകൊടുത്തു. ചാത്തൻ രണ്ടുകയ്യുംനീട്ടി വാങ്ങി. അതിനുശേഷം തോളത്തുകിടന്ന തുവൎത്തെടുത്തു് വിനീതനായി യാത്രചോദിക്കാനെന്നപോലെ നിന്നു.

അഹംഭാവിയായ ആ ആദിമരാജവംശജൻെറ അധഃപതനം മേനവനെ സന്തോഷിപ്പിച്ചു. അദ്ദേഹം സം

തൃപ്തിയാലെന്നപോലെ കൊഴുക്കെ ചവച്ചുകൊണ്ടു് ഒന്നു ചിരിച്ചു.

ആ ചിരി ചാത്തനു് അമൃതംപോലെതോന്നി.

"എന്താ! ചാത്തനു് പോകാൻ ധൃതിയുണ്ടോ?" എന്നതിരുതി തമ്പ്രാ-തമ്പ്രാനെക്കണ്ടോണ്ടിങ്ങനെ നിക്കണതാ എന്നതന്റ്രോഷം."

'ഏതായാലും ഇരിക്കൂ ചാത്താ—നമുക്ക കുറേനേരം സംസാരിക്കാം. വളരെ നാളായില്ലേ?

'ഇരിക്കാം തമ്പ്രാ-ഇരിക്കാം.'

ചാത്തൻ ആ ഓലക്കീറിലിരുന്നു. തമ്പുരാൻ കോലായത്തിലുള്ള ചൂരൽക്കസേരയിലെ പട്ടുമെത്തയിലും. അങ്ങനെ ഇരുന്നും കിടന്നും പലതും സംസാരിച്ചു. കൃഷിയുടെ വിളവു്, പശുവിന്റെ കറവ, നാളികേരത്തിന്റെ വില, കരത്തിന്റെ കുടിശ്ശിഖ, കരക്കുടിശ്ശിഖക്കു് അടുത്തൊരിടത്തു് ഒരു വലിയ കുടുംബം വിററുപോയ കഥ—ഇങ്ങനെ പലതും.

ചാത്തൻ ചോദിച്ചു—'തമ്പ്രാ—അപ്പം അവരുടെ സൊത്തു വിറെറടുത്തതു എത്ര രൂപാക്കാ?'

'രൂപയോ?—രൂപയൊന്നുമില്ല. ഇരുപത്തിയേഴരച്ചക്രം കരമേ ഉള്ളൂ—വെറും ഇരുപത്തിയേഴരച്ചക്രം.'

'അയ്യോ! അതെങ്ങനെപോയി തമ്പ്രാ? ആ വല്യക്കാട്ടപ്പുരേം പറമ്പുംകൂടെ ഇരുപത്തിയേഴരച്ചക്രത്തിനാ- -?'

തമ്പ്രാൻ പറഞ്ഞു-'അതു് ഒററപ്രാവശ്യമായിട്ടല്ല, അഞ്ചുതവണയായി. അവിടുത്തെ കാരണവർ മരിച്ചതിൽപ്പിന്നെ കരം ഒടുക്കിയിട്ടില്ല. ഇളമുറക്കാർ മൈനറല്ലേ-വെറും മൈനർ. അവക്കെന്തറിയാം? അഞ്ചിനെ മുടക്കം വന്ന കരത്തിനും ഫീസിനും എല്ലാംകൂടി ദാരോ പ്രാവശ്യ

വും ലേലം നടന്നു. ആദ്യം പുര ലേലംനടന്നു. പിന്നെ നാലുപ്രാവശ്യമായി പന്തിനഞ്ചേക്കർ സ്ഥലവും.'

അയ്യോ തമ്പ്രാ! അതാരു പിടിച്ചതമ്പ്രാ?

'ഞാനാ പിടിച്ചിരിക്കുന്നതു്. ഇപ്പോഴ് കാലാവധി കഴിഞ്ഞുകിടക്കുകയാ. ഞാൻ വിളിച്ചാൽ ആരും പുറത്തുകയററി വിളിക്കുകയില്ല, അങ്ങനയാ ഇരുപ്പു്. അല്ലെങ്കിൽ വായുഗുളികക്കു്നാട്ടുവിട്ടോടേണ്ടിവരും. എല്ലാവക്കുമറിയാം സ്നേഹിച്ചുനിന്നാൽ എൻെറ ജീവൻപോലും കൊടുക്കും!'

'തമ്പ്രാ-അപ്പും ഏനു മൂപ്പത്തഞ്ചു ചക്രമൊണ്ടല്ലോ കരം. ഇങ്ങനെയാണെങ്കി, ഏനറിയേലല്ലോ ഇതെല്ലാം വിററുപോണതു്?'

'ശരിയാ— ചാത്താ, വളരെ സൂക്ഷിക്കണം. പോയാൽ സ്ഥലം മാത്രമല്ല, പുരയും പോകും. പാത്രങ്ങളും ഉരുപ്പടികളുമെല്ലാം അവന്മാരു പെറുക്കുകയും ചെയ്യും'

അയ്യാ തമ്പ്രാ! ഏനുമേല, ഈ അതികാരിത്തമ്പ്രാക്കളോടു മല്ലടിക്കാൻ—തമ്പ്രാം പറ തമ്പ്രാ-ഏന്നെന്നാടുക്കണം?'

ആ കരപ്പുറം പുലയൻ ചാടിയെഴുന്നേററു് ഞെട്ടുക്കത്തോടെ ചോദിച്ചു.

തമ്പുരാൻ പറഞ്ഞു—'എടാ ചാത്താ' ഞാനേററു നിൻെറ കരത്തിൻെറ കാര്യം.

അതിനു യേനെന്നാടുക്കണം തമ്പ്രാ?

'നീ ഒരു കാര്യം ചെയ്യു്, ആ തൊല്ലയങ്ങൊഴിച്ചുകള. നമുക്കു് അടുത്ത ദരുമിക്കു് കച്ചേരിയിൽ പൊയ്ക്കളയാം. എൻെറ പേക്കിലങ്ങൊഴിഞ്ഞു കളഞ്ഞാൽമതി. പിന്നെ ഞാൻതന്നെ കരംകൊടുത്തുകൊള്ളാം. ചാത്തൻ ഇന്നത്തെപ്പോലെ അനുഭവം എടുത്തുകൊള്ളൂ. എന്തെങ്കിലും മിച്ചമുണ്ടെ

ങ്കിൽ അതിൽ പങ്ക് ഓണത്തിനും മററും തന്നാൽ മതി. നമ്മളെല്ലാം ഒന്നല്ലേ ചാത്താ?'

അവൻ ആഹ്ളാദംകൊണ്ടു.

പൂൎണ്ണസമ്മതത്തോടേ യാത്രയും പറഞ്ഞു.

പ്രഥമനും പായസവുമെല്ലാം കിടാങ്ങൾക്കും ചിരുതക്കും കൊടുത്തു. അവർ കുടിച്ചുകൊണ്ടു് തമ്പുരാനു് 'ആയസ്സു'നേൎന്നു.

അവൻ ചിന്തിച്ചു. അങ്ങനെ കരക്കടിസ്ഥിതിയുള്ളു് തൻെറ സ്ഥലം പോവുകയില്ല. ആ ഭാരം അറിയാതെ ജീവിക്കാം.

തനിക്കും കിടാങ്ങൾക്കും അവരുടെ കിടാങ്ങൾക്കും അങ്ങനെ പരമ്പരാഗതമായി സ്വഛന്ദം ജീവിക്കാം. എന്തോരുനല്ല തമ്പുരാൻ!—

അങ്ങനെപോയി അവൻെറ ചിന്താഗതി. ബ്രിട്ടീഷുകാരുടെ ആയുധത്തിനു താഴെ അഭയംതേടിയ ഉത്തരേന്ത്യൻ രാജാക്കളേപ്പോലെ.

അന്നുമുതൽ തുടർച്ചയായി ചാത്തനു് ഉച്ചഊണു് തമ്പുരാൻെറ വീട്ടിലാണു്. അവർ വളരെനേരം പല വിഷയങ്ങളെപ്പററിയും സംസാരിക്കും. പുറത്തുള്ളവരുടെ ദൃഷ്ടിയിൽ അവർ രാജാവും മന്ത്രിയുമായി. അങ്ങനെ പോയി ദിവസങ്ങൾ. ആ ദശമിനാളിൽത്തന്നെ ആധാരവും നടന്നു. അന്നു വലിയ കേമമായിരുന്നു. അന്നൊരു കുട്ടകം നിറയെ ചോറും കറിയും പായസവും പ്രഥമനും എല്ലാം വേലൂസ്സാവർശം ചാത്തൻെറ വീട്ടിൽ കൊടുത്തയച്ചു. അവൎക്കെല്ലാം അന്നൊരു മഹോത്സവമായിരുന്നു.

വീണ്ടും ചില ദിവസങ്ങളും ആഴ്ചകളും കടന്നുപോയി. മാസങ്ങൾ എന്നു പറയാറായി. മേനവൻെറ പ

ക്കൽ ചാത്തനുള്ള മന്ത്രിസ്ഥാനത്തിനു കോട്ടംതട്ടിത്തുടങ്ങി. തമ്പുരാനു് അധികം സംസാരിച്ചിരിക്കാൻ ഒക്കുന്നില്ല. പല കാര്യങ്ങൾക്കായി സംസാരത്തിനിടയിൽ അക്കുത്തേക്ക കയറിപ്പോകും. സംഭാഷണത്തിനുണ്ടായിരുന്ന ആ പഴയ മധുരിമയെല്ലാം നശിച്ചു. അവൻെറ ചോദ്യത്തിനു് മിക്കവാറും മറുപടി പറയാതെ മൂളൽമാത്രമായി.

ഒരു ദിവസം തമ്പുരാൻെറ തെങ്ങുകൾ കയറിയ മണ്ണാൻ തൻെറ തൈത്തെങ്ങുകളിൽ നിന്നും നാളികേരമിറക്കുന്നതു് അവൻ കണ്ടു. കലികൊണ്ട ചാത്തൻ അരിവാളുമായി ഓടി. മണ്ണാൻെറ പക്കലേക്കല്ല. അവിടെനിന്ന തമ്പുരാൻെറ പക്കലേക്കു്. അവൻ പാഞ്ഞടുക്കുന്നതു കണ്ടുകൊണ്ടു് തമ്പുരാൻെറ പുറകിൽനിന്ന വേലൃശാരുടെ ബലിഷ്ഠങ്ങളായ കരങ്ങൾ അവനെ പിടിച്ചു നിറുത്തി. അങ്ങനെ തമ്പുരാൻ രക്ഷപെട്ടു.

ചാത്തൻ ജയിലിലായി. കുടിയിറക്കപ്പെട്ട മാണിക്കും കിടാങ്ങളും പെരുവഴിയിലും!

കാലം കഴിഞ്ഞു. മേനവൻ പട്ടുമെത്തയിൽക്കിടന്നും ചാത്തൻ ജയിലിൽക്കിടന്നും അന്ത്യശ്വാസം വലിച്ചു.

ഇന്നും ചാത്തൻെറ സന്തതികൾ അവരുടെ കിടാങ്ങളും കിടാങ്ങളുടെ കിടാങ്ങളുമായി വയലുകളിലേക്കു പോകുന്നതുകാണാം. ഭൂമിയെ തണുപ്പിക്കുവാൻ. പൂവും കായും നിറഞ്ഞ കേരളം സൃഷ്ടിക്കുവാൻ.

അവരുടെ പോക്കുകണ്ടാൽ പരാധീനമായ സ്വരാജ്യത്തിൻെറ സ്വാതന്ത്ര്യം വീണ്ടെടുക്കുവാൻ ഉശിരോടെ പാഞ്ഞുപോകുന്ന സേനാനികളാണെന്നു തോന്നും.

# ശങ്കരന്റെ ഒരു ദിവസം.

വേനലും വർഷവും നോക്കാതെ കൃത്യസമയത്തുതന്നെ കാതുകളെ കുത്തിത്തുരന്നുകൊണ്ടുള്ള ആ ചൂളംവിളി ചീററിയലയ്ക്കും. കഠിനമായ അദ്ധ്വാനവും എരിച്ചിലടങ്ങാത്ത വയറുമായി തുടർച്ചയായി സമരംനടത്തുന്ന അവിടത്തെ തൊഴിലാളികൾ ചാടിയെണീക്കും. ഒരു ബീഡിക്കുററി തപ്പിയെടുത്തു ചുണ്ടത്തുവച്ചുകൊണ്ടു് മുററത്തുനിന്നും നേരേ പുറപ്പെടുകയായി.

ശങ്കരൻ അവിടെല്ലാം നോക്കി. ബീഡിയില്ല. ബീഡി മുറിയുമില്ല. പടിപ്പുറത്തും മെടയുടെയിടയിലും നോക്കി. കററയുടെ കെട്ടുപോലും എരിഞ്ഞുകഴിഞ്ഞ കഷണങ്ങൾ മാത്രം. അവനു തണുപ്പു സഹിക്കവെയ്യ. കാലവർഷത്തിന്റെ തിമിർത്തടിക്കുന്നകാററു്. മഴ തുവന്നെങ്കിലും തണുപ്പ് അധികരിക്കുന്നു. അടുപ്പിനരികിൽ അല്പനേരമിരുന്നു. കരിയിലയിട്ടു പുകയ്ക്കുന്ന അടുപ്പിനരികിൽ. അതു് അവന്റെ ഹൃദയംപോലെ നീറിനീറിപ്പുകയുകയാണു്.

വീണ്ടും കുഴൽവിളി മുഴങ്ങി. കൊലവിളിപോലെ ഭയാനകമായ കുഴൽവിളി. അവൻ ചാടിയിറങ്ങി. മൂന്നുനാലു ചുവടുകൾവെച്ചു. പെട്ടെന്നു തിരിഞ്ഞുനിന്നു. "കാളിക്കുട്ടീ-പ്രാതലിനു വല്ല പണിയുമുണ്ടോ?"

കാളിക്കുട്ടി മുൻകരുതലുള്ളവളാണു്. അരിയുടെ താവലെങ്കിലും കപ്പയുടെ മുറിയെങ്കിലും പിള്ളേരേയൊളിച്ചു് ഒരു പൊട്ടക്കലത്തിൽ മറച്ചുവയ്ക്കാറുണ്ടു്. തീരെ മുട്ടുമ്പോൾ തുള്ളി വെള്ളം തിളപ്പിക്കാൻ, വയററിൻെറ കടിയൊന്നൊതുക്കുവാൻ.

"ഉം—ം—ം പണി—"

ഇടതടവില്ലാതെ പട്ടിണിയുടെ ആക്രമണങ്ങൾക്കു വിധേയയായി ക്ഷമനശിച്ച അവൾ ഭർത്താവിനെ പകച്ചു നോക്കി.

"എന്തെങ്കിലും ഒണ്ടായിരുന്നെങ്കിലിന്നലെ വൈകിട്ടു പിള്ളാരെ പഷ്ണികെടത്തുവാ—. ഉച്ചയ്ക്കു വെശപ്പിക്കുവാ—?"

അവൻെറ ചിന്തകൾ പതറി. അവസാനമില്ലാത്ത പട്ടിണി. കഠിനമായ അദ്ധ്വാനം. വിശന്നുകരയുന്ന കുഞ്ഞുങ്ങൾ. മാംസമെല്ലാം ഉണങ്ങിവരണ്ടെങ്കിലും നഗ്നത മറയ്ക്കുവാൻ ഒരു കീററമുണ്ടല്ലാതെ—മേത്തിടാൻ മോൻെറ കീറിയ ഉടുപ്പിൻെറ കഷണമല്ലാതെ മറുതുണിക്കഷണമില്ലാത്ത ഭാര്യ- - - -.

വീണ്ടും ആ കുഴൽവിളി മുഴങ്ങി. മനുഷ്യനെ ചവച്ചുതുപ്പുന്ന യന്ത്രത്തിൻെറ ആരവംപോലെ.

ശങ്കരൻ എഴുന്നേററു. നിശബ്ദനായി പുറത്തേക്കിറങ്ങി.

ഒരു മൈലോളം അകലത്തിലാണു ഫാക്ടറി.

വായു നിറച്ച വയറുമായി അതിവേഗത്തിൽ അവൻ ഓടി. സമയം അതിക്രമിച്ചാലോ? അവിടവിടെ ഉടുത്തിയണിഞ്ഞ ഉടുപ്പിൻെറ പുറം വാലുകൾ ചാററൽ മഴയെ കൂസാതെ കാററിൽ പറന്നുനിന്നു.

അവൻ ഓടിയണച്ചെത്തി. നീണ്ടുയൻമഞ്ഞച്ഛായ മണിഞ്ഞ ഫാക്ടറിയുടെ പടിയ്ക്കൽ. വാതില്ക്കൽ രണ്ടാളുകൾ നില്ക്കുന്നു. പതിവുപോലെ പിച്ചളക്കട്ടയിൽ മുദ്രയടിച്ച തുകൽവാറുമണിഞ്ഞു്. തലയിൽ അടിമത്വത്തിൻെറ കെട്ടുംകെട്ടി.

അവരിലൊരാൾ ശബ്ദിച്ചു—

"വരട്ടെ—ഇനി ഒരു മണിക്കു്."

ശങ്കരൻ മൂന്നുമിനിററു താമസിച്ചുപോയി. കൃത്യസമയം കഴിഞ്ഞുവരുന്നവരെ പ്രവേശിപ്പിക്കുവാൻ പാടില്ല. അതു അവരുടെ കമ്പനിനിയമമാണു്.

അവനു് തല്ക്കാലം ഒന്നും പറയുവാനില്ലായിരുന്നു. പറഞ്ഞതുകൊണ്ടു വിശേഷവുമില്ല. പിന്നെന്തിനു പറയുന്നു. ശങ്കരൻ നിശ്ശബ്ദനായി കുറേനേരം നിന്നു. അകലത്തിലുള്ള ചായക്കടയിലേക്കു നടന്നുപോകുവാൻ തളരുന്ന കാലുകൾ അനുവദിക്കുന്നില്ല. അവൻ ഉച്ചയാവുവാൻ കാത്തുനിന്നു.

പൊടിമഴയുടെ തുള്ളികൾക്കു ഘനംവച്ചു. അതു ക്രമത്തിൽ പേമാരിയായി രൂപംകൊണ്ടു. ആ രണ്ടുനിലക്കെട്ടിടത്തിൻെറ അരികിൽ നനയാതെ നില്ക്കുവാൻ സാദ്ധ്യമല്ലായിരുന്നു. ശങ്കരൻ ഭിത്തിയോടു പററിച്ചേർന്നു. അവൻെറ നനഞ്ഞുചീഞ്ഞ കുപ്പായവും അരയിൽചുററിയിരുന്ന തുണിക്കഷണവും ദേഹത്തോടു പററിപ്പിടിച്ചു.

ശരീരം വിറച്ചുതുടങ്ങി. കത്തിത്തുളയുന്ന തണുപ്പും പട്ടിണിയുടെ വർദ്ധിച്ച ക്ഷീണവുംകൂടി അവനെ തുള്ളിച്ചു. തുള്ളപ്പനിക്കാരനേക്കാൾ ഭയങ്കരമായി.

ആ സ്ഥാപനത്തിൻെറ പടിക്കൽ നിന്നിരുന്ന കാവല്ക്കാരുടെ കണ്ണുകൾ നിറഞ്ഞു. പക്ഷെ--- അവർക്കൊന്നും പാടില്ലായിരുന്നു. അവനെ അകത്തേയ്ക്കു കടത്തിവിട്ടാൽ---!! അവർക്കതസാദ്ധ്യമായിരുന്നു.

ശങ്കരൻ സഹികെട്ടു. ആരുടെയും അനുവാദംകൂടാതെ അവൻ അകത്തേക്ക് ഓടിക്കയറി. അകലെ ഒരു കോണിൽ ചെമ്പിൻെറ അടിയിൽക്കിടന്നെരിയുന്ന തീയുടെ സമീപത്തു ചെന്നിരുന്നു. ആ തീയ്യിൽ തൻെറ തണുത്തുമരവിച്ച കയ്യും കാലും ചൂടാക്കി. കൈകൾ കൂട്ടിത്തിരുമ്മിയും കാലിൻെറ വെള്ള വീണ്ടും വീണ്ടും അനത്തിയും കുറേനേരം അങ്ങനെ ഇരുന്നു.

അടുപ്പിലെ വിറകിൻമുട്ടികൾ എരിഞ്ഞുകത്തുന്നു. അവൻെറ വയററിലെ മാംസപേശികൾ വിശപ്പുകൊണ്ടു ദ്രവിക്കുന്നു.

കാവൽക്കാർ ഒന്നും മിണ്ടിയില്ല.

ആ ഉന്നതമായ കെട്ടിടത്തിൻെറ നേരേ ശങ്കരൻ തുറിച്ചുനോക്കി. മനോഹരമായ പട്ടണത്തിലെ മഹോന്നതസൗധം. മുപ്പതു വർഷങ്ങൾക്കുമുമ്പ് ഒരു അരുകാലിപ്പുരയിൽ രൂപമെടുത്ത സ്ഥാപനം. ആറിൽനിന്നും അറുനൂറിൽപ്പരമായി പെരുകിയ തൊഴിലാളികൾ. ചില നൂറുകളിൽനിന്നും ലക്ഷങ്ങളായി മാറിയ മൂലധനം. തൻെറ അച്ഛനേയും ജ്യേഷ്ഠനേയും രോഗികളാക്കി കൊന്നുതിന്ന ഫാക്ടറി. സ്നേഹിതൻെറ കയ്യൊടിച്ച മനുഷ്യനുള്ള സ്ഥാപനം. എങ്കി

ലും അന്നയ്ക്കു പ്രസവിക്കുവാനും ചിരുതയ്ക്കു ബോധംകെട്ടു കിടക്കുവാനും മറനൽകിയ സ്ഥാപനം. അനേകംപേർക്കു വിഷമജ്വരവും, ക്ഷയവും പകർന്നുകൊടുത്തും രക്ഷാകേന്ദ്രം. എന്നാലും ശങ്കരൻ അറിയാതെ ചിരിച്ചു. ഹൃദയപൂർവ്വമുള്ള ചിരി.

തലമുറകളുടെ ചോരയും നീരും പൊലിഞ്ഞുപോകാതെ— സമുദ്രത്തിൽ അലിഞ്ഞുപോകാതെ— അതിലൊരു ഭാഗമെങ്കിലും ഒരു മെച്ചപ്പെട്ട സ്ഥാപനമായതിൽ അവൻ അതിരററാഹ്ളാദിച്ചു. കരളിൽത്തട്ടിയ ആഹ്ളാദം വിശപ്പിനെ തഴുകിനിറുത്തി.

ഹാ!

ആ വയറിന്റെ അള്ളിപ്പിടുത്തത്തിൽ ശങ്കരൻ ഇരുന്നുപോയി. അവന്റെ കണ്ണുകൾ, താൻ പണിയെടുക്കുന്ന തറിയുടെ സമീപത്തേക്കു പാഞ്ഞു. ഒരു കഷണം തിരിവു തട്ടുകൾ കിടക്കുന്നു. വില്പനക്കുതകാത്തകഷണം. തണുപ്പിൽ ചവുട്ടിനിന്നു പണിയെടുക്കുവാൻ അവൻതന്നെ എടുത്തിട്ടതാണ്. രണ്ടുദിവസത്തിനുമുമ്പ്. കുന്നുകൂട്ടിയ ചപ്പിനും ചവറിനും ഇടയിൽ നിന്ന്.

അവനു വിശപ്പടക്കണം. വീട്ടിൽ ചെന്ന് അര നാഴികയായെങ്കിലും വിശ്രമിക്കണം. അല്ല—നീണ്ടവിശ്രമം വേണ്ടിവരും. വാതപ്പനിയുടെ ലക്ഷണങ്ങൾ കണ്ടുതുടങ്ങി.

ശങ്കരൻ കയറുതടുക്കിന്റെ ഉറവുതട്ടിയ കഷണവുമായി വീട്ടിലേക്കോടി. മഴയത്തു തലയിൽ വച്ചുകൊണ്ട്. ഇടയ്ക്കു ചായക്കടക്കാരൻ വിളിച്ചു. കൊച്ചു കച്ചവടപ്പീടികയും ചായക്കച്ചവടവും ഒന്നിച്ചുനടത്തുന്ന ചിറവുമുതലാളി.

അവൻ ചെന്നു. അയാൾക്ക് ആ തടുക്കുകഷണം

വേണം. തിണ്ണയെല്ലാം തണുത്തുചീക്കുന്നു. മേശയുടെ മുമ്പിലെ കസാലയുടെ കീഴിലിടുവാനാണ്.

ശങ്കരൻ കൊടുത്തു. രണ്ടുറാത്തൽ കപ്പയും ഒരുനുള്ളു തേയിലയും പകരം കിട്ടി.

അവൻ വീട്ടിലെത്തി. തളർന്നുറങ്ങുന്ന കുഞ്ഞുങ്ങളും അവരുമായി താടിക്കു കയ്യുംകൊടുത്തു വാതിൽപ്പടിയിൽ മരച്ചിരിക്കുന്ന കാളിക്കുട്ടിയും! ആ കാഴ്ച അയാളെ നീററിയെരിച്ചു.

കാക്കയുടെ കണ്ണുള്ള വാച്ചർ ശങ്കരൻെറ മോഷണം കണ്ടുപിടിച്ചു. അയാൾക്ക് ആ ചെറിയ കാര്യംപോലും മറച്ചുപിടിക്കുവാൻ കഴിഞ്ഞില്ല. ആ നിസ്സാരവീഴ്ചമതി പിരിച്ചയക്കുവാൻ. ദുശാഠ്യക്കാരനായ മുതലാളിഒന്നു ശബ്ദിച്ചാൽ വാച്ചറുടെ കുടുംബം പെരുവഴിയിൽ. എട്ടു കുഞ്ഞുങ്ങൾ, ഭാര്യ, അമ്മ, എല്ലാവരും നിരാശ്രയർ.

വാച്ചർ വിവരം മുതലാളിയെ അറിയിച്ചു,

കഴപ്പക്കാരനായ ശങ്കരനേപ്പററി അദ്ദേഹം എപ്പോഴും വിചാരിക്കും. തലപുകയ്ക്കുന്ന പ്രശ്നങ്ങൾ ഇളക്കിവിടുന്നവനാണവൻ. കൂലിക്കൂടുതൽ! ബോണസ്"— എന്നുവേണ്ട എല്ലാത്തിനും അവനാണു മുമ്പിൽ നില്ക്കുന്നതു്. മുതലാളി ഫോൺ കയ്യിലെടുത്തു ഗൗരവവും സൗമ്യതയും കലർത്തി സംസാരിച്ചു. നാലഞ്ചു മിനിററുകൾ മാത്രം.

അടുപ്പത്തിരുന്ന മരച്ചീനി വേവാകുന്നു. തേയില തിളച്ചുതുടങ്ങി. രണ്ടു പോലീസുകാർ അവൻെറ വാതുക്കൽ വന്നുനിന്നു.

ശങ്കരൻ അറസ്ററുചെയ്യപ്പെട്ടു "ഫാക്ടറിയിലെ ഏതാനും കെട്ടുകയറുംതടുക്കും കാണ്മാനില്ല." കേസ്സും ചാർജ്ജു ചെയ്തു.

# ഒരു രാത്രി.

നാടു പുകയുകയാണു്. അനുഭവങ്ങളുടെ തീച്ചൂള യിൽ. ഇരുട്ടും വെളിച്ചവും തമ്മിലുള്ള സംഘട്ടനത്താൽ. വിശപ്പും പ്രയത്നവും ഒരു ഭാഗത്തു്. അലസതയും ധാരാളിത്തവും മറുഭാഗത്തു്. ജനത പൊരിയുന്നു. തൊഴിലില്ലായ്മയും പട്ടിണിയും കൂടി മനുഷ്യജീവിതങ്ങളെ കാന്തു കാന്തു തിന്നുന്നു.

സമ്മേളനം കഴിഞ്ഞു. ജനതതി തിങ്ങിക്കൂടിയ സമ്മേളനം. കൊലക്കയറിൽക്കിടന്നുകൊണ്ടും ഘാതകനു ശാന്തിനേരുന്ന സമ്മേളനം. ഇന്നലകളുടെ പ്രയത്നങ്ങളെ-അവയുടെ പൂവണിഞ്ഞ നേട്ടങ്ങളെ— ചുട്ടുകരിക്കാതെ വിഭവങ്ങളാക്കി മാററുന്നതിനുവേണ്ടി-ശാന്തിയും സമാധാനവും കൈവരുത്തുവാൻവേണ്ടി-ഒന്നിച്ചുകൂടിയ യുദ്ധവിരുദ്ധ സമ്മേളനം,

മഹത്തായ ലോകസമാധാനത്തിനുവേണ്ടി ആ ഗ്രാമത്തിന്റെ മൂലയിലും ജനശബ്ദം അലയടിച്ചു. രാജന്റെ ഗംഭീരനാദവും അന്തരീക്ഷത്തിൽമാറെറാലിക്കൊണ്ടു. ജനഹൃദയങ്ങളിൽ അടിച്ചുകയറി.

വളർച്ച പ്രാപിച്ചുവരുന്ന ഒരു ചെറുപ്പക്കാരനാണ് രാജൻ. അന്ധവിശ്വാസങ്ങളിൽനിന്നുമകന്നുകഴിഞ്ഞെങ്കിലും പഴമയുടെ ചില കൊച്ചുകാലുകൾ അലട്ടാറുണ്ട്. അയാൾ എല്ലാവിഷയങ്ങളെപ്പററിയും പഠിക്കും. സ്വന്തം അനുഭവങ്ങളുടെ ത്രാസിൽ തൂക്കിനോക്കും.

രാജൻ സമ്മേളനസ്ഥലത്തുനിന്നു പുറപ്പെട്ടു. ഒന്നുരണ്ടു മിത്രങ്ങളോടുകൂടി. ആകാശത്തു ചില നക്ഷത്രങ്ങൾ മാത്രം മിന്നുന്നുണ്ട്. വഴി കുറേശ്ശെ തെളിഞ്ഞുകാണാം.

ഏതാണ്ട് രണ്ടു മൈൽ നടന്നു കാണും. സ്നേഹിതന്മാർ വഴി മദ്ധ്യത്തിലുള്ള അവരുടെ വീടുകളിൽ പ്രവേശിച്ചു. രാത്രികഴിച്ചുകൂട്ടുവാൻ രാജനെ ക്ഷണിച്ചു. പക്ഷെ-രാജൻ നിരസിച്ചു. അയാൾക്കു തൻെറ വൃദ്ധയും രോഗിണിയുമായ മാതാവിനെ കാണണം. ഒരാഴ്ചമുമ്പു കണ്ടതാണ്. അന്നുതന്നെ ദീനംപിടിപെട്ടു കിടപ്പിലായിരുന്നു. അവരുടെ ഏക പുത്രനാണ് രാജൻ. വാർദ്ധക്യകാലത്തു കിട്ടിയ പുത്രസന്താനം. അമ്മയ്ക്ക് എന്നുമെന്നും അവനെ കാണണം. അവൻെറ കൊച്ചു മുഖത്തുനിന്നും പുറപ്പെടുന്ന പൊട്ടിച്ചിരി കേൾക്കണം. അവൻെറ കണ്ണുകളിലെ കൃഷ്ണമണികൾ ചലിക്കുന്നതുകാണണം.

പക്ഷെ സാധിക്കാറില്ല. രാജൻ അധികദിവസവും പുറത്തായിരിക്കും. ജനങ്ങളുടെ കൂടെ. അനേകം അമ്മമാരുടെ കൂടെ. അനേകമനേകം അച്ഛന്മാരുടെയും സഹോദരങ്ങളുടെയും കൂടെ.

പുത്രനെ കാണാത്ത രാത്രികളിൽ അമ്മ ഉറങ്ങാറില്ല. എണ്ണ തീരുന്നതുവരെ വിളക്കു കത്തിച്ചു കാത്തിരിക്കും. ചിലപ്പോൾ ഇരുട്ടിൽത്തന്നെ ചെവിപാർത്തും.

രാജൻ അതിവേഗത്തിൽ നടകൊള്ളുകയാണു്. നീണ്ടുപരന്ന മണൽപ്പരപ്പിലൂടെ. മണലെടുത്തുണ്ടാക്കിയ വയലുകളിലൂടെ. കററിക്കാടുകളും പറങ്കിമാവുകളും ഇടതൂർന്നുനില്ക്കുന്ന പെരും പറമ്പുകളിലൂടെ.

പെട്ടെന്നു് ഒരു കാററു ചുററിയടിച്ചു. രാത്രിയുടെ ഒന്നാം യാമത്തിന്റെ അവസാനം അറിയിക്കുവാനായിരിക്കാം. ഒരു കറുത്ത തിരിശ്ശീല പ്രകൃതിക്കു മുഴുവനും മുഖംമൂടിയിട്ടു. കറുത്തിരുണ്ട നൂലുകളാൽ മാത്രം നെയ്തെടുത്ത മുഖംമൂടി. രാജൻ പകച്ചു നിന്നുപോയി. പെട്ടെന്നു് ഭയങ്കരമായ മഴയും. കുട നിവർത്തു. കയ്യിലിരുന്ന രണ്ടു പുസ്തകങ്ങളും നെഞ്ചോടമർത്തിപ്പിടിച്ചു. ഘനം കൂടി വലിപ്പമേറിയ രണ്ടു പുസ്തകങ്ങൾ. വായനക്കുശേഷം തിരിച്ചുകൊടുത്താൽ മതിയെന്ന ഉടമ്പടിയിൽക്കിട്ടിയ വിജ്ഞാന ഭണ്ഡാഗാരം.

നീണ്ടുപരന്ന വിസ്തൃതമായ മണൽപ്പരപ്പിലെത്തി. മുൾച്ചെടികൾ അവിടവിടെ പടർന്നുപന്തലിച്ചു നിൽക്കുന്ന മണൽപരപ്പിൽ. നൂററാണ്ടുകാലമായി ശ്മശാനമായുപയോഗിക്കുന്ന പെരുമ്പറമ്പിൽ. തലയോട്ടികളും അസ്ഥികൂടങ്ങളും അവിടവിടെ വിതറിക്കിടപ്പുണ്ടു്. അസ്ഥിക്കഷണങ്ങൾ നിരന്നുകിടക്കുന്നു. ചിലതു മിന്നുന്നുണ്ടു്. പലരേയും ഞെട്ടിച്ചിട്ടുള്ള തിളക്കം. ചിലരെ രോഗബാധിതരാക്കിത്തീർത്തിട്ടുള്ള മിനുക്കം. ഇടയ്ക്കിടയ്ക്കു് ചില ശബ്ദങ്ങൾ കേൾക്കാം. കററിക്കാടുകൾ അനങ്ങുന്നതിന്റേയും മണലിളകുന്നതിന്റേയും ശബ്ദം. അന്ധവിശ്വാസങ്ങളെ ബഹിഷ്കരിച്ചവരേയും സംശയപ്പെടുത്തുന്ന ശബ്ദങ്ങൾ. പലരേയും ഞെട്ടിമരിപ്പിച്ചിട്ടുള്ള തിളക്കവും അനക്കങ്ങളും.

രാജൻ നിശ്ചലനായി നിന്നു. ചുററുപാടും നോക്കി.

ഒന്നും കാണുവാനില്ല. അല്പനേരംകൂടിനിന്നു. അവിടെ ത്തന്നെ നിന്നു മൂത്രവിസർജ്ജനം ചെയ്തു. വീണ്ടും നിന്നു. അവിടെല്ലാം തുറിച്ചുനോക്കി. അതാ ഒരു മിന്നൽ. തീക ത്തുന്നു. കൂടികിടക്കുന്ന അസ്ഥികളിൽ നിന്നും തീയ്യ്. ചു റ്റുപാടും കിടക്കുന്നവ തിളങ്ങുന്നു.

രാജൻ വിയർക്കുന്നുണ്ട്. രക്തധമനികൾ ചുട്ടുപഴ ക്കുന്നു. ഭയത്തിന്റെ നിഴൽപാടുകൾ ഹൃദയത്തിന്റെ വക്കോളമെത്തി. എങ്കിലും തലച്ചോറിന്റെ പ്രവർത്തനം നിലച്ചില്ല. രാജന് ഓർമ്മവന്നു അസ്ഥികളിലുള്ള ഒരു വസ്തു. തിളങ്ങുകയും കത്തുകയും ചെയ്യുന്ന സാധനം. ലാ ബറട്ടറിയിൽ വെള്ളം നിറച്ച കുപ്പികളിലാക്കി സൂക്ഷിക്കു ന്ന അത്യാവശ്യസാധനം. പോസ്ഫറസ്. അതു് അ സ്ഥികളിൽ ധാരാളമുണ്ട്.

രാജന് ധൈര്യം കൈവന്നു. ഇരുട്ടിന്റെ മറയിൽ ഒളിഞ്ഞുനിന്നുകൊണ്ട് മനുഷ്യഹൃദയങ്ങളെ ഭയപ്പെടുത്തി വിജയം നേടുന്ന അന്ധവിശ്വാസങ്ങളുടെ നേരെ പുശ്ചമാ യി നോക്കിക്കൊണ്ട് അയാൾ യാത്രതുടർന്നു. ഇരുട്ടിനെ കീറിമുറിച്ചുകൊണ്ടുള്ള യാത്ര. മനുഷ്യവാസമില്ലാത്ത പുൽ ത്തകിടികളും കാടുപിടിച്ച പെരുംപറമ്പുകളും പിന്നെയും പിന്നിട്ടു. ചെറിയ വഴിച്ചാലിൽ നിന്നും പിശകി. പല മുള്ളുവേലികളും ചാടി, മുന്നോട്ടുതന്നെ പോവുകയാണ്.

ഒരു കുളത്തിന്റെ കടവിലെത്തി. വിസ്തൃതമായ ചതുരക്കുളം. കുളക്കരയിൽ കാളീക്ഷേത്രവും. പല യാത്ര ക്കാരെയും കൊന്നു ചോരകുടിച്ച കഥകളുള്ള കാളി. പ്ര ത്യേകിച്ചു് വെള്ളിയാഴ്ചകളിൽ. ആ രാത്രിയും വെള്ളിയാ ഴ്ചയുടെ രാത്രിയാണ്. ഭയമില്ലെങ്കിലും രാജനിൽ ഒരാശങ്ക. പലപ്പോഴായി കേട്ടിട്ടുള്ള കെട്ടുകഥകളുടെ തെകിട്ടിവരൽ.

അയാൾ മേല്പോട്ടുനോക്കി. മങ്ങിയ വെളിച്ചം അൽപ്പമായി വീശിയിട്ടുണ്ട്. അതിന്നിടയിൽ കറുത്തിരുണ്ട പനയിൽ ഒരിളക്കം. വല്ലാത്തശബ്ദത്തോടുകൂടി. കാളി മനുഷ്യഹിംസക്കായി തയാറെടുത്തിരിക്കുന്ന വൃക്ഷമാണത്. വീണ്ടും രാജൻെറ ധീരതയിൽ ഒരു പോറൽ. അയാൾ സൂക്ഷിച്ചുനോക്കി. ശ്രദ്ധിച്ചുനിന്നു. ഏതാനും നിമിഷങ്ങൾ.

രാജൻെറ ഓർമ്മയിൽ ഒരു പഴയകഥ നുരച്ചുപൊന്തി। ഒരു ധീരനെ സംശയം ഭയപ്പെടുത്തിയ കഥ. അനാവശ്യമായ ഭയം രോഗിയാക്കിയ കഥ. ഹൃദയത്തിലേക്കു കടന്നുവളൎന്ന ഭയം ഏതാനും മണിക്കൂറുകൾക്കുള്ളിൽ ജീവനും അപഹരിച്ചുകൊണ്ടു കടന്ന കഥ. തൻെറ സഹപാഠിയും സഹകരിച്ചുണ്ടാക്കിയ കഥ.

"പഠനം പൂൎത്തിയാക്കിയ ഏതാനും വൈദീക വിദ്യാൎത്ഥികളാണ്. ഭയത്തെ നീക്കുവാനും ധീരതയെ കൊടുക്കുവാനും സാത്താനെ അടിച്ചു പുറത്താക്കുവാനും കഴിവുനേടിയ വൈദീകർ. അവർ കൂട്ടംകൂടിയിരിക്കുകയാണ്. നാലഞ്ചു പേർ. പള്ളിമുററത്തുള്ള മന്ദിരത്തിൻെറ പുറകുവശത്തുള്ള മൺകൂനയിൽ. രാത്രി ഭക്ഷണവും കഴിഞ്ഞു് ദേഹം തണുപ്പിക്കുവാൻ. അവർ പല പുരാണങ്ങളും കടങ്കഥകളും പറഞ്ഞു രസിച്ചു. പൂനിലാവിനെ മറച്ചുപിടിച്ച നീളമേറിയ മേഘപടലത്തെ ഗൗനിക്കാതെ. അവരുടെ സംഭാഷണം ധീരതയെപ്പററിയായി. ഇരുട്ടുകൊണ്ടുവന്ന ഭയത്തിൻെറ പ്രചോദനമായിരിക്കാം. അടുത്തുള്ള സിമിത്തേരിയിലേയ്ക്കു് ഒരാൾ കൈചൂണ്ടി. എല്ലാവരും സൂക്ഷിച്ചുനോക്കി. ഒരു തകൎത്തടിക്കുന്ന കാററ് സിമിത്തേരിക്കുള്ളിൽ ശബ്ദമുണ്ടാക്കുന്നുണ്ടു്. വളൎന്നു പന്തലിച്ചു നില്ക്കുന്ന ചെടികളുടെ

ഇലകളെ ഭിത്തിയോടു ചേൎത്തടിച്ചുകൊണ്ടു്. ഒരാൾക്കു സ്വന്തം ധീരതയിൽ സംശയംതോന്നി. മററുള്ളവരെ പരീക്ഷിച്ചറിയുവാനുള്ള ഉൽക്കണ്ഠയും. ഒരു ശബ്ദം പുറത്തുവന്നു. "—ഇപ്പോൾ ഏകനായി സിമിത്തേരിയിൽ പ്രവേശിച്ചു് അസ്ഥിക്കൂടിനടുത്തുനില്ക്കുന്ന മഞ്ഞപ്പൂവുള്ള ചെടിയിൽ നിന്നു് ഒരു കമ്പൊടിച്ചുകൊണ്ടു വരണം. അതാൎക്കുകഴിയും? അയാൾ മാത്രമാണു ധീരൻ.

അറിയാമല്ലോ നിങ്ങൾ ഈ പറയുന്നതു് വാചകമടിയോ അതോ ധീരതയുടെ ശബ്ദമോ- - -?

പ്രായംകൂടിയ ദേഹം ചുററിലും നോക്കി. എല്ലാവരും പരസ്പരം തുറിച്ചുനോക്കുന്നു. സംശയത്തിന്റേയും നിരാശയുടേയും തുറിച്ചുനോട്ടം.

ഒരാൾ ചാടിയെഴുന്നേററു—.

"ഞാൻ പോയി കൊണ്ടുവരാം. പുഷ്പങ്ങൾ നിറഞ്ഞ ഒരു കമ്പുതന്നെ—"

എല്ലാവരും തലയനക്കി. തുറിച്ച കണ്ണുകളോടുകൂടിയ തലയിളക്കം. ആ ധീരൻ സീമിത്തേരിക്കു നേരേ അതിവേഗത്തിൽ നടന്നു. എല്ലാവരും അങ്ങോട്ടുതന്നെ മിഴിച്ചുനോക്കി.

നീണ്ടുകിടക്കുന്ന "ളോഹ" യ്ക്കിടയിൽ ആ നഗ്നമായ പാദങ്ങൾ അതിവേഗം ചലിക്കുന്നു. അദ്ദേഹം ശവക്കോട്ടയ്ക്കകത്തു പ്രവേശിച്ചു. ചില തിളക്കങ്ങൾ കണ്ടുവെങ്കിലും "പോസ്പറസ്സി" ന്റെ കാൎയ്യം ഓൎമ്മവന്നു. അസ്ഥി സൂക്ഷിക്കുന്ന കല്ലുകെട്ടിയ ആഴമേറിയ മുറിയോടടുത്തു. ഭയലേശംകൂടാതെ ആ കാട്ടുചെടിയിൽ തപ്പിനോക്കി. പൂക്കൾനിറഞ്ഞ ഒരു കമ്പു മുറിച്ചെടുത്തു. വിരലുകളുടെ അഗ്രത്തിലുള്ള നഖത്തിന്റെ സഹായത്തോടുകൂടി അദ്ദേഹം തിരി

ഞ്ഞുനടന്നു. അതിവേഗത്തിൽ. ളോഹ കാററിൽ ആടിയിളകുന്നുണ്ടു്. പറന്നുയരുന്നുണ്ടു്. പെട്ടെന്നു് പിറകിൽനിന്നു് ഒരു പിടുത്തം. ബലമേറിയ വലിച്ചിൽ. ളോഹയിൽപിടിച്ചു പിന്നോട്ടു വലിക്കുന്നു. അദ്ദേഹത്തിൻെറ ധീരത പൊടിഞ്ഞുതുടങ്ങി. ഹൃദയത്തിൻെറ കരുത്തു പൊലിയുവാനും. ചോര തിളച്ചുതുടങ്ങി. ശരീരം വിറയ്ക്കുവാനും. മുഴവൻ ശക്തിയും ഉപയോഗിച്ചു് അദ്ദേഹം മുന്നോട്ടുതന്നെ വലിച്ചു. തിരിഞ്ഞുനോക്കാതെ ജീവൻെറയും മരണത്തിൻെറയും ഇടയ്ക്കുണ്ടാകുന്ന കരുത്തേറിയ ശക്തിയുപയോഗിച്ചു്. ബലമേറിയ നൂലുകളാൽ നെയ്തുണ്ടാക്കിയ പുതിയ വൈദികവസ്ത്രം ഒരു പതറിയ ശബ്ദത്തോടെ വലിഞ്ഞുകീറി. അദ്ദേഹം ചെടിക്കമ്പിൽ മുറുക്കിപ്പിടിച്ചിരുന്നു. ആ ധീരൻ പാഞ്ഞുവന്നു. സുഹൃത് സംഘത്തിൻെറ മടിയിൽ മറിഞ്ഞുവീണു. ഒരുകവിളു രക്തവും ഛർദ്ദിച്ചു. ഒരു ദയനീയ ശബ്ദത്തോടെ.

സ്നേഹിതന്മാർ അദ്ദേഹത്തെ മുറിയിൽ കൊണ്ടുപോയിക്കിടത്തി. ഉറക്കമിളച്ചിരുന്നു ശുശ്രൂഷിച്ചു. പക്ഷെ-നേരംവെളുത്തപ്പോഠം ആ ധീരയുവാവിൻെറവിറങ്ങലിച്ച ശവമാണു് മിച്ചം വന്നതു്.

കുഴിവെട്ടുന്നതിനുവേണ്ടി സിമിത്തേരിയിലെത്തിയ വൃദ്ധൻ ഒരു കാഴ്ചകണ്ടു. ഒരു കുഴിമാടത്തിന്റെ തലയ്ക്കൽ കുത്തിനിറുത്തിയിരുന്ന മരക്കുരിശിൽ പൊന്തിനില്ക്കുന്ന ആണിമുറിയിൽ ഒരു വലിയ തുണിക്കഷണമിരിക്കുന്നു. കോടിമാറാത്ത തുണിക്കഷണം. വൈദികൻെറ ളോഹയുടെ അററം വലിഞ്ഞുകീറിയ കഷണം.

അപ്പോഴാണു് സ്നേഹിതന്മാർക്കെല്ലാം സംശയം നീങ്ങിയതു്. പെട്ടമരണത്തിൻെറ കാരണം മനസ്സിലായതു്.

ധീരതയുടെ പര്യായമായിരുന്ന യുവാവിൽ സംശയത്തിന്റെ പോറലുണ്ടായി. അതു് വ്രണമായി മാറി. ഹൃദയം പൊട്ടിക്കീറി. മരണമടഞ്ഞു.

ധീരതയ്ക്കു പോറൽ പാടില്ല, ധീരമായി എന്തിനെയും നേരിടണം. അദ്ദേഹം തിരിഞ്ഞുനോക്കുവാൻ ധൈര്യപ്പെട്ടിരുന്നുവെങ്കിൽ കാരണം മനസ്സിലാക്കുമായിരുന്നു. അപകടത്തിൽനിന്നും ഒഴിയുകയും ചെയ്യേനേ.

രാജനു കാര്യം മനസ്സിലായി. അയാളുടെ സംശയം ഓടിമാറി. കരിമ്പനയുടെ ഓലകൾ ഇളകുകയാണ്. കാറ്റത്ത് തമ്മിലടിച്ചു ശബ്ദമുണ്ടാകുന്നു.

അയാൾ വീണ്ടും നടന്നു. മഴയും കാറ്റും ശക്തിപൂർവ്വം ആഞ്ഞടിക്കുന്നു. പെട്ടെന്ന് മങ്ങിയ വെളിച്ചവും മറഞ്ഞുപോയി. സാവധാനം കാലുകൾ മുന്നോട്ടുവച്ചു. കാലുറയ്ക്കുന്നില്ല. പാദങ്ങൾ കീഴ്പ്പോട്ടുതാണുപോയി, ഏതാണ്ട് അമ്പതടിയോളം ആഴത്തിലേയ്ക്ക്. ചൊരിമണലിന്റെ പുറത്തുകൂടി പാദങ്ങൾ ചളികെട്ടിയ കുഴിയിൽ ചെന്നു പതിച്ചു. മണലിൽക്കൂടി ഇഴഞ്ഞുപോന്ന തുടകൾ വെള്ളത്തിലും. മനസ്സുമാത്രമായെങ്കിലും അപകടങ്ങളിൽനിന്നും പൊക്കിപ്പിടിക്കുവാൻ അധികമധികം ശ്രമിച്ചുകൊണ്ട് അയാൾ എഴുന്നേററു. കാലടികൾ മുന്നോട്ടുതന്നെ വച്ചു. അഴിഞ്ഞുപോയ മുണ്ടിൻതുമ്പുകൾ വലിച്ചുമുറുക്കി. മടക്കിക്കുത്തി. ഇളയ നെൽച്ചെടികൾ വളർന്നുയർന്നുനില്ക്കുന്നു. മൂർച്ചയുള്ള ഓലകളും വഹിച്ചുകൊണ്ട്. ചളികെട്ടിയ മണ്ണ് വെട്ടിപ്പൊക്കിയുണ്ടാക്കിയ തുണ്ടങ്ങളിൽ. അവയ്ക്കിടയിലൂടെ നടകൊള്ളുകയാണ്. മുട്ടോളം താഴുന്ന ചളിക്കണ്ടിലൂടെ. കാലിലെ മൃദുലമായ ഭാഗങ്ങൾ നെൽച്ചെടികളുടെ വക്കുകൾകൊണ്ട് ഉരഞ്ഞു കീറുന്നു.

വയലിൻെറ മദ്ധ്യത്തിലെത്തി. കാലുകൾ വലിച്ചുവച്ച് അവിടവും കടന്നു. ഏതാണ്ടരികിലായി. പെട്ടെന്ന് താണുപോയി. അരയൊപ്പം ചളിയിൽ. സാവധാനം അവിടെനിന്നിളകി. പുസ്തകങ്ങളും മരുന്നുകുപ്പിയും നിവൎത്ത കുടയും അപ്പോഴും നെഞ്ചിലമൎന്നിരിക്കുകയാണ്. വീഴ്ചയിൽ ഒടിഞ്ഞുതൂങ്ങിയ കമ്പികളിൽനിന്നും ദേഹത്തവിടവിടെ ജലം വാൎന്നു വീഴുന്നുണ്ട്. വയലിൻെറ തീരത്തെത്തി. കരയിൽനിന്നും പത്തിരുപതടി താഴെയുള്ള തീരം കിഴുക്കാംതൂക്കായി നിലകൊള്ളുന്നു. തീരത്തൂടെ കുറേക്കൂടി നടന്നു. അല്പം ചരിവുള്ള ഭാഗത്തെത്തി. ഒരു ഉതളച്ചെടിയുടെ തടിയിൽ പിടുത്തം കിട്ടി. അയാൾ പിടിച്ചു വലിഞ്ഞുകയറി. വളൎന്നുമുററിനില്ക്കുന്ന ഒരു തെങ്ങിൻതോപ്പിൽ. വൃക്ഷങ്ങൾ വളരെ അടുത്തുപോയതിനാൽ ഓലകൾ കൂട്ടിയിടഞ്ഞു നില്ക്കുന്നു. വായുവും വെളിച്ചവും കീഴ്പോട്ടു വിടുവാൻ മനസ്സില്ലെന്ന ഭാവത്തിൽ. ഒരു ലക്കമില്ല. പല പ്രാവശ്യം തെങ്ങുകളിൽ ചെന്നുമുട്ടി. വീണ്ടും കാലുകൾ ചരിക്കുന്നുണ്ട്. ഒരു നിശ്ചയവും കൂടാതെ—ധൈൎയ്യത്തിൻെറയും ഉദ്ദേശത്തിൻെറയും നിഴലിലൂടെ ചലിക്കുകയാണ്. വീണ്ടും കാലടികൾ ഉയൎന്നുപോയി. ഏതാണ്ടു മുപ്പതടി ആഴത്തിലേയ്ക്ക്. ഈ പ്രാവശ്യം മുഖംകുത്തി വീണു. ചേമ്പുചെടികൾ വളൎന്നുയൎന്നു നില്ക്കുന്ന—വയലിലെ വരമ്പിലേക്ക്. അവയുടെ ചുവട്ടിൽക്കിടന്നു ചീഞ്ഞളിയുന്ന പായലവിഞ്ഞ അഴുക്കിലേയ്ക്ക്. ആ യുവാവ് സാവധാനം എഴുന്നേററു. കൈത്തലംകൊണ്ടു മുഖംതുടച്ചു. മൂക്കിൻെറ ദ്വാരങ്ങളിൽ തറഞ്ഞുകയറിയ അഴുക്കു തുടച്ചുമാററി. ഒരുവിധത്തിൽ പിടിച്ചുകയറി. അതിൽ വളൎന്നുനില്ക്കുന്ന കൈതയുടെ തണ്ടിൻെറ സഹായത്തോടെ. അനേകം മുള്ളുകൾ ദേഹത്തിലവിടവിടെ അണിഞ്ഞുകൊണ്ട്.

വീണ്ടും നടക്കുകയാണു്. ഭയവററ ഇരുട്ടിനിടയി
ലൂടെ. മുന്നിലുള്ള വൃക്ഷങ്ങളെ തപ്പിത്തടഞ്ഞുകൊണ്ടു്.
ഏതാണ്ടു മുന്നൂറടി നടന്നുകാണും. തെങ്ങിൻതോപ്പിന്റെ
തെക്കുകിഴക്കു ഭാഗത്തെത്തി. നേരേ കിഴക്കുവശത്തെത്തി
യാൽ തെളിഞ്ഞ വഴിയുണ്ടായിരുന്നു. പക്ഷെ, ഈയിടെ
അതിനടുത്തുള്ള വീട്ടുകാരൻ ആ വഴി കെട്ടിയടച്ചുകളഞ്ഞു.
തെക്കേ മൂലയിൽ ഒരു വലിയ വട്ടക്കുളമുണ്ടു്. അതിനു
പടിഞ്ഞാറെ അരികിലൂടെ ഒരു ഒതുങ്ങിയ വഴിയും. ആ
വഴി കടന്നു പിന്നെയും അര ഫർലാങ്ങ് നടന്നാൽ തെളി
ഞ്ഞ വഴിയായി. അപകടങ്ങൾ പകുതിയായി കുറയും.

അയാൾ ഉദ്ദേശംവച്ചു നടന്നു. കാലിൽ ചില വ
സ്തുക്കൾ തടഞ്ഞു. കാററിൽ പറിഞ്ഞുവീണ തെങ്ങോല
യായിരിക്കാം. വീണ്ടും കാലടികൾ മുന്നോട്ടുതന്നെ പോയി.
ചവുട്ടിയിരുന്ന പുല്ലുകൾ ചായുന്നതായി തോന്നി. കാലു
കൾ വഴുതി. രാജൻ വട്ടക്കുളത്തിൽ പതിച്ചു.

തവള കരയുന്നു. ചീവിടിന്റെ രാഗം മാറെറാലി
ക്കൊള്ളുന്നു. പുള്ളുകൾ വട്ടമിട്ടു പറക്കുന്നു. രാജന്റെ
കാലുകൾ ഉറക്കാതെ ഇഴുകുകയാണു്. നിശ്ചലങ്ങളായ കാ
ലുകൾ അമ്പുകൾപോലെ മുന്നോട്ടു പായുന്നുണ്ടു്. കഴുത്തോ
ളപ്പം വെള്ളത്തിലായി.

ധീരതയെല്ലാം പമ്പകടക്കുവാൻ തയാറെടുത്തു. ഒരു
നൊടിയിടമതി. എല്ലാ കെട്ടുകഥകളും അന്ധകാരങ്ങളും
ഭയത്തിന്റെ മൂച്ചയേറിന്ന നഖങ്ങളുമായി ഹൃദത്തെ പിള
ർന്നു കീറുവാൻ, ധീരനായ മനുഷ്യന്റെ മൃതശരീരം പ്രകൃതി
ക്കു കാഴ്ചവയ്ക്കുവാൻ. അയാൾ കണ്ണുകളടച്ചുകളഞ്ഞു. ഉ
... പ്രകൃതി സ

തിൻെറ മുന്നിൽ പതറുവാൻ തുടങ്ങുന്ന മനസ്സും. ഇരുട്ടും
മഴയും അതിൻെറ ഏറിയ ഘനത്തിലും തുക്കത്തിലും! ക
രിമ്പനയും കാളിയും!! ധീരനായ വൈദികൻെറ ഭീകര
മരണം!! വിജയൻെറ ശരീരവും മനസ്സും ചളികെട്ടിയ കു
ളത്തിലെ പൊന്തിവരുന്ന വെള്ളത്തിലേയ്ക്കു താണു താണു
പോയി; മനുഷ്യനെ ശവമാക്കുവാൻ വായുംപൊളിച്ചു നി
ല്ക്കുന്ന ആഴമേറിയ വട്ടക്കുളത്തിലേക്കു്; അയാളുടെ ധീര
തയെല്ലാം ദൂരത്തെറിച്ചുപോയി. രണ്ടുമൂന്നാം താഴ്ചയിൽ
വെള്ളവും അതുപോലെ ചളിയും നിറഞ്ഞ കുളം. വെള്ളം
താടിയുംകടന്നു കിളുന്നു. അയാളുടെ മൂക്കു് ബലമേറിയ
ഒരു വസ്തുവിൽചെന്നുമുട്ടി. വിജയനൊന്നു ഞെട്ടി. നെഞ്ചി
ലമന്നുനില്ക്കുന്ന കൈകളും തടയപ്പെട്ടു. വെള്ളത്തിനു
ടിയിലും ആ വസ്തുമുഴച്ചുനില്ക്കുന്നു. ഒരു മടലിൻതട. നാ
ളികേരത്തിൻെറ തൊണ്ടുമൂടിയ തട. അതു നിറയെ ചീ
ഞ്ഞു തുടങ്ങുന്ന തൊണ്ടു കിടക്കുകയാണു്. അയാൾ രക്ഷ
പെട്ടു. ഭയത്തിൻെറ എല്ലാ മുള്ളുകളും ഒടിഞ്ഞു തകന്നു.
ആ തടയുടെ അരികിൽ പിടിച്ചുപിടിച്ചു് അയാൾ അരി
കിലെത്തി; പിടിവിടാത്ത പുസ്തകവും മരുന്നുകുപ്പിയും ക
യ്യിലമത്തികൊണ്ടു്. കുട വലത്തുതോളിനും കഴുത്തിനും
ഇടയിൽ ഞെക്കിപ്പിടിച്ചുകൊണ്ടു്. വലത്തുകൈ മുന്നോട്ടു
നീട്ടി തപ്പിത്തടഞ്ഞുകൊണ്ടു്. കൈവിരലുകളുടെ പുറ്റം
എന്തിലോ തടഞ്ഞു. ഒരു വേലിയിൽ. ഓലവച്ചു മറയ്ക്കാ
ത്ത വേലി. പത്തലുകളെല്ലാം മുള്ളുമുരിക്കിൻേറതു്. അ
യാൾ പിടിച്ചുപിടിച്ചു കയറി. മുള്ളുകൊണ്ടു കീറി നീറുന്ന
കയ്യുമായി.

വേലിയുടെ അരികിലൂടെ നടക്കുകയാണു്. മഴയും
കാററും ഒന്നായി മാറി. പ്രകൃതിയെ കുത്തിത്തുളയ്ക്കുന്ന—അ
മഴയും. ഒന്നിനോടൊന്നുചേൻ

വീണ്ടുംവീണ്ടും നീണ്ടുനീണ്ടുപോകുന്ന വേലികളെ പിന്നിട്ടുകൊണ്ടു്. അയാളുടെ പുനർജ്ജീവൻ കിട്ടിയ കാലുകൾ ഇളകുകയാണു്.

വേലിക്കുള്ളിൽ ഒരു വെളിച്ചംകണ്ടു. അയാൾ വിളിച്ചു. ആരുടെവീടെന്നറിഞ്ഞുകൂടെങ്കിലും വീണ്ടും വീണ്ടും വിളിച്ചു. കാററും മഴയും അയാളുടെ ശബ്ദത്തെ അടിച്ചുപൊലിച്ചുകളഞ്ഞു. ശക്തി ക്ഷയിക്കുന്നു. ശബ്ദം അമന്നുതുടങ്ങി. ക്ഷമയററു. വീണ്ടും ശക്തിയുടെ അവസാനത്തെ വരമ്പുകൾ ഉയരത്തെണീററു. വലത്തുകാൽ ഉയൎന്നു. ബലംമുററിയ മുളവാരി തകൎന്നൊടിഞ്ഞു. കമ്പുകൾ ചവുട്ടിയൊടിച്ചു. അയാൾ വേലിയ്ക്കുള്ളിലായി. അയാളുടെ മുന്നിൽ പടൎന്നുനില്ക്കുന്ന ചെടികൾ. പാവലും പടവലവും കുത്തിനിറുത്തിയ വൃക്ഷക്കമ്പുകളിൽ ചുററിപ്പടൎന്നു നില്ക്കുന്നു. അയാൾ അതെല്ലാം ചവുട്ടിമെതിച്ചുകൊണ്ടു മുന്നോട്ടുപോയി. രാജൻെറ കാലുകളിൽ മുറിവുകളണിയിച്ചുകൊണ്ടു് അവയെല്ലാം ഞെരിഞ്ഞമൎന്നു.

കുടിലിൻെറ വടക്കേ മുററത്തെത്തി. അടുക്കളമുററത്തു്. വീട്ടുകാരെ വിളിച്ചു. ഓലമറയ്ക്കിടയിലൂടെ എരിയുന്ന തീയുടെ പ്രകാശം ഒലിച്ചുവരുന്നുണ്ടു്. വളരെയേറെ വിളിച്ചു. ശക്തിയുടെ അവസാനത്തെ നിമിഷംവരെ.

അവർ വിളികേട്ടു. പക്ഷേ—രാജൻ നിശ്ശബ്ദനായി. അയാളുടെ കാലുകൾ മരച്ചുപോയി. തൊണ്ടയിടറി. ശബ്ദംനിലച്ചു. അയാൾ വെള്ളംകെട്ടിയ തറയിൽ വീണുപോയി.

കത്തിച്ച ഒരുകെട്ടു ചൂട്ടുമായി വീട്ടുകാരനും ഭാൎയ്യയും ഓടിവന്നു. ഒരു യുവാവു ബോധംകെട്ടുകിടക്കുന്നു. നെഞ്ചി

ലമെത്തിയ പുസ്തകങ്ങളും മരുന്നകുപ്പിയുമായി. കയ്യിൽനിന്നും തെറിച്ച കുടയകലത്തിൽ കിടക്കുന്നു. ഒടിഞ്ഞുകീറിയ പഴക്കമില്ലാത്ത കുട. അയാൾ ചോരയണിഞ്ഞിട്ടുണ്ട്. വസ്ത്രങ്ങൾക്കിടയിലൂടെ പുറത്തു കാണാവുന്ന എല്ലാഭാഗത്തും അനേകം മുറിവുകൾ. ചെറിയചെറിയ മുറിവുകൾ. ആഴം കൂടാതെ തൊലിയും മാംസവും കീറിയമുറിവുകൾ.

വീട്ടുകാരൻ നൊടിയിട സ്തംഭിച്ചുനിന്നു. മനുഷ്യസ്നേഹവും ആശങ്കയും തമ്മിലുള്ള ശക്തിയേറിയ സമരത്തിൽ നിന്നും ഉത്ഭവിച്ച സ്തംഭനം. ഒരു സംശയവുംകൂടി. ആപത്തിൽ അകപ്പെട്ടിരുന്ന യുവാവിനെ രക്ഷിക്കണം. പക്ഷെ അയാൾ പെട്ടെന്ന് മൃതിയടഞ്ഞാൽ......താൻ കൊലപാതകിയെന്നു നിയമം മുദ്രകുത്തും.......

അയാളുടെ മനുഷ്യസ്നേഹം ഉയിർത്തെണീററു. ആശങ്കയെല്ലാം കുഴിച്ചുമൂടി. അയാളും ഭാര്യയും ചേർന്ന് യുവാവിനെ വീടിനുള്ളിലാക്കി.അവിടെയുള്ള പലകക്കട്ടിലിൽക്കിടത്തി. കുത്തിത്തുളയ്ക്കുന്ന തണുപ്പിൽനിന്നു രക്ഷപെടുവാൻ പുരയുടെ നടുവിൽ തീകൂട്ടിയിരുന്നു. യുവാവു കിടക്കുന്ന പലകത്തട്ട് തീയുടെ അടുത്തേക്കു നീക്കിയിട്ടു. കയ്യിലിരുന്ന പുസ്തകവും മരുന്നുകുപ്പിയും വാങ്ങി നിലത്തുവച്ചു. നനഞ്ഞുകീത്ത വസ്ത്രങ്ങൾ അഴിച്ചുമാററി. വെള്ളവും ചോരയുമെല്ലാം തുടച്ചുനീക്കി. ഒരു ഉണങ്ങിയ തുണിയെടുത്തു ദേഹം മൂടി. തീയ്യിൽ കാണിച്ചു ചൂടുപിടിപ്പിച്ച തുണിക്കഷണത്താൽ കയ്യും കാലും ചൂടാക്കി. നെഞ്ചിൽ കൈവച്ചു നോക്കി. നെഞ്ചിൻെറ തുടിപ്പുകൾ വർദ്ധിക്കുന്നുണ്ട്. വീട്ടുകാരൻെറ ഹൃദയം തണുത്തു. കണ്ണുകൾ തിളങ്ങി.

രാജൻ സാവധാനം കണ്ണുതുറന്നു. ഞെട്ടിയെണീററു, അയാൾ ദീർഘനേരം ചിരിച്ചു.

"അമ്മേ— —" ഒരു ശബ്ദം വിജയൻെറ തൊണ്ടയിൽനിന്നും പുറത്തുചാടി. ആവുന്നത്രഉച്ചത്തിൽ പറഞ്ഞുതുടങ്ങി. അയാൾകണ്ട സ്വപ്നത്തെപ്പററി

"- - - യുദ്ധം ലോകത്തിൽ വേണ്ടായെന്നു തീർമാനിച്ചു. എല്ലാ മഹാശക്തികളും ഉടമ്പടിയിൽ ഒപ്പുവച്ചു. ഉടമ്പടിയെലംഘിക്കുന്നവർ ലോകശത്രുക്കളെന്നു പ്രഖ്യാപിച്ചുകഴിഞ്ഞു.- —.

വീട്ടുകാരൻ അമ്പരന്നുനിന്നു. കാര്യം മനസ്സിലാകാതെ അയാളും ഭാര്യയും ഉറക്കമുണർന്ന കുട്ടികളും മിഴിച്ചുപോയി. യുദ്ധം!—സമാധാനം! അവർക്കൊന്നും മനസ്സിലായില്ല. കയറിൻെറ വിലയിറക്കവും യുദ്ധവും തമ്മിൽ ബന്ധമുണ്ടെന്നു കേട്ടിരുന്നു. പിന്നെ-മനുഷ്യരെ കൊന്നുതിന്നുന്ന രാക്ഷസനാണു യുദ്ധം. അയാളും യുദ്ധത്തെ വെറുത്തിരുന്നു. എന്നാൽ നമ്മുടെ കാലും കയ്യും തണുത്തുമരവിച്ചു ബോധക്കേടിലായ യുവാവും യുദ്ധവുംതമ്മിലെന്തുബന്ധം? അവർക്കൊന്നും മനസ്സിലായില്ല.

വീണ്ടും തുണി ചൂടാക്കി യുവാവിൻെറ ശരീരത്തിലേക്കു പകർന്നുകൊണ്ടിരുന്നു. അയാൾ വീണ്ടും കണ്ണുകൾ ചലിപ്പിച്ചു. ചാടിയെഴുന്നേററു. കൈവിട്ട സകലശക്തികളും തിരിച്ചു കിട്ടിയതുപോലെ.

അയാൾ മരുന്നുംകുപ്പിയും പുസ്തകവും കയ്യിലെടുത്തു വീട്ടിലേക്കു പുറപ്പെട്ടുവാൻ. വീട്ടുകാരൻ പിടിച്ചിരുത്തി.

രാജൻ തീയുടെ സമീപത്തിരുന്നു. ഏതാണ്ടു് അരമണിക്കൂറോളം. തണുപ്പുമാറി കയ്യും കാലിൻെറ വെള്ളയും വീണ്ടും വീണ്ടും അനത്തി. അയാൾ വിറയ്ക്കുന്നു. അസഹ്യമായ വിശപ്പും ദാഹവും. ചുണ്ടുകൾ നാക്കിൻെറ

തലോടലാൽ ആനന്ദംകൊണ്ടു. പിന്നെയും വിശക്കുന്നു. ദാഹിക്കുന്നു. രാജൻെറ നേരേ തുറിച്ചുനോക്കിയിരുന്ന വീട്ടുകാരൻ അടുക്കളയിലേക്കോടി. വീടിനോടു ചേർത്തു കെട്ടിയിട്ടുള്ള ചായ്പിൽ. ഭർത്താവിനേക്കാൾ മുമ്പേ കാര്യം മനസ്സിലാക്കിയ ഭാര്യ വെള്ളം തിളപ്പിച്ചുകഴിഞ്ഞു. അവരുടെ രാവിലെയുള്ള ചായകുടിയുടെ വിഭവങ്ങൾ ചേർത്ത്. ഒരു ചെറിയ കഷണം കരിപ്പെട്ടിയും, ഒരുനുള്ളു തേയിലയും ചേർത്ത്.

ഒരു ചെറിയ ചട്ടിനിറയെ വെള്ളം കൊടുത്തു. അയാൾ അത്യാർത്തിയോടെ വലിച്ചുകുടിച്ചു. ദാഹം തെല്ലടങ്ങി. വിശപ്പുതീർക്കുവാൻ അവിടെ യാതൊന്നുമില്ലായിരുന്നു. ഒരു കഷണം മരക്കപ്പപോലും. അവരുടെ സൗഹാർദ്ദപരമായ പെരുമാററം അയാളുടെ വിശപ്പിനു മൂടുപടമിട്ടു.

ഒന്നു രണ്ടു മണിക്കൂറുകൾ കടന്നുപോയി. മഴയൊട്ടൊതുങ്ങി. നക്ഷത്രങ്ങൾ കണ്ണുചിമ്മുന്നു. നിലാവിൻെറ കൊച്ചു വെളിച്ചം നാടിൻെറ തലക്കുമീതെ പറഞ്ഞുവന്നു. ഒഴുകിത്തുടങ്ങി.

വീട്ടുകാരനോടൊത്തു രാജൻ പുറപ്പെട്ടു. മൂന്നു മൈലകലത്തിലുള്ള വീട്ടിലേക്ക്. ഒന്നു രണ്ടു മണിക്കൂറുകൾ കൊണ്ടു രാജനും കൂട്ടുകാരനായ നല്ല മനുഷ്യനും വീട്ടിലെത്തി. രോഗശയ്യയിൽക്കിടക്കുന്ന അമ്മയുടെ സമീപത്ത്.

മൂന്നാം യാമത്തിലും സ്നേഹനിധിയായ അമ്മ പ്രിയമുള്ള പുത്രനുവേണ്ടി കാത്തിരിക്കുകയാണ്; തുറന്നിട്ട വാതിലുമായി. മങ്ങിക്കത്തുന്ന മണ്ണെണ്ണവിളക്കിൻെറ വെളിച്ചത്തിൽ. ഓമനപ്പുത്രൻെറ മുഖത്തുനിന്നുതിരുന്ന പുഞ്ചിരി കാണുവാൻ. ശ്വാസംമുട്ടിയ അമ്മ കട്ടിലിൽ നിണ്ടുനിവന്നു കിടക്കുന്നു, "മകനേ—മകനേ—" എന്ന ഞരക്കത്തോടെ—.

രാജൻ അകത്തുകയറി. കട്ടിലിന്നു സമീപംചെന്നു. അമ്മയുടെ കയ്യിൽ കടന്നു പിടിച്ചു. അമ്മ ചാടിയെഴുന്നീററു പുത്രനെ കെട്ടിപ്പുണർന്നു.

ആ മുഖം വികസിച്ചു. കണ്ണുകഠം നിറഞ്ഞു. വാത്സല്യത്തിന്റെ ഹൃദയത്തിൽനിന്നും പൊട്ടിപ്പുറപ്പെട്ട കണ്ണുനീർ. സംതൃപ്തിയുടെ അഗാധതയിൽനിന്നും പൊന്തിവന്ന വികാസം.

അമ്മ ചോദിച്ചു. അവരുടെ ചുണ്ടുകഠം രാജന്റെ നിറുകയിൽനിന്നു മാററാതെ. കെട്ടിവരിഞ്ഞ കൈകഠം അയയ്ക്കാതെ-.

"മോനേ—ആരാണ് നിന്റെ കൂട്ടുകാരൻ. ഇരുട്ടത്തു നിന്റെകൂടെ വരാൻ ഇഷ്ടപ്പെട്ട സ്നേഹിതൻ?."

രാജൻ പറഞ്ഞു. തനിക്കു ഒരു ചെറിയ വഴിപിശകു പററിയെന്നു്. അപായകരമായ ഒരു ഘട്ടത്തിലേയ്ക്കു കാൽ വഴുതിയെന്നു്. അവിടെനിന്നു രക്ഷിച്ച തന്റെ രക്ഷിതാവാണദ്ദേഹമെന്നു്.

അമ്മ അദ്ദേഹത്തെ കടന്നുപിടിച്ചു. തന്റെ കട്ടിലിൽ ഇരുത്തി. പുത്രന്റെ കൈകളെ അയാളുടെ കയ്യിൽ വച്ചുകൊണ്ടു് പറഞ്ഞു.

"കുഞ്ഞേ—നിനക്കു ജ്യേഷ്ഠനില്ല, അനുജന്മാരുമില്ല. ഈ നല്ല മനുഷ്യനെ നീ ജ്യേഷ്ഠനായി വിചാരിക്കണം— —"

രാജൻ പറഞ്ഞു—

"അമ്മേ— അദ്ദേഹം എന്റെ ജ്യേഷ്ഠൻ മാത്രമല്ല, രക്ഷിതാവുംകൂടിയാണു്. ഇതുപോലുള്ള ജ്യേഷ്ഠന്മാരും അനുജന്മാരും അഛന്മാരും അമ്മമാരുമാണു് എന്നെ എപ്പോഴും എല്ലാ ആപത്തിൽനിന്നും രക്ഷിക്കുന്നതു്". ഞാൻ എന്റെ എളിയ കഴിവുകൾ അവൎക്കുവേണ്ടി വിനിയോഗിക്കുന്നു.

അമ്മയുടെ നിറഞ്ഞ കണ്ണുകൾ അവരുടെ ബന്ധിച്ച കൈകളിൽ പനിനീർതളിച്ചു.

അമ്മ പുത്രനെയും കൂട്ടുകാരനെയും മാറിമാറി നോക്കി. പുത്രൻെറ മുഖത്തു മുറിവുകൾ! ചോരയൊലിക്കൽ നിന്നിട്ട് വെള്ളനിറം പൂണ്ട വ്രണങ്ങൾ! അമ്മ ചാടിയെഴുന്നേററു. മകൻെറ ഓമനമുഖം തഴുകി. ചില വ്രണങ്ങളിൽ നിന്നു് വീണ്ടും വീണ്ടും ചോരയൊലിക്കുന്നു.

വാത്സല്യാതിരേകത്താൽ കരളുപുകയുന്ന അമ്മ അവിടെയെല്ലാം നോക്കി. രണ്ടു ചെറിയ കുപ്പികൾ കൊണ്ടുവന്നു, എണ്ണയും കുഴമ്പും വാങ്ങിയ കുപ്പികൾ. അവർ തെല്ലു സംശയിച്ചുനിന്നു. എണ്ണയും കുഴമ്പും വ്രണങ്ങളിൽ പുരട്ടിയാൽ പഴുപ്പുണ്ടാകും. തൻെറ പുത്രൻെറ വ്രണങ്ങൾ പഴുക്കവാൻ പാടില്ല. വേഗത്തിൽ ഉണങ്ങണം.

വീണ്ടും അമ്മയവിടെയെല്ലാം നോക്കി. ഒരു ചെറിയ കുപ്പികൂടി കൊണ്ടുവന്നു. "അംബാൽജൻ" വരുന്ന കുപ്പി. അതിൻെറയടിഭാഗത്തു് ഒരു നെല്ലിക്കയോളം പററിയിരുന്നു. അമ്മയതു കയ്യിലെടുത്തു. വിരലിൽ പാറിച്ചു. പുത്രൻെറ മുഖത്തും കയ്യിലും കാലിലുമുള്ള എല്ലാവ്രണങ്ങളിലും പുരട്ടി.

വീണ്ടും വീണ്ടും പുത്രനെ ശുശ്രൂഷിച്ചു. കണ്ണുനീരിൽ പൊതിഞ്ഞ ആലിംഗനത്താൽ കുളിപ്പിച്ചു.

സ്നേഹിതൻ നോക്കിനിന്നു നിർവൃതിയടഞ്ഞു.

# പ്രേമം കരിയുന്നു!

ഞങ്ങൾ ദിവസവും ഫാക്ടറിയിലേക്ക് പോകുന്ന വഴിവക്കിലാണത്. നീണ്ടു നിവൻ കിടക്കുന്ന കരപ്പുറത്തിന്റെ മടിത്തട്ടിൽ. നേരേ കിടന്നിട്ട് വളഞ്ഞുതിരിഞ്ഞു പോകുന്ന റോഡിന്റെ ഇടത്തുവശത്ത്.

അതൊരു പുത്തൻ കെട്ടിടമാണ്. സുന്ദരമായ പൂമുഖവും ബലമേറിയ മതിലുകളുമുള്ള കെട്ടിടം. ഗേറ്റും കേമമായിരിക്കുന്നു. നീട്ടുകളും വിശാലമായ ഹാളുകളുമുള്ള കെട്ടിടം. നീട്ടുകളിൽ ഒന്നിൽനിന്ന് ഒതുങ്ങി നീണ്ട മറ്റൊരു നീട്ടുകൂടി പോകുന്നു. ഇടത്തുവശത്തുള്ള കിണറിന്റെ വക്കുവരെ.

ആ നീട്ടിന്റെ അറ്റത്തുള്ള മുറിയിൽനിന്ന് എപ്പോഴും പുക പുറപ്പെടുന്നതു കാണാം. ചിലപ്പോൾ ഒരു സ്ത്രീ പൂമുഖത്തു നില്ക്കുന്നതായും. നന്നാ ചെറുപ്പം. ചിലപ്പോഴെല്ലാം അവരെ ഗേറ്റുങ്കലും കാണുന്നു. ഈ യിടെ എല്ലാ ദിവസങ്ങളിലും തന്നെ. പ്രായമാണെങ്കിൽ ഇരുപത്—ഇരുപത്തിയൊന്നിലൊട്ടും കവിയുകയില്ല. ചില

പ്പോഠം ഞങ്ങളെ നോക്കി ചിരിക്കും. ഞങ്ങളും ചിരിക്കും. മനുഷ്യസഹജമായ സ്നേഹഭാവത്തിൽനിന്നും മൊട്ടിട്ടുവരുന്ന ചിരി. മര്യാദയുടെയും മനുഷ്യത്വത്തിൻെറയും പ്രതിരൂപം.

അധികം സുന്ദരമല്ലെങ്കിലും ആ മുഖം നിഷ്കളങ്കമാണ്. സംസ്കാരസമ്പന്നയായ ഒരു സൽസ്വഭാവിയെ അവരിൽ തെളിഞ്ഞു കാണാം.

എന്നും ഞങ്ങഠം കൂട്ടുകൂടിയാണു പോകുന്നതു്. കുറഞ്ഞതു് നാലഞ്ചു പേരെങ്കിലും ഒത്തുചേരും.

അന്നു ഞാൻ അല്പം പുലർന്നുപോയി.

ഉച്ചയ്ക്കു വീട്ടിൽ കഞ്ഞിവയ്ക്കുവാൻ പരുവമില്ലായിരുന്നു. അവിടെല്ലാം പരിശോധിച്ചു. ഒരു പൈസപോലും നീക്കിയിരിപ്പില്ല. വിശപ്പുകൊണ്ടു പൊരിയുന്ന മൂന്നു നാലു സഹോദരങ്ങളും അച്ഛനും മാത്രം. ഞാൻ എന്തു ചെയ്യാനാണ്. മൂന്നു മാസത്തിലധികമായി ക്രമമായി ജോലി കിട്ടിയിട്ടു്. ചില മണിക്കൂറുകഠം മാത്രം. ചിലപ്പോഠം മാസത്തിൽ നാലുമഞ്ചും ദിവസത്തെ പണി. ഒരു വിധത്തിലും ജീവൻ നിലനിറുത്തുക സാദ്ധ്യമല്ലെന്നായി.

നാളികേരത്തിൻെറ തൊണ്ടു് വെള്ളത്തിലിട്ടഴുക്കി തല്ലിയുണക്കിയുണ്ടാക്കുന്ന ചകരിയും കയറും ഉപയോഗിച്ച് മെച്ചപ്പെട്ട സാധനങ്ങളുണ്ടാക്കുന്ന സ്ഥാപനമാണു ഞങ്ങളുടെ തൊഴിൽശാല. അവിടെ ചകരികൊണ്ടു ബ്രഷ്ഷും മേന്മയേറിയ മെത്തകളും ഉണ്ടാക്കിയിരുന്നു. കയറുപയോഗിച്ച് പായും തടുക്കും കയറുവലകളും നിർമ്മിച്ചിരുന്നു. ഈ പറഞ്ഞ എല്ലാത്തരം ജോലികളും എനിക്കറിയാം. പ

ക്ഷേ– ജോലിയില്ല. വിദേശമാക്കറ്റകളിൽനിന്നും ഓർഡറുകളില്ലപോലും. പുതിയ പുതിയ വിപണികൾ കണ്ടുപിടിക്കുവാൻ ഉത്തരവാദപ്പെട്ടവർ ഗൗനിക്കുന്നുമില്ല. ഈ മാസത്തിലാണെങ്കിൽ ഞങ്ങൾക്കു നാലു ദിവസത്തെ ജോലി മാത്രമാണു കിട്ടിയതു്. അതും തടുക്കു നെയ്യുന്ന ജോലി മാത്രം. ആ വകയിൽ കഴിഞ്ഞയാഴ്ച അഞ്ചര രൂപ കൂലിയും കിട്ടി. കടം തന്നെ പത്തുരൂപയിലധികമുണ്ടായിരുന്നു; വളരെയധികം പട്ടിണിപിടിച്ചിട്ടുതന്നെ. പകുതി കടക്കാരനു കൊടുത്തു. ബാക്കിയിൽ പകുതിക്കു് റേഷനും ബാക്കിക്കു കപ്പയും വാങ്ങി. രോഗിയായ അനുജനു വററും ഞങ്ങൾ വെള്ളവും കുടിച്ചു. ചിലപ്പോൾ സഹോദരികൾക്കു് വെള്ളവും കാണുകയില്ല. എന്റെ പാത്രം ഞാൻ അവരുടെ മുമ്പിലേക്കു നീക്കി വയ്ക്കും. അവർ ഒന്നു പതുക്കെ ചുണ്ടിൽ ചേർത്തിട്ട് എന്റെ മുമ്പിൽതന്നെ വച്ചുകളയും. എന്നിട്ടു പറയും— “—അണ്ണാ—ഞങ്ങൾക്കു മതി. ഞങ്ങൾ നേരത്തേ കഞ്ഞികുടിച്ചായിരുന്നു.” എന്നിട്ട് പതുക്കെ എഴുന്നേററങ്ങുപോകും. ഞാനെന്തു ചെയ്യാനാണു്? എനിക്കു് വെള്ളമാണെങ്കിലും എങ്ങിനെയിറങ്ങും? അവരുടെ വികൃതമായ മുഖങ്ങൾ കാണുമ്പോൾ. അവരും മെലിഞ്ഞു മെലിഞ്ഞു് അസ്ഥിമാത്രമായി. ആ അസ്ഥികൾപോലും ചുരുങ്ങിപ്പോയതായി തോന്നുന്നു. പിന്നെ അസ്ഥികളെ പൊതിയുന്ന കുറെ തൊലിയും. പിന്നെട്ടും ഇരുപതുമുള്ള യുവതികൾ. രണ്ടും മൂന്നും കുട്ടികളുടെ അമ്മമാരാകാൻ പ്രായമുള്ളവർ. അവരിന്നും ബാലികമാരാണു്. അതാണത്ഭുതം! മൂന്നു നാലു വർഷങ്ങൾക്കുമുമ്പു് ഞാൻ പേടിച്ചുപോയി. ആ പെൺപിള്ളാരുടെ വളർച്ച കണ്ടിട്ടു്. രണ്ടു പേരെയും ഒരുമിച്ചു വിവാഹംചെയ്തുകൊടുക്കേണ്ടിവരുമെന്നു തോന്നിപ്പോയി. എന്തൊരു വളർച്ചയായി

രുന്നു! അതിന്നു കാര്യമുണ്ടായിരുന്നു. അന്നു സാമാന്യം ജോലിയുള്ള കാലമായിരുന്നു. പക്ഷെ— ഇപ്പോളതെല്ലാം മാറിക്കേട്ടോ— അവൾക്ക് പതിമൂന്നും പതിന്നാലും വയസ്സേ പറയൂ. വെളുപ്പിനേയെഴുന്നേററ് ഓരോ പൊളിഞ്ഞ കുട്ടയും തലയിൽ വച്ചുകൊണ്ടുപോകും, അടുത്തുള്ള അങ്ങാടിത്തോട്ടിലേക്ക്; തൊണ്ടുവാങ്ങുവാൻ. കുറച്ചു പുലരുമ്പോൾ ഓരോ ചുമടു പച്ചത്തൊണ്ടുമായി നടന്നു കിതച്ചെത്തും. തൊണ്ടു നിലത്തിട്ട് ഉലക്കയ്ക്കു ഇടിച്ചു ചതയ്ക്കും.

പിന്നെ-ചീയാത്ത തൊണ്ടിന് കറകാണും. അതു കളഞ്ഞില്ലെങ്കിൽ കയറാക്കി രണ്ടു ദിവസം കഴിയുന്നതിനു മുമ്പു ചുവന്നുപോകും. ഒരു മങ്ങിയ ചുവപ്പ്. അങ്ങിനെ വന്നാൽ ചിലവാകുകയില്ല. അതുകൊണ്ട് കറ കളയണം. അതിന് അവരെന്തുചെയ്യും. ഒരു പുതിയ പണിയങ്ങു നടത്തും. പുളിയില്ലേ– കൂട്ടാൻവയ്ക്കുന്ന പുളി. അതിൻെറ മരത്തിൽനിന്നും കുറെ ഇല പറിച്ചെടുത്ത് ചതച്ച് ഒരു പാത്രത്തിലിട്ടു തിളപ്പിക്കും. തിളച്ചവെള്ളത്തിൽ ചതച്ച തൊണ്ടിൻെറപോളകളും പെറുക്കിയിടും. അത് അവിടെ ക്കിടന്ന് കറയെല്ലാമിറങ്ങും. വെള്ളം തണുത്തുകഴിയുമ്പോൾ ഓരോ പോളയും എടുത്ത് ഒന്നുകൂടി ചതച്ചു കീറി ഉണക്കും. മഴയായാൽ വീടിൻെറ ഉള്ളിലുള്ള മെടയിലെല്ലാം തൂക്കിയിടും. അത് ഉണങ്ങുന്നതിനു മുമ്പേ കയറാക്കാനും തുടങ്ങും. സഹോദരികളും അഛനുംകൂടി കയ്യുടെ വെള്ളയിലിട്ടു തിരുമ്മി കയറാക്കാൻ തുടങ്ങും. ചുമ കുറവുണ്ടെങ്കിൽ അനുജനും അവരെ സഹായിക്കും. ചിലപ്പോൾ ഞാനും കൂടും.

നാലണ കൊടുത്താൽ പത്തും പന്ത്രണ്ടരയും തേങ്ങയുടെ തൊണ്ടുകിട്ടും. പിരിച്ചാൽ അരരൂപയ്ക്കുള്ള കയറും കാ

ണം. ഇരുപത്തിയഞ്ചും മുപ്പതും പണികൊടുക്കണം. അരയണക്ക്. എന്തു മിച്ചമാകിട്ടും. നാലുമഞ്ചും പേരുടെ ഒരു ദിവസത്തെ അദ്ധ്വാനത്തിന് മൂന്നും നാലും അണയാണ് വില!

എന്തുചെയ്യും! അത്രയുമാകട്ടെ. ഓരോ കഷണം കപ്പ യെങ്കിലും തിന്നാമല്ലോ. ഞങ്ങളങ്ങിനെ കാലംകഴിച്ചിരുന്നു. കഴിഞ്ഞയാഴ്ച മുഴുവനും വീട്ടിലിരിപ്പും ഈ പറഞ്ഞ പണിയുമായിരുന്നു. പിന്നെങ്ങനാ വീട്ടിലൊരു പൈസയെങ്കിലും മറഞ്ഞിരിക്കുന്നേ?

എങ്ങിനെയെങ്കിലും അരയണയെങ്കിലും ഒരു പാത്രം വെള്ളം തിളപ്പിച്ചുകൊടുക്കണം. അനുജനു മരുന്നുകഞ്ഞിയും വേണം.

അവിടെയെല്ലാം വീണ്ടും വീണ്ടും തപ്പിനോക്കി. തെക്കേതിലെ കേശവനോട് ചോദിച്ചു. കിഴക്കേതിലെ മമ്മതിനോടും റിക്ഷാവണ്ടിക്കാരൻ തോമ്മയോടും ചോദിച്ചു. അവിടെങ്ങും ഉഴക്കരിയെടുക്കാനില്ല. ഒരണയും കൈവശമില്ല. ആരോടെങ്കിലും കൂട്ടുകാരോട് വാങ്ങാം. ഒരു മൈലകലത്തിലുള്ള ഫാക്ടറിയിൽ ചെന്നിട്ടു മടങ്ങണം. രണ്ടണയെങ്കിലും കൈവശമുള്ള കൂട്ടുകാരനെ കണ്ടുപിടിക്കുവാൻ.

ഞാൻ നേരെ ഫാക്ടറിയിലേക്കോടി. വഴിമദ്ധ്യത്തിലെത്തിയപ്പോൾ എന്റെ കണ്ണുകൾ അങ്ങോട്ടു പാഞ്ഞുപോയി. പുത്തൻകെട്ടിടത്തിന്റെ ഗേറ്റുകളിലേയ്ക്ക്. അപ്പോഴും ആ യുവതി അവിടെത്തന്നെ നില്ക്കുന്നു. ചുരുണ്ടു വിടറിയ കേശഭാരവും തുടുത്തുമിനുത്ത കവിൾത്തടങ്ങളുമുള്ള യുവതി. അവളുടെ കണ്ണുകൾ ജ്വലിക്കുന്നുണ്ടായിരുന്നു. ഞാൻ നേരെ പാഞ്ഞുപോയി. ഫാക്ടറിപ്പടികളിലേയ്ക്ക്,

ഒരു യൂണിററരിയെങ്കിലും-ഉരിയരി കരിഞ്ചന്തയിലെങ്കിലും-വാങ്ങുവാനുള്ള ചില്ലറയ്ക്കുവേണ്ടി. കൂട്ടുകാരുടെയെല്ലാം പാക്കററുതപ്പിയരിക്കുവാൻ.

ആ സ്ത്രീരൂപം എൻെറ മനസ്സിൽ വളൎന്നു വളൎന്നു വന്നു. അവളുടെ കത്തിജ്ജ്വലിക്കുന്ന കണ്ണുകൾ തെളിഞ്ഞു നിന്നു. നിരാശാഭാരത്താൽ വിളറുകയും വികാരാവേശത്താൽ ചുവക്കുകയും ചെയ്ത മുഖകമലം എൻെറ ഹൃദയത്തിനു കടിഞ്ഞാണിട്ടു. ആ ഗേററിലെ അഴികളിൽ പിടിച്ചുതൂങ്ങിയുള്ള ഒരു സ്ത്രീരൂപത്തിൻെറ നില. മറക്കുവാൻകഴിയുന്നില്ല.

ഞാൻ ഫാക്ടറിയിലെത്തി. എല്ലാ സ്നേഹിതന്മാരുടേയും പാക്കററുകളരിച്ചുനോക്കി. ശൂന്യതമാത്രം. ചിലതിൽ ഒന്നും രണ്ടും ബീഡിയുണ്ട്. മററുചിലതിൽ ബീഡിയുടെ മുറിമാത്രം.

യാതൊരു മാൎഗ്ഗവുംകാണാതെ ഫാക്ടറിപ്പടിക്കൽ നില്ക്കുകയാണു്. ഒരു ഘനംകുറഞ്ഞ കരം എൻെറ തോളിൽ തടഞ്ഞു. ഞാൻ തിരിഞ്ഞുനോക്കി. നമ്മുടെ സദാശിവൻെറ ചിരിക്കുന്ന മുഖം. പഴയ സദാശിവനേ-.പണ്ടത്തെ സഹപാഠി. ന്മ്മളൊരുമിച്ചു നാലാംക്ലാസ്സിൽ പഠിച്ചതോൎമ്മിക്കുന്നില്ലേ? മൂപ്പിലാൻ ഫെയ്ലർപാസ്സായി. ഇപ്പോളൊരു വാദ്ധ്യാരാ- പത്തിരുപത്തഞ്ചു രൂപാ ശമ്പളക്കാരൻ. മുഖമൊക്കെ നമ്മളെക്കാളും ഒട്ടിയാ ഇരിക്കണെതു്. കണ്ണു കുഴിഞ്ഞു് വല്ലാതെ വിളറിയിരിക്കുന്നു. എന്നാലും അളിയനെപ്പോഴും സന്തോഷം നടിച്ചാ നടക്കുന്നതു്.

സദാശിവൻ തോളിൽ തട്ടിക്കൊണ്ടു ചോദിച്ചു— "എന്തൊക്കയാ പൊന്നപ്പാ സുഖമല്ലേ?" ഞാനൊന്നു ചിരിച്ചു.

"എന്തു പറയാനാ—ജോലിയുമില്ല, കൂലിയുമില്ല. തിന്നാനും മേല്പടിതന്നെ" എന്നുമാത്രം പറഞ്ഞു. സദാശിവൻ എന്നെപിടിച്ചു വലിച്ചു് നമ്മുടെ ഉമ്മറിക്കായുടെ ചായക്കടേക്കേററി. അഞ്ചെട്ടണേടെ ചായേം അപ്പോം എല്ലാം വാങ്ങിച്ചുതന്നു. ഞാനങ്ങനെ നിറഞ്ഞുനിന്നു. എങ്കിലും വീട്ടിലെ കാര്യമോത്തപ്പോൾ വിയത്തുപോയി.

ഇഷ്ടക്കാരൻ കാപ്പിപ്പററു കൊടുത്തു. ബാക്കി മൂന്നണ മാത്രം അയാളുടെ കയ്യിലുണ്ടു്. എല്ലാം അറിഞ്ഞവനെപ്പോലെ ആ ചില്ലറയും എൻെറ കയ്യിൽ വച്ചുതന്നു. എന്നിട്ടു് പിന്നെ കാണാമെന്നുംപറഞ്ഞു് നേരേ പള്ളിക്കൂടത്തിലേക്കു പോയി.

ഓ—ഏതായാലും രക്ഷയായി. കുറച്ചു മരച്ചീനിയെങ്കിലും വാങ്ങിച്ചു തിളപ്പിക്കാം. അല്ലെങ്കിൽ ഉരിയരി വാങ്ങിവച്ചു് വാതപ്പനിക്കാരനച്ഛനും ക്ഷയംപിടിച്ച അനുജനും വെള്ളംകൊടുക്കാം. എങ്കിലും എനിക്കൊരു മനസ്സുഖം വന്നില്ല. സദാശിവൻെറ ഉച്ചഭക്ഷണത്തിനുള്ള പണമാണു ഞാൻ കൈവശപ്പെടുത്തിയതു്. എൻെറ ആവശ്യങ്ങളുടെ തുമ്പിനുപോലും തികയുകയുമില്ല.

കിട്ടിയ ചില്ലറയുമായി ഞാൻ വീട്ടിലേക്കു വലിഞ്ഞു നടക്കുകയാണു്. ആ ഗേററിൻെറ മുന്നിലെത്തിയപ്പോൾ എൻെറ വേഗത കുറഞ്ഞുപോയി. കണ്ണുകൾ ഗേററുകളിലേക്കു പാഞ്ഞുപോയി.

കരുവാളിച്ച മുഖവുമായി ആ യുവതി അവിടത്തന്നെ നില്ക്കുന്നു. അപ്പോഴും അവർ ചിരിച്ചു. ഒരു വല്ലാത്ത ചിരി. തീച്ചൂളയിൽനിന്നു ദഹിക്കുന്ന മനുഷ്യൻ ചിരിച്ചാലെന്നപോലെ വികൃതമാക്കപ്പെട്ട ചിരി. വേദനയുടെ അന്തരാളത്തിൽനിന്നുംപൊട്ടിപ്പുറപ്പെട്ട ചിരി. അവൾ എൻെറ നേരെ തലയിളക്കി. കൈകാട്ടി. ഞാൻ സൂക്ഷിച്ചുനോക്കി. ആ

ചുണ്ടുകളും അനങ്ങുന്നുണ്ട്. ഞാൻ നടപ്പിനിടയിൽ പിന്നെയും അങ്ങോട്ടു നോക്കി. അവരെന്നെ വിളിക്കുകയാണ്.

ഞാൻ അടുത്തുചെന്നു. ആ സ്ത്രീ എന്നെ മൂകമായി നോക്കുന്നു. ആ കണ്ണുകൾ നിറഞ്ഞൊഴുകുന്നു. ഞാനും മൂകനായിപ്പോയി. എന്റെ കരളും പെട്ടെന്നു തുടിച്ചുപോയി.

അവൾ കണ്ണീരെല്ലാം തുടച്ചു നീക്കി. ഒന്നു ചിരിക്കുവാൻ ശ്രമിച്ചുകൊണ്ടു ചോദിച്ചു.?

"എവിടാ—ദിവസവും പോകുന്നേ—?"

ചന്തയ്ക്കടുത്തുള്ള ഫാക്ടറിയിൽ.

"അവിടെന്താ—ജോലി?"

കയറും ചകരിയും കൊണ്ടു പായും തടുക്കും ചൂല്പും ബ്രഷും സഞ്ചിയും എല്ലാം ഉണ്ടാക്കാനറിയാം. അവിടത്തെ ആവശ്യമനുസരിച്ചു ചെയ്യും.

"ഈ ജോലിയെല്ലാം ചെയ്താൽ ഒരു മാസത്തിലെന്തുകിട്ടും—" പിന്നെയും പിന്നെയും ചോദ്യമായി. എന്റെ പട്ടിണിപിടിച്ച വീടു മുഴുവനും തലച്ചോറിൽ ശബ്ദമുണ്ടാക്കുന്നുണ്ട്, എങ്കിലും എങ്ങനാ—. മനുഷ്യത്വം അനുവദിക്കണ്ടേ—. ഞാൻ പറഞ്ഞു, മാസശമ്പളമല്ല. ചെയ്യുന്ന ജോലിക്കു കൂലിയാ—. രാവിലെ എട്ടരമണി മുതൽ വൈകിട്ട് ആറു മണിവരെ ജോലിചെയ്യും. നല്ല ജോലിയുണ്ടെങ്കിൽ ആഴ്ചയിൽ പതിനഞ്ചു രൂപയോളം കിട്ടും.

"അതു മതിയോ വീട്ടുചിലവിനു്?"

പോരെങ്കിലും കിട്ടുന്നതുകൊണ്ട് വിഷമിച്ചു കഴിയുന്നു.

"ഭാര്യയും കുട്ടികളുമില്ലേ?" പെട്ടെന്ന് അവളൊന്നു പുഞ്ചിരിച്ചു.

ഇല്ല—. ഞാൻ വഴിവക്കത്തേക്കു ദൃഷ്ടികളയച്ചുകൊണ്ടു മറുപടി പറഞ്ഞു.

"എന്താ കല്യാണം കഴിക്കാത്തേ? കല്യാണം വേണ്ടെന്നോമറേറാ ആണോ പ്ലാൻ?"

"എന്നൊന്നുമില്ല. പക്ഷെ ഒരാളെക്കൂടെ സംരക്ഷിക്കാനുള്ള ബദ്ധപ്പാടാണു പ്രധാനം."

"അതൊക്കെ കൂട്ടത്തിലങ്ങു നടക്കുകില്ലേ?"

"എന്തിനാ—ഒരാളെക്കൂടെ പട്ടിണിക്കാധാരമാക്കുന്നേ—."

"ആകട്ടെ—ചിലവിനുപണമുണ്ടാക്കുന്നവളായാലോ?"

"അതൊന്നും നടപ്പില്ല. ചകരിപിരിച്ചാലും കൂലിവേലയെടുത്താലും എന്നാ-കിട്ടാനാ....ഉപ്പിനും മുളകിനും വക തന്നെ പ്രയാസം.'

"അല്ല-പത്തമ്പതു രൂപ പ്രതിമാസം ശമ്പളംകിട്ടുന്നവളായാലോ?"

"ഒരു തൊഴിലാളിസ്ത്രീക്കെങ്ങനാ അമ്പതുരൂപ പ്രതിമാസം കിട്ടുന്നേ. അതൊന്നും തൽക്കാലം നടപ്പില്ല."

"അല്ല —അവളൊരു ബി. ഏ. ക്കാരിയായാലോ-അമ്പതു രൂപ കിട്ടുകില്ലേ?"

"ബി. ഏ-ക്കാരിക്കു ചിലപ്പോഠം അമ്പതു രൂപ കിട്ടിയേക്കാം. പക്ഷെ-ഒരു തൊഴിലാളിയുടെ സ്ത്രീയെങ്ങിനാ ബി. ഏ-ക്കാരിയാകുന്നേ. കഞ്ഞിക്കു വകയില്ലാത്തവൻെറ ഭാര്യ ഡിഗ്രിക്കാരിയോ?"

"അല്ല-അങ്ങിനെ ഒരു സ്ത്രീ നിങ്ങളെ ഭർത്താവായി വരിച്ചാൽ നിങ്ങളെന്തുചെയ്യും?

"നടപ്പില്ലാത്ത കാര്യങ്ങളെപ്പററി എന്തിനുവെറുതേ ചിന്തിക്കുന്നു-.?"

"അല്ല—ഞാൻ ഒരു ബി. ഏ-ക്കാരി യുവതി. നിങ്ങളെ ഭത്താവായി സ്വീകരിക്കുന്നു. എന്തുപറയുന്നു?

ഞാൻ അവളുടെ മുഖത്തേക്കു സൂക്ഷിച്ചുനോക്കി. അതു ചുവന്നു മിന്നുന്നു. ആ ചുണ്ടുകൾ വിറയ്ക്കുന്നുണ്ടു്. കണ്ണുകൾ എൻെറമേൽ തറഞ്ഞുകയറുന്നു. അവളുടെ വാക്കുകൾ ഹൃദയത്തിൽനിന്നും പുറപ്പെട്ടതാണെന്നു തോന്നി.

ഞാൻ ചോദിച്ചു. "സഹോദരീ നിങ്ങൾ വെണ്ടരുടെ ഭാര്യയല്ലേ?

"ഓ—വെണ്ടരുടെ ഭാര്യ-. നിങ്ങൾക്കെത്ര വയസ്സുണ്ടു്?"

"ഇരുപത്തിയഞ്ചു്"

"ങ്ഹാ—കൊള്ളാം. എനിക്കു് ഇരുപത്തിയൊന്നും."

"മഹാപാപം പറയാതെ-.നിങ്ങൾ പഞ്ചാരപ്പള്ളിൽ വെണ്ടരുടെ ഭാര്യയല്ലേ?

"എന്തു ഭായ്യയാണു മിസ്റ്റർ. പണച്ചാക്കിൻെറ ഭാര്യയോ? അയാൾക്കു് അറുപത്തിരണ്ടു വയസ്സു്. എനിക്കു് ഇരുപത്തിയൊന്നും. എന്തൊരു ദാമ്പത്യമാണു്. ഞാൻ അയാളെ ബഹുമാനിക്കാം. ഒരു അപ്പപ്പനായി. പക്ഷേ—ഭത്താവായി വിചാരിക്കുക. അതിൽഭേദം മരണമാണു്. എൻെറ അമ്മയുടെ അഛൻെറ പ്രായമുള്ള വൃദ്ധൻ- —.

കഴിഞ്ഞ രണ്ടാഴ്ചകൾ ഞാൻ വീപ്പുമുട്ടുകയായിരുന്നു. നീറി നീറി മരിക്കുകയായിരുന്നു.

കഴിഞ്ഞയാഴ്ചയിൽ ഒരു പ്രഹരവും നടന്നു. ദാ— നോക്കൂ. ..

ആ യുവതി അവളുടെ പൊട്ടിക്കീറിയ കൈമുട്ടുകളും താടിയും കാണിച്ചു. വല്ലാതെ പതുക്കെറ്റിരിക്കുന്നു.

'-അയാളെന്നെ മർദ്ദിക്കുകയുംചെയ്തു. മറുപടിക്കുവേണ്ടി ഒരു സെക്കൻറുപോലും അയാൾ കാത്തുനിന്നില്ല. എന്റെ മുടിക്കെട്ടിൽ പിടിച്ചു നിർദ്ദയം വലിച്ചു. ദാ-ഈ മുററത്തെ കൽത്തറയിൽ പലപ്രാവശ്യം തള്ളിയിട്ടു. അടിക്കുകയും ചവിട്ടുകയും ചെയ്തു. ഞാനെന്തു ചെയ്യാനാണ്. എന്റെ അപ്പപ്പന്റെ പ്രായമുള്ള മനുഷ്യനെ-. എന്താ കാരണമെന്നോ-എന്റെ ഇളയച്ഛന്റെ മകൻ ഈ വഴിലൂടെ പോകുന്നതു കണ്ടു, ഞാൻ അയാളെ വിളിച്ചു. അയാൾ അകത്തേക്കു കയറിയില്ല. ഇവിടെ-ഗേററുങ്കൽതന്നെ നിന്നു സംസാരിച്ചു. ഞാൻ എന്റെ വിധിയെ പഴിച്ചു. അയാൾ സാന്ത്വനങ്ങളും. ഞാൻ നിന്നു കരഞ്ഞുപോയി· അപ്പോൾത്തന്നെ വൃദ്ധൻ ബാങ്കിൽനിന്നു വന്നു. അയാളെ കണ്ടയുടനെ-ഈ വിവാഹത്തിൽ വെറുപ്പുള്ള സഹോദരൻ നടന്നുകളഞ്ഞു.

അയാളെന്നെ സംശയിച്ചു. ഞാൻ കാമുകനുമായി ശൃംഗരിക്കുകയായിരുന്നുവെന്നും പറഞ്ഞു് ഒരു മർദ്ദനവും തുടങ്ങി"

അവൾ ഏങ്ങലടിച്ചു കരയുവാൻ തുടങ്ങി. എന്റെ പതറിയ ഹൃദയവും അലിഞ്ഞുതുടങ്ങി.

അവൾ തുടൻു—

"—സ്നേഹിതാ— എന്തായാലും ഈ ഭാരമേറിയ കുരിശു് എനിക്കു താങ്ങുവാൻ വയ്യാ. ഒന്നു് ഇറക്കിവയ്ക്കണം. നിങ്ങളെന്നെ സഹായിക്കണം. ഇല്ലെങ്കിൽ ഞാൻ—ഞാൻ — —." അവൾ പൊട്ടിക്കരഞ്ഞു.

വീണ്ടും പറഞ്ഞുതുടങ്ങി—.

"എന്തു പറയുന്നു. നിങ്ങൾക്കു ദയവുണ്ടോ—? ധൈര്യമുണ്ടോ—?"

അവളുടെ ധീരതയുടെയും പ്രത്യാശയുടെയും പ്രവാഹം എൻെറ മേൽ ആഞ്ഞടിക്കുന്നു. അവളുടെ ദുഃഖത്തിൽ എൻെറ ഹൃദയം അലിഞ്ഞുചേരുന്നു. എൻെറ മനുഷ്യത്വം ആഞ്ഞുലഞ്ഞു. ഞാൻ സ്നേഹിക്കുന്ന — എന്നെ ഹൃദയപൂർവ്വമാരാധിക്കുന്ന ഒരു വേലക്കാരൻെറ പുത്രിയായ ഓമനയുടെ മുഖം എൻെറ മനസ്സിൽ തെളിഞ്ഞു മിന്നി. ഞാൻ പറഞ്ഞു.

"ഇല്ല—സഹോദരീ – സാദ്ധ്യമല്ല. ഞാൻ ഒരു സ്ത്രീയെ മനസാ വരിച്ചുപോയി. അതു തുടച്ചുനീക്കുവാൻ സാദ്ധ്യമല്ല. അവളാണു് എനിക്കു കൂടുതൽ യോജിക്കുന്നതു്. അവളും എന്നെപ്പോലെ ഒരു അദ്ധ്വാനിയുടെ സന്താനമാണു്. സഹനശക്തിയും ആരോഗ്യവും അവൾക്കു വേണ്ടത്രയുണ്ടു്. അവളെന്നെ അനുസരിക്കും. നിങ്ങൾ ഒരു മാന്യൻെറ ഭാര്യയായിരിക്കുക."

"അതേ—ഞാനും ഒരാളെ പ്രേമിച്ചതാണു്. പക്ഷേ—വീട്ടുകാർ ഈ പണച്ചാക്കിനു് എന്നെ വിററു. അദ്ദേഹം വിവരമറിഞ്ഞു് പുറപ്പെട്ടുപോയി. എവിടെയെന്നു യാതൊരു വിവരവുമില്ല. ആത്മഹത്യചെയ്തുവെന്നും കേൾക്കുന്നു. ഞാൻ നിങ്ങളെ മനസാ വരിക്കുന്നു. എനിക്കു് ഒരു മാന്യൻെറയും ഭാര്യയായിരിക്കേണ്ടാ. ഹൃദയമുള്ള ചെറുപ്പക്കാരൻെറ ഭാര്യയായിരുന്നാൽ മതി."

"സഹോദരീ—ഞാൻ ആരോഗ്യവാനല്ല. രോഗിയാണു്. വദ്ധിച്ച അദ്ധ്വാനവും ചുരുങ്ങിയ ആഹാരവുംകൂടി ഞങ്ങളെ രോഗികളാക്കി മാററിക്കഴിഞ്ഞു. ക്ഷയരോഗികൾ!

"സാരമില്ല. ഞാൻ നിങ്ങൾക്കുവേണ്ടി ജോലിചെയ്തു ശമ്പളം വാങ്ങും. എന്തു ജോലിയും. ഉറക്കമിളച്ചിരുന്നു ശുശ്രൂഷിക്കും."

ഞാൻ മൂകനായിപ്പോയി. യാതൊന്നും മറുപടി കാണാതെ വേഗത്തിൽ നടന്നുകളഞ്ഞു.

അവരുടെ വാക്കുകൾ എൻെറ ഹൃദയത്തെ പൊളിക്കുന്നു. അഛൻെറ ഞരക്കവും അനുജൻെറ ചുമയും തലച്ചോറിനുള്ളിൽ മാറെറാലിക്കൊള്ളുന്നു.

അടുത്ത ദിവസവും ഞങ്ങൾ ഫാക്ടറിയിലേക്കു പുറപ്പെട്ടു. ആ സ്ത്രീ ഉടുത്തൊരുങ്ങി നില്ക്കുന്നു. ഗേററിന്നരുകിൽ. ഞങ്ങളെ കണ്ടയുടനെ ഒരു കോവണിഗേററിൽ ചാരി. ചാടിക്കയറി. സാവധാനം വഴിയിൽ ഇറങ്ങുവാൻ ശ്രമിക്കുന്നു. കാലുകൾ തെററി. കയ്യുടെ പിടിവിട്ടു. നിലത്തു വീണു. ഞങ്ങൾ ഒരുമിനിററുനോക്കി നിന്നുപോയി.

ആ സ്ത്രീ ഞങ്ങളുടെ നേരേ ഓടിവന്നു. എൻെറ കയ്യിൽ കടന്നുപിടിച്ചു. ഞാൻ വിടുവിക്കുവാൻ ശ്രമിച്ചു. അവർ ബലമായിപിടിച്ചുകൊണ്ടു് നേരേ നടന്നുപോയി. കൂട്ടുകാർ അത്ഭുതത്തോടെ ഞങ്ങളെ അനുധാവനം ചെയ്തു. ഞാൻ വളരെ ശ്രമിച്ചു. എങ്കിലും എനിക്കൊന്നും ശബ്ദിക്കുവാൻ കഴിഞ്ഞില്ല. വഴിയിൽ പലരും അത്ഭുതത്തോടെ തുറിച്ചുനോക്കി.

രണ്ടുമൂന്നു ഫർലാങ്ങ് നടന്നുകാണും. ഒരു ഗവൺമെൻറ് ഓഫീസിനുള്ളിലേക്കു കടന്നു. എൻെറ കൂട്ടുകാരും കൂടെയുണ്ടു്.

ഒരു ഫാറത്തിൽ ചിലതെല്ലാമെഴുതി, രണ്ടുപേരും ഒപ്പുവച്ചു. രണ്ടുപേർ സാക്ഷിയും നിന്നു.

ഞങ്ങൾ പുറത്തിറങ്ങി. ഒരു കാറിൽ വെണ്ടറും എത്തിക്കഴിഞ്ഞു. അയാൾ സ്ത്രീയെ കടന്നുപിടിച്ചു. അവൾ ബലമായി അയാളുടെ കൈകൾ തട്ടിക്കളഞ്ഞു. എന്നിട്ട്-"എന്നെരക്ഷിക്കൂ ..."എന്നുപറഞ്ഞുകൊണ്ട്ഞങ്ങളുടെ നേരെ കൈകൾ നീട്ടി.

അവൾ ഇപ്പോൾ എൻെറ കുടിലിലുണ്ട്. ഉദ്യോഗം അന്വേഷിക്കുന്നു. ഞാൻ മൂകനായി കഴിഞ്ഞുകൂടുകയാണ്. ഇപ്പോഴും ഒരു ഭാര്യയായി എൻെറ മനസ്സു സ്വീകരിച്ചിരിക്കുന്നതു് ഓമനയേയാണ്. വിദ്യാഭ്യാസവും പരിഷ്ക്കാരവുമില്ലാത്ത ഓമനയെ. ഈ യുവതി ഒരു ഭാര്യയെപ്പോലെ എന്നെ ശുശ്രൂഷിക്കുന്നു. വീട്ടിലുള്ളവരെ സേവിക്കുന്നു. ഞങ്ങളുടെ പട്ടിണിയിൽ സഹകരിക്കുന്നു. ഒരു ഭർത്താവിനെപ്പോലെ പെരുമാറുവാൻ എന്നെ നിർബ്ബന്ധിക്കുന്നു.

എൻെറ ഓമനയുടെ മൂകമായപ്രേമം! അവളിൽ എനിക്കുള്ള ഹൃദയപൂർവ്വമായ പ്രേമം! ഈ യുവതിയുടെ നിർഭാഗ്യവാനായ കാമുകൻെറ പ്രേമം! അവളുടെ പ്രേമം! ഇപ്പോഴത്തെ ബന്ധം!

സ്നേഹിതാ-വാസ്തവത്തിൽ ഈ എല്ലാ ഹൃദയങ്ങളും കരിയുകയാണ്. കരിഞ്ഞുപൊടിയുകയാണ്. ഞാൻ എന്തു ചെയ്യണം?

എൻെറ തൊഴിലാളി സ്നേഹിതൻെറ കഥകൾ എന്നെ ഞെട്ടിച്ചു.

ഈ കഥ കേട്ടുകൊണ്ടിരുന്ന ഒരു വിദ്യാർത്ഥിനി പറയുകയാണ് "ഇന്നത്തെ വ്യവസ്ഥിതിയുടെ തകരാറുകൾ!"

**KOTTAYAM PUBLIC LIBRARY**

KOTTAYAM.

Cl. No. ME 9 Acc. No. 80716

This book should be returned on or before the date last stamped below.

-9 JUN 1987

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

11F9 807/5

Jos. N

ജോൺ ഡൈപ്പുക്കാരി

നാടികരംഗങ്ങൾ